RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളററിൻ



Vol. 11 2020 September No.09

## പൗരോഹിത്യ ശുശ്രൂഷയിൽ
## 25 വർഷങ്ങൾ പിന്നിടുന്ന
### ബഹു. വൈദികർക്ക്
### ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ**
പൗരോഹിത്യ സ്വീകരണം 29–08–1996



**റവ.ഫാ. ജോസഫ് പരുവുമ്മേൽ**
പൗരോഹിത്യ സ്വീകരണം 31–08–1996

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 സെപ്റ്റംബർ - 2020 ലക്കം 09**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

സർക്കുലർ ........................................................ 06
സർക്കുലർ ........................................................ 08
ദൈവാഭിമുഖ്യമുള്ള ജീവിതം .................................... 13
രൂപതാകച്ചേരി വാർത്തകൾ ..................................... 20
വൈദികരുടെ മാസധ്യാനം ....................................... 27
മതബോധനരംഗം .................................................. 31
ചെറുപുഷ്പ മിഷൻലീഗ് ........................................... 32
കെ.സി.വൈ.എം. ..................................................... 42
കുടുംബപ്രേഷിതത്വം ............................................... 51
സീയോൻ വാർത്തകൾ .............................................. 56
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................... 57
*Department of Youth Ministry* ..................................... 59
സാമൂഹ്യ സേവനരംഗം (WSSS) ................................. 67
ബയോവിൻ അഗ്രോ റിസർച്ച് ..................................... 73
കത്തോലിക്കാ കോൺഗ്രസ് ........................................ 75
റേഡിയോ മാറ്റൊലി ................................................. 78
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ......................... 82
*Mary Matha Arts & Science College* ............................ 86
വിദ്യാഭ്യാസ മേഖല ................................................ 89

*Prot. No. 0989/2020*

# സർക്കുലർ

## എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയുംക്കുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽ നിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച്

പ്രാർത്ഥിക്കുമ്പോൾ ദൈവസിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:-** ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# സർക്കുലർ

***Circular Letter No. 21/2020***
***Prot. No. 23513/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളേ,

കൊറോണ വൈറസ് ബാധിച്ചുള്ള മരണങ്ങൾ നമ്മുടെ നാട്ടിൽ കൂടി വരുന്ന സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. നാം വളരെയേറെ ശ്രദ്ധയോടെ സമൂഹത്തിൽ വ്യാപരിക്കേണ്ട സമയമാണിത്. നമ്മൾ മൂലം ആർക്കും വൈറസ് ബാധ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്താൻ നമുക്കോരോരുത്തർക്കും ഗൗരവമായ കടമയുണ്ട്. ഈ സാഹചര്യത്തിൽ കൊറോണാ വൈറസ് ബാധിച്ച് മരിച്ചവരുടെ മൃതസംസ്ക്കാരവുമായി ബന്ധപ്പെട്ട് സർക്കാർ തന്നിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ ഇടവകകളിൽ പാലിക്കപ്പെടുന്നുണ്ട് എന്ന് കാണുന്നതിൽ ഏറെ സന്തോഷമുണ്ട്.

വൈറസ് ബാധയിൽ മരണമടഞ്ഞവരുടെ മൃതസംസ്ക്കാരം സംബന്ധിച്ചും സർക്കാർ വളരെ കർശനമായ നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. വൈകാരികമായി നമുക്ക് വളരെ വേദന ഉളവാക്കുന്നവയാണ് അവയെങ്കിലും പൊതുനന്മയെ കരുതി നാം അതു പാലിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ ഇടവകകളിൽ കൊറോണാ വൈറസ് ബാധിച്ച് ആരെങ്കിലും മരിച്ചാൽ അവരുടെ മൃതസംസ്ക്കാരം നമ്മുടെ സിമിത്തേരികളിൽ നടത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് താഴെ കൊടുക്കുന്നത്. മരണമടഞ്ഞവരുടെ ബന്ധുമിത്രാദികളും ബഹുമാനപ്പെട്ട ഇടവകവികാരിയച്ചന്മാരും ആ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി മനസിലാക്കി സംസ്ക്കാരം നടത്താൻ ശ്രദ്ധിക്കുമല്ലോ.

ഈ സർക്കുലറിനോടൊപ്പം ഈ രീതിയിലുള്ള മൃതസംസ്ക്കാരത്തിന് ഉപയോഗിക്കേണ്ട പ്രാർത്ഥനാക്രമവും കൊടുത്തിട്ടുണ്ട്. പലവിധ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് സാധാരണ നമ്മൾ ഉപയോഗിക്കുന്ന ക്രമം ഉപയോഗിച്ച് ദീർഘമായ ചടങ്ങുകൾ അനുവദനീയമല്ലാത്ത സാഹചര്യത്തിലാണ് ഈ ക്രമത്തിന് രൂപം കൊടുത്തിട്ടുള്ളത്. മറ്റ് രൂപതകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ തന്നെയാണ് നമ്മളും സ്വീകരിച്ചിരിക്കുന്നത്.

**കൊറോണാ വൈറസ് ബാധിച്ച് മരണമടഞ്ഞവരുടെ മൃതസംസ്ക്കാരം സംബന്ധിച്ച നിർദ്ദേശങ്ങൾ**

1. മരിച്ചയാളുടെ ബന്ധുക്കളോ മിത്രങ്ങളോ ഉടൻ തന്നെ സ്ഥലം വികാരിയച്ചനെ അറിയിക്കുക.
2. വികാരിയച്ചന്മാർ ഉടൻ വീട്ടിൽ പോകേണ്ടതില്ല. അതുപോലെ തന്നെ മരിച്ചയാളുമായി സമ്പർക്കത്തിൽ ഉണ്ടായിരുന്നവരുമായി ഇടപഴകുകയും ചെയ്യാതിരിക്കുക.
3. എത്രയും പെട്ടെന്ന് സ്ഥലം വാർഡ് അഥവാ ഡിവിഷൻ മെമ്പർ, ഹെൽത്ത് ഇൻസ്പെക്ടർ, പോലീസ് അധികാരികൾ എന്നിവരെ അറിയിക്കുക.
4. അതുപോലെ തന്നെ നിലമ്പൂർ-മണിമൂളി മേഖലയും ഗൂഡല്ലൂർ മേഖലയും ഒഴികെയുള്ള സ്ഥലങ്ങളിലെ ഇടവകകളിൽ നിന്നുള്ളവർ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട പോൾ മുണ്ടോളിക്കലച്ചനെ വിവരം അറിയിക്കുക (ഫോൺ: 9447092067). നിലമ്പൂർ-മണിമൂളി മേഖലയിലുള്ളവർ ആ പ്രദേശത്തിന്റെ ഉത്തരവാദിത്വമുള്ള സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചനെയും (ഫോൺ: 8590584605) ഗൂഡല്ലൂർ മേഖലയിലുള്ളവർ ബഹുമാനപ്പെട്ട വിൻസെന്റ് കളപ്പുര അച്ചനെയും അറിയിക്കുക (ഫോൺ: 8281257853).
5. മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്താനുള്ള സംവിധാനങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്ന് ഏകോപിപ്പിക്കുന്നത് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ബഹുമാനപ്പെട്ട പോൾ കൂട്ടാല അച്ചനാണ്. അച്ചനെയും വിവരം അറിയിക്കുക (ഫോൺ: 9497809310).

ഈ ആവശ്യത്തിന് ബന്ധപ്പെടാവുന്ന വ്യക്തികളുടെ ഫോൺ നമ്പറുകൾ താഴെ ചേർക്കുന്നു.

ജനറൽ കോർഡിനേറ്റർ: ഫാ. പോൾ കൂട്ടാല – **9497809310,**

ജനറൽ മാനേജർ: ഫാ. ഷിജു ഐക്കരക്കാനായിൽ – **9745735119,**

ജനറൽ ക്യാപ്റ്റൻ: ബിബിൻ ചെമ്പക്കര – **9496343949,**

(എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ: ഫാ. ആന്റോ മമ്പള്ളിൽ, ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ, ഡോക്ടർ സാജു കൊല്ലപ്പള്ളിൽ)

6. ഇവരുടെ നിർദ്ദേശപ്രകാരം മൃതസംസ്ക്കാരത്തിനുള്ള ക്രമീകരണം എങ്ങനെ ചെയ്യണം എന്ന് മരിച്ചയാളുടെ ബന്ധുക്കളുമായി ആലോചിച്ച് തീരുമാനിക്കുക.

7. മരണം വൈറസ് ബാധമൂലമാണോ എന്ന് സംശയമുള്ള സാഹചര്യങ്ങളിൽ വിവരം അടുത്തുള്ള ഹെൽത്ത് ഇൻസ്പെക്ടറെ അറിയിച്ചാൽ അവർ ആംബുലൻസ് അയച്ച് മൃതദേഹം കൊണ്ടുപോയി സ്രവമെടുത്ത് ടെസ്റ്റ് ചെയ്ത ശേഷം ഫലം പോസിറ്റീവാണെങ്കിൽ മൃതദേഹം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം തയ്യാറാക്കി സംസ്ക്കരിക്കാൻ വിട്ടു തരും. നേരെ മറിച്ച് ഫലം നെഗറ്റീവാണെങ്കിൽ സാധാരണരീതിയിൽ സംസ്ക്കരിക്കാൻ വിട്ടു തരും.

8. **സന്നദ്ധപ്രവർത്തകർ:** ഓരോ ഫൊറോനയിലും ചുരുങ്ങിയത് 5 (അഞ്ച്) പേരെങ്കിലും അടങ്ങിയ സന്നദ്ധസംഘത്തെ രൂപീകരിക്കണം. സംഘത്തിൽ ഉൾപ്പെടുന്നവർ 20 നും 45 നും മധ്യേ പ്രായമുള്ളവരും രോഗങ്ങൾ ഒന്നും ഇല്ലാത്തവരും ആയിരിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഫൊറോനാവികാരിയച്ചന്മാർ നേതൃത്വമെടുക്കണം. അതിനായി അതാത് ഫൊറോനായിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും സംഘടനാനേതാക്കന്മാരുടെയും സഹകരണം ഉണ്ടാകണം. അങ്ങനെ രൂപീകരിക്കുന്ന സന്നദ്ധസംഘങ്ങളുടെ ഉത്തരവാദിത്വപ്പെട്ടവരെ ബന്ധപ്പെടാനും ഫോൺ നമ്പരും മറ്റും എല്ലാ ഇടവകകളിലും രൂപതാ കേന്ദ്രത്തിലും അറിയിക്കണം. നിലമ്പൂർ മണിമൂളി മേഖലയിൽ ബഹുമാനപ്പെട്ട തോമസ് മണക്കുന്നേൽ അച്ചനെയും നീലഗിരി മേഖലയിൽ ബഹുമാനപ്പെട്ട വിൻസെന്റ് കളപ്പുര അച്ചനെയും അറിയിക്കണം.

9. വലിയ ഇടവകകളിൽ അവർക്ക് തനതായി സന്നദ്ധസംഘങ്ങൾ രൂപീകരിക്കുന്നത് നല്ലതാണ്. അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അവരുടെ വിവരവും മേൽപ്പറഞ്ഞവരെ അറിയിക്കണം.

10. സന്നദ്ധസംഘങ്ങൾക്ക് ആവശ്യമായ പരിശീലനകാര്യങ്ങൾ ക്രമീകരിക്കാൻ ബഹുമാനപ്പെട്ട പോൾ കൂട്ടാലയച്ചനെ സമീപിക്കുക. അതുപോലെ അവർക്കാവശ്യമായ PPE കിറ്റ് തുടങ്ങിയവയ്ക്കും അച്ചനെ സമീപിക്കാവുന്നതാണ്.

11. PPE കിറ്റ് ഉപയോഗിച്ച് സംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുക്കുന്നവർ ക്വാറന്റൈനിൽ പോകേണ്ടതില്ല. അല്ലാതെ പങ്കെടുക്കുന്നവർ സർക്കാർ നിയമപ്രകാരം പോകണം.

12. മൃതദേഹം വഹിക്കുന്ന പെട്ടിയും കുഴിയും തയ്യാറാക്കുന്നതിലും സർക്കാർ നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇപ്പോഴത്തെ നിബന്ധനയുസരിച്ച് കല്ലറകളിലോ വോൾട്ടുകളിലോ സംസ്ക്കരിക്കാൻ അനുവാദമില്ല. കുഴിയെടുക്കാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ സിമിത്തേരിയോടു ചേർന്നുള്ള സ്ഥലമുണ്ടെങ്കിൽ ഉപയോഗിക്കാം: ഇല്ലെങ്കിൽ മറ്റ് സാധ്യതകൾ തേടേണ്ടതാണ്. അടുത്ത ഇടവകയിൽ സാധ്യതയുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

13. **ദഹിപ്പിക്കൽ:** സ്വന്തം ഇടവകയിലെയോ മറ്റ് ഇടവകകളിലേയോ സിമിത്തേരികളിൽ സംസ്ക്കരിക്കാനുള്ള സാധ്യത ഇല്ലെങ്കിൽ മൃതദേഹം ദഹിപ്പിച്ച് ഭൗതികാവശിഷ്ടം പെട്ടിയിലാക്കി സാധാരണ കുഴിയിൽ സംസ്ക്കരിക്കാവുന്നതാണ്. അതത് പ്രദേശത്ത് ദഹിപ്പിക്കാനുള്ള സൗകര്യം എവിടെയൊക്കെയാണ് എന്ന് ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി അറിഞ്ഞിരിക്കേണ്ടതാണ്.

14. **മൃതസംസ്ക്കാരശുശ്രൂഷകൾ:** വൈദികരുടെ പ്രാർത്ഥനാ ശുശ്രൂഷകൾ വീട്ടിലും പള്ളിയിലും ഉണ്ടായിരിക്കുകയില്ല. മൃതദേഹം ആവശ്യമായ ക്രമീകരണങ്ങളോടെ സിമിത്തേരിയിൽ നേരിട്ട് എത്തിച്ച് പ്രത്യേകം നിയോഗിക്കപ്പെട്ട വൈദികരുടെ കാർമ്മികത്വത്തിൽ ഇതിനായി തയ്യാറാക്കിയ ലളിതമായ ക്രമം ഉപയോഗിച്ചായിരിക്കും സംസ്ക്കാരം നടത്തുന്നത്.

15. നേതൃത്വം കൊടുക്കുന്ന വൈദികൻ 65 വയസിനു മുകളിൽ പ്രായമില്ലാത്തയാളും മറ്റ് രോഗങ്ങൾ ഇല്ലാത്തയാളുമായിരിക്കണം. മാസ്ക്ക് ധരിച്ച് മൃതദേഹത്തിൽ നിന്ന് 5 മീറ്റർ അകലം പാലിച്ചായിരിക്കണം വൈദികൻ നിൽക്കുന്നത്. പി.പി.ഇ. കിറ്റ് ധരിച്ചാണ് വൈദികൻ നിൽക്കുന്നതെങ്കിൽ ഈ നിബന്ധന ബാധകമല്ല. സംസ്ക്കാരത്തിൽ പങ്കെടുക്കുന്ന മറ്റെല്ലാവർക്കും ഈ നിബന്ധന ബാധകമാണ്.

16. സംസ്ക്കാരശുശ്രൂഷകളിൽ പരമാവധി 20 പേരിൽ കൂടുതൽ പങ്കെടുക്കാൻ പാടുള്ളതല്ല. മരിച്ചയാളുമായി സമ്പർക്കത്തിൽ ഉണ്ടായിരുന്നവരും അതിനാൽ ക്വാറന്റൈനിൽ പോകാൻ നിർദ്ദേശിക്കപ്പെട്ടവരുമായ ആരും സംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുക്കാൻ പാടുള്ളതല്ല.


17. വൈറസ് വ്യാപന സാധ്യത പരിഗണിച്ച് മരിച്ചയാളുടെ വീട്ടിൽ പ്രാർത്ഥനയ്ക്കും മറ്റുമായി ആരും പോകാതിരിക്കാൻ ശ്രദ്ധിക്കണം.

മരിച്ചയാളുടെ കുടുംബാംഗങ്ങൾക്ക് തീർച്ചയായും ആശ്വാസവും സാന്ത്വനവും ആവശ്യമുണ്ട്. ആക്കര്യങ്ങൾ മറ്റ് രീതികളിൽ നൽകേണ്ടതാണ്. ഇക്കാര്യങ്ങൾ ഓരോ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഏതെങ്കിലും മാർഗ്ഗത്തിലൂടെ ഇടവകക്കാരെയും കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബക്കൂട്ടായ്മാ ഭാരവാഹികൾ, സംഘടനാഭാരവാഹികൾ എന്നിവരെയും അറിയിച്ച് ആവശ്യമായ സഹായസഹകരണങ്ങൾ തേടുകയും എല്ലാവരെയും ഒരുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

കൊറോണാ വൈറസ് വ്യാപനം എത്രയും വേഗം അവസാനിച്ച് ജനജീവിതം പൂർവ്വസ്ഥിതിയിലേക്ക് തിരിച്ച് വരാൻ തീക്ഷ്ണമായി നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ തന്നെ കഴിഞ്ഞ വർഷങ്ങളിലേതു പോലെ പ്രളയവും മറ്റും സംഭവിക്കാതിരിക്കാനും പ്രാർത്ഥിക്കാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ഓഗസ്റ്റ് മാസം 4 ന് നൽകപ്പെട്ടത്.



**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

## ദൈവാഭിമുഖ്യമുള്ള ജീവിതം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: യാക്കോബ് 4,1-17)**

ലോകമൈത്രി ദൈവത്തോടുള്ള ശത്രുതയാണ്. ദൈവത്തിന്റെ മാർഗ്ഗവും ലോകത്തിന്റെ മാർഗ്ഗവും രണ്ടു ധ്രുവങ്ങളിലാണ് എന്ന വസ്തുതയാണ് ഈ അദ്ധ്യായം എടുത്തുപറയുന്നത്. അതുകൊണ്ട് നാം എപ്പോഴും ദൈവോന്മുഖരായി ജീവിക്കണമെന്ന് യാക്കോബ് ശ്ലീഹാ ഈ അദ്ധ്യായത്തിൽ എടുത്തുപറയുന്നു.

**ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം.**

1. ലൗകിക താല്പര്യങ്ങളെ നിയന്ത്രിക്കുക (4,1-4)
2. ദൈവാരൂപിയോടു ചേർന്നു ജീവിക്കുക (4,5-10)
3. ആരെയും വിധിക്കരുത് (4,11-12)
4. ദൈവവിചാരത്തോടെ ജീവിക്കുക (4,13-14)
5. ദൈവഹിതം ജീവിതത്തിന്റെ മാനദണ്ഡമാക്കുക (4,15-17)

ഈ അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ പുരോഹിതരുടെ ആദ്ധ്യാത്മികതയെപ്പറ്റി ചിന്തിക്കുവാൻ നമുക്കു ശ്രമിക്കാം.

### 1. ലൗകിക താല്പര്യങ്ങളെ നിയന്ത്രിക്കുക

“നിങ്ങളുടെയിടയിൽ തർക്കങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടാകുന്നത് എങ്ങനെയാണ്? നിങ്ങളുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളിൽ നിന്നല്ലേ അവ ഉണ്ടാകുന്നത്? ... വിശ്വസ്തത പുലർത്തുന്നവരേ, ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്നു നിങ്ങൾ അറിയുന്നില്ലേ? ലോകത്തിന്റെ മിത്രമാകാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ ദൈവത്തിന്റെ ശത്രുവാക്കുന്നു” (4,1.4).

സമൂഹത്തിൽ നിലനില്ക്കുന്ന തർക്കങ്ങളിലേക്കും ഏറ്റുമുട്ടലുകളിലേക്കും വിരൽചൂണ്ടുന്ന ശ്ലീഹാ, അവയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ അവയവങ്ങളിൽത്തന്നെ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളെയാണ് (4,1). കാരണം, ദുരാഗ്രഹം പാപത്തിലേക്കും മരണത്തിലേക്കും നയിക്കും (1,14-15). മനുഷ്യപ്രകൃതിതന്നെ പാപബദ്ധമാണ്, അതായത് ദുരാശകൾ അഥവാ ലൗകികതാല്പര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈശോ പത്രോസിനെ ശകാരിച്ച രംഗം ഇതിനെ ഉദാഹരിക്കുന്നുണ്ട്. താൻ ജറുസലേമിലേക്കു പോകണമെന്നും സഹിക്കണമെന്നും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കണമെന്നുമൊക്കെ പറ

ഞ്ഞപ്പോൾ, 'നിനക്കിതൊന്നും സംഭവിക്കാതിരിക്കട്ടെ' എന്ന് പത്രോസ് പറഞ്ഞു. ഇതു പറയാൻ പത്രോസിനെ പ്രേരിപ്പിച്ചത് പത്രോസിന്റെ മാനുഷികസ്നേഹമാണ്. പക്ഷേ, അപ്പോൾ ഈശോ പത്രോസിനെ ശാസിച്ചുകൊണ്ടു പറഞ്ഞു: "സാത്താനേ, എന്റെ പിന്നിൽ പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്താ 16,23). മാനുഷികതയിൽ സാത്താന്റെ കെണിയുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു.

ഈ മാനുഷികതയെ അതിജീവിച്ച് ദൈവികമായി പ്രവർത്തിക്കണമെങ്കിൽ പ്രാർത്ഥനയിലൂടെ ദൈവികശക്തി ആർജ്ജിക്കണം. അതു സാധിക്കാതെ വരുന്നത് അവരുടെ പ്രാർത്ഥനയിലുള്ള കുറവുകൊണ്ടാണ്. അതായത്, പ്രാർത്ഥനയിൽപോലും മാനുഷികതാല്പര്യങ്ങൾ കടന്നുവരുന്നു. പലപ്പോഴും നമ്മൾ പ്രാർത്ഥിക്കുന്നതും നമ്മുടെ മാനുഷിക ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കുംവേണ്ടിയാണ്. അതുകൊണ്ടു പ്രാർത്ഥിക്കുന്നതു ലഭിക്കാതെയും വരുന്നു. ദൈവഹിതമനുസരിച്ചു പ്രാർത്ഥിക്കുകയാണെങ്കിൽ ദൈവഹിതമനുസരിച്ചു ജീവിക്കുന്നതിനുള്ള ശക്തിയും നമുക്കു ലഭിക്കും. പുരോഹിതൻ ദൈവത്തിന്റെ മനുഷ്യനാണ്. അതുകൊണ്ടു ദൈവഹിതമനുസരിച്ചുള്ള പ്രാർത്ഥനയിലൂടെ ശക്തിപ്രാപിച്ച്, മാനുഷികതാല്പര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് ദൈവത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവനായിരിക്കണം. അല്ലെങ്കിൽ ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയായി മാറും (1,4).

**2. ദൈവാരൂപിയോടു ചേർന്നു ജീവിക്കുക**

"നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു എന്ന തിരുവെഴുത്തു വൃഥാ ആണെന്നു നിങ്ങൾ വിചാരിക്കുന്നുവോ? അവിടുന്നു കൃപാവരം ചൊരിയുന്നു. അതുകൊണ്ടാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്: ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപ കൊടുക്കുകയും ചെയ്യുന്നു. ആകയാൽ ദൈവത്തിനു വിധേയരാകുവിൻ; പിശാചിനെ ചെറുത്തുനില്ക്കുവിൻ, അപ്പോൾ അവൻ നിങ്ങളിൽനിന്ന് ഓടി അകന്നുകൊള്ളും. ദൈവത്തോടു ചേർന്നുനില്ക്കുവിൻ, അവിടുന്നു നിങ്ങളോടും ചേർന്നുനില്ക്കും. പാപികളേ നിങ്ങൾ കരങ്ങൾ ശുചിയാക്കുവിൻ. സന്നിഗ്ദ്ധമനസ്കരേ, നിങ്ങളുടെ ഹൃദയങ്ങൾ ശുചിയാക്കുവിൻ" (4,5-8).

മാനുഷികതാല്പര്യങ്ങളെ നിയന്ത്രിച്ച് ദൈവത്തോടു ചേർന്നു ജീവിക്കണമെങ്കിൽ ദൈവാരൂപിയോടു ചേർന്നു ജീവിക്കേണ്ടതുണ്ട്. അരൂപി ശക്തിയാണ്. ഈശോ ശിഷ്യന്മാരെ സുവിശേഷപ്രഘോഷണത്തിനായി പറഞ്ഞു വിടുമ്പോൾ പരിശുദ്ധാരൂപിയെ നല്കിക്കൊണ്ടാണ്

അതു നിർവഹിക്കുന്നത്: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചു കൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,21-22). ലൂക്കാ സുവിശേഷകൻ പരിശു ദ്ധാരൂപിയെ വിശേഷപ്പിക്കുന്നത് 'ദൈവത്തിന്റെ ശക്തി' എന്നാണ്: "പരി ശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവ സിക്കും" (ലൂക്കാ 1,35). സുവിശേഷപ്രഘോഷണത്തിനായി പറഞ്ഞ യയ്ക്കുമ്പോൾ ഈശോ ശിഷ്യരോടു പറയുന്നു: "ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). അതുകൊണ്ട് അരൂപിയാകുന്ന ശക്തി ധരിച്ചുകൊണ്ട് അരൂപി യോടു ചേർന്നു ജീവിക്കുവാൻ എല്ലാ ക്രൈസ്തവർക്കും കഴിയണം.

നമുക്കെല്ലാവർക്കും പരിശുദ്ധാരൂപി നല്കപ്പെട്ടിട്ടുണ്ട്. നാം അരൂ പിയാലും ജലത്താലും ജനിച്ചവരാണ് (യോഹ 3,5). പരിശുദ്ധ കുർബാന യിലൂടെയും കൂദാശകളിലൂടെയും നമുക്കു പരിശുദ്ധാരൂപി നിരന്തര മായി നല്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. പക്ഷേ, ഇതേപ്പറ്റിയുള്ള അവ ബോധത്തോടുകൂടി ക്രിസ്തീയജീവിതം നയിക്കുന്നതിൽ നമ്മിൽ പലരും പരാജയപ്പെടുന്നു. അതുകൊണ്ടു മാനുഷിക താല്പര്യങ്ങൾക്ക് അടിമപ്പെട്ട് പലപ്പോഴും ജീവിക്കുന്നു. പുരോഹിതർക്ക് പരിശുദ്ധാരൂപി പ്രത്യേകമായി നല്കപ്പെടുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ കൃപാവരത്താ ലാണല്ലോ സഭയിൽ പൗരോഹിത്യപദവികൾ നല്കപ്പെടുന്നത് (കുർബാനയിലെ കൈവയ്പ്പു പ്രാർത്ഥന). പുരോഹിതൻ സ്വർഗ്ഗ ത്തിൽനിന്നും പരിശുദ്ധാരൂപിയെ വിളിച്ചിറക്കുന്നവനുമാണ് (റൂഹാ ക്ഷണപ്രാർത്ഥന). അതുകൊണ്ട് അരൂപിയോടു ചേർന്നു ജീവിക്കുവാൻ പ്രത്യേകമായി കടപ്പെട്ടവരുമാണ്. ഇതു സാദ്ധ്യമാകണമെങ്കിൽ പ്രാർത്ഥനാജീവിതം നയിക്കണം. കാരണം, അരൂപിയോടുള്ള തുറവി അതിന്റെ തനിമയിൽ യാഥാർത്ഥ്യമാകുന്നത് പ്രാർത്ഥനാനിമിഷങ്ങളി ലാണ്. അതുകൊണ്ടു പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയിൽ ശക്തി പ്രാപിച്ച് മാനുഷിക ബലഹീനതകളെ അതിജീവിച്ചും കൂദാശാ പരികർമ്മത്തിലൂടെ അരൂപിയെ നല്കിയും തങ്ങളുടെ ശുശ്രൂഷ നിർവ ഹിക്കുവാൻ പുരോഹിതർ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

**3. ആരെയും വിധിക്കാതിരിക്കുക**

"സഹോദരരേ, നിങ്ങൾ പരസ്പരം എതിർത്തു സംസാരിക്കരുത്. സഹോദരനെതിരായി സംസാരിക്കുകയോ സഹോദരനെ വിധിക്കു കയോ ചെയ്യുന്നവൻ, നിയമത്തിനെതിരായി സംസാരിക്കുകയും നിയ മത്തെ വിധിക്കുകയും ചെയ്യുന്നു. നിയമത്തെ വിധിക്കുന്നെങ്കിൽ, നീ നിയമം അനുസരിക്കുന്നവനല്ല; മറിച്ച്, അതിന്റെ വിധികർത്താവത്രേ.

നിയമദാതാവും ന്യായാധിപനുമായി ഒരുവനേയുള്ളൂ. അവിടുന്നു രക്ഷിക്കാനും നശിപ്പിക്കാനും കഴിവുള്ളവനാണ്. എന്നാൽ അയൽക്കാരനെ വിധിക്കാൻ നീ ആരാണ്?" (4,11-12).

ദുരാശയും അഹങ്കാരവും പലപ്പോഴും പ്രകടമാകുന്നത് മറ്റുള്ളവരെക്കുറിച്ചുള്ള സംസാരത്തിലാണ്. അതുകൊണ്ടാണ് സഹോദരനെതിരെ സംസാരിക്കുകയോ അവനെ വിധിക്കുകയോ ചെയ്യരുത് എന്ന് യാക്കോബ്ശ്ലീഹാ എഴുതുന്നത്. ഗിരിപ്രഭാഷണത്തിൽ ഈശോ പറയുന്ന വാക്കുകളാണ് ഇതു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത്. ഈശോ പറയുന്നു: "വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും..... നീ സഹോദരന്റെ കണ്ണിലെ കരടു കാണുകയും നിന്റെ കണ്ണിലെ തടിക്കഷണം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? ... കപടനാട്യക്കാരാ ആദ്യം സ്വന്തം കണ്ണിൽനിന്നു തടിക്കഷണം എടുത്തുമാറ്റുക. അപ്പോൾ സഹോദരന്റെ കണ്ണിലെ കരടെടുത്തുകളയാൻ നിനക്കു കാഴ്ച തെളിയും" (മത്താ 7,1-5). സഹോദരനെ വിധിക്കുന്നതിനെക്കുറിച്ച് പൗലോസ്ശ്ലീഹാ റോമാക്കാർക്കും വിശദമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട് (റോമാ 14,4).

സഹോദരനെതിരായി സംസാരിക്കുകയോ സഹോദരനെ വിധിക്കുകയോ ചെയ്യുന്നവൻ നിയമത്തിനെതിരായി സംസാരിക്കുകയും നിയമത്തെ വിധിക്കുകയും ചെയ്യുന്നു (4,11) എന്നാണു യാക്കോബ്ശ്ലീഹാ പറയുന്നത്. ഇവിടെ മോശയുടെ നിയമത്തെക്കാൾ (ലേവ്യ 19,16-18) ഗിരിപ്രഭാഷണത്തിൽ ഈശോ നല്കിയിരിക്കുന്ന നിയമമായിരിക്കണം ഇവിടെ വിവക്ഷിക്കുന്നത്. ഈശോയുടെ നിയമത്തെ വിധിക്കുന്നവൻ ഈശോയെത്തന്നെയാണ് വിധിക്കുന്നത്. നിയമദാതാവിനു മാത്രമാണ് നിയമത്തിന്റെ വിധികർത്താവാകുവാനുള്ള അവകാശം. രക്ഷിക്കാനും ശിക്ഷിക്കാനും കഴിവുള്ള ദൈവം മാത്രമാണ് (സങ്കീ 75,7) നിയമദാതാവ്. വിധിക്കുക വധിക്കുന്നതിനു തുല്യമാണ്. സഹോദരനെ വിധിച്ചു മാറ്റിനിർത്തിയാൽപിന്നെ ആ സഹോദരനുമായി ശരിയായ ബന്ധം പുലർത്താൻ കഴിയാതെവരും. സഹോദരസ്നേഹമാണല്ലോ ക്രൈസ്തവരുടെ മുഖമുദ്ര (യോഹ 13,34-35). എല്ലാ ക്രൈസ്തവർക്കും ഇതു ബാധകമാണെങ്കിൽ അവർക്കു നേതൃത്വം നല്കുന്ന പുരോഹിതർ ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധിക്കണം.

**4. ദൈവവിചാരത്തോടെ ജീവിക്കുക**

"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽപോയി, അവിടെ ഒരു വർഷം താമസിച്ച്, വ്യാപാരം ചെയ്തു ലാഭമുണ്ടാക്കുമെന്നു പ്രഖ്യാപിക്കുന്ന നിങ്ങളോട് ഒന്നു പറയട്ടെ. നാളത്തെ നിങ്ങളുടെ ജീവിതം

എങ്ങനെയുള്ളതായിരിക്കുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ. അല്പനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽമഞ്ഞാണു നിങ്ങൾ" (4,13-14).

ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്നു പറഞ്ഞതിന്റെ ഒരു ഉദാഹരണമായി ശ്ലീഹാ ഇവിടെ ഈലോകവ്യാപാരത്തെപ്പറ്റി പറയുന്നു. വ്യാപാരത്തിലേർപ്പെടുന്നതു തെറ്റാണെന്നോ അതുവഴി ന്യായമായ ലാഭമുണ്ടാക്കുന്നതു തിന്മയാണെന്നോ അല്ല യാക്കോബ്ശ്ലീഹാ ഇവിടെ പറയുന്നത്. മറിച്ച്, ദൈവത്തെ മറന്നുകൊണ്ട് ഈലോകവ്യാപാരങ്ങളിൽ മുഴുകുന്നതിനെയാണ് ശ്ലീഹാ ഇവിടെ അപലപിക്കുന്നത്. ആധുനികമനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നമായി ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ ചൂണ്ടിക്കാണിക്കുന്നത് ഇതുതന്നെയാണ്. അദ്ദേഹത്തിന്റെ ഭാഷയിൽ ഇന്നു ദൈവവിചാരത്തിനു ഗ്രഹണം സംഭവിച്ചിരിക്കുന്നു. ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിൽനിന്നും ദൈവത്തെ മാറ്റിനിർത്തിക്കൊണ്ടു മുന്നേറാനുള്ള ഒരു ശ്രമമാണ് എവിടെയും കാണുന്നത്. ഏതു പ്രവർത്തനമേഖലയിലും ദൈവഹിതത്തിനായിരിക്കണം പ്രധാനസ്ഥാനം എന്നാണ് മാർപാപ്പായും പഠിപ്പിക്കുന്നത്.

മനുഷ്യജീവിതത്തിന്റെ ക്ഷണികത മനസ്സിലാക്കാതെ ഭാവിയെക്കുറിച്ച് അത്യാഗ്രഹത്തോടെ പദ്ധതികൾ തയ്യാറാക്കുന്നത് മൗഢ്യമാണെന്നാണ് ശ്ലീഹാ വെളിപ്പെടുത്തുന്നത്. ഭാവിയുടെ കർത്താവ് ദൈവമാണ്. ഈലോകജീവിതം നശ്വരമാണ്. ഭോഷനായ ധനികന്റെ ഉപമയിലൂടെ (ലൂക്കാ 12,16-21) ഈശോ പഠിപ്പിക്കുന്നതും ഇതുതന്നെയാണ്. ഈലോകജീവിതത്തിന്റെ നശ്വരതയെ നാം അംഗീകരിക്കണം. ഈലോകജീവിതം മൂടൽമഞ്ഞുപോലെയാണ്: ഇപ്പോളുണ്ട്; പിന്നീടില്ല (4,14). ദൈവവിചാരമില്ലാതെ, അത്യാഗ്രഹത്തോടെയും അസൂയയോടെയും ജീവിതസുരക്ഷിതത്വം തേടുന്നതു മൗഢ്യമാണ്; നിത്യമായ ജീവിതസുരക്ഷിതത്വത്തിന് അപകടകരവുമാണ്. അതുകൊണ്ട് ദൈവത്തിലുള്ള സുരക്ഷിതത്വംമാത്രം തേടി ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ദൈവവിചാരത്തോടെ ജീവിക്കുവാൻ നാം തയ്യാറാകണം. സുവിശേഷപ്രഘോഷകരായ പുരോഹിതരെ സംബന്ധിച്ചിടത്തോളം ജീവിതസുരക്ഷിതത്വത്തെക്കുറിച്ചുള്ള ആകുലതകൾ ഇല്ലാതെ ലളിതജീവിതം നയിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അപ്രകാരം തന്റെ ജീവിതസാക്ഷ്യത്തിന്റെ പിൻബലത്തോടെ സുവിശേഷപ്രഘോഷണം നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

**5. ദൈവഹിതം ജീവിതമാനദണ്ഡമാക്കുക**

"നിങ്ങൾ ഇങ്ങനെയാണു പറയേണ്ടത്: കർത്താവു മനസ്സാകുന്നെങ്കിൽ, ഞങ്ങൾ ജീവിക്കുകയും യഥായുക്തം പ്രവർത്തിക്കുകയും ചെയ്യും. നിങ്ങളോ, ഇപ്പോൾ വ്യർത്ഥഭാഷണത്താൽ ആത്മപ്രശംസ ചെയ്യുന്നു. ഇപ്രകാരമുള്ള ആത്മപ്രശംസ തിന്മയാണ്. ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു" (4,15-17).

ദൈവികസുരക്ഷിതത്വത്തിൽ വിശ്വസിച്ച് ദൈവഹിതമനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനാണ് ശ്ലീഹാ ഉപദേശിക്കുന്നത്. ഗിരിപ്രഭാഷണത്തിൽ ഈശോ തന്റെ ശിഷ്യന്മാർക്കു കൊടുത്ത പ്രധാനപ്പെട്ട ഒരു പ്രബോധനമാണ് ദൈവപരിപാലനയെക്കുറിച്ചുള്ളത് (മത്താ 6,25-34). ഈശോയിൽ വിശ്വസിക്കുന്നവർക്ക് ഈലോകജീവിതത്തിൽ ആകുലത ഉണ്ടാകുവാൻ പാടില്ല. ദൈവത്തിൽ വിശ്വസിക്കാത്തവർക്ക് ലൗകികകാര്യങ്ങളെക്കുറിച്ചുള്ള ആകുലത ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ സർവ്വശക്തവും പിതാവുമായ ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അപ്രകാരമുള്ള ആകുലത ഉണ്ടാകുകയില്ല. 'സർവ്വശക്തൻ' എന്നു പറഞ്ഞാൽ, 'സകലവും നിയന്ത്രിക്കുന്നവൻ' എന്നാണർത്ഥം. ദൈവത്തിന്റെ നിയന്ത്രണംവിട്ട് ഈലോകത്തിൽ ഒന്നും സംഭവിക്കുകയില്ല. 'പിതാവ്' എന്നതിന്റെയർത്ഥം, 'തന്റെ മക്കൾക്ക് എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്നവൻ' എന്നാണ്. ഈശോയിൽ വിശ്വസിക്കുന്നവർക്ക് ദൈവം നല്കിയിരിക്കുന്ന ഏറ്റം വലിയ സമ്മാനം ഈ സർവ്വശക്തനും പിതാവുമായ ദൈവത്തിന്റെ മക്കളായിരിക്കുവാനുള്ള അവകാശമാണ് (യോഹ 1,12-13). അതുകൊണ്ട് ആകുലതയില്ലാതെ ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിച്ചുകൊണ്ട് സമാധാനപരമായ ജീവിതം നയിക്കുവാൻ നമുക്കു കഴിയണം.

അപ്രകാരം ജീവിക്കുന്ന വിശ്വാസികൾ ദൈവത്തെക്കൂടാതെ ഈലോകത്തിൽ ഒരു പദ്ധതിയും തയ്യാറാക്കുകയില്ല. ദൈവത്തിന് എന്നെക്കുറിച്ചുള്ള പദ്ധതി ഇതാണെങ്കിൽ, അവിടുത്തെ സഹായത്താൽ ഞാനിതൊക്കെ ചെയ്യും എന്നു ചിന്തിക്കാൻ വിശ്വാസികൾക്കെല്ലാം കഴിയണം (4,15). ക്ഷണക്കത്തുകളിലും മറ്റും (D. V. - Deo Volente) എന്നു ചേർക്കുമ്പോൾ ഈ സത്യമാണു നമ്മൾ പ്രഘോഷിക്കുന്നത്. എന്റെ ഇഷ്ടം, എന്റെ യോഗ്യത, എന്റെ നേട്ടം എന്ന നിലപാട് തെറ്റാണ്, അപകടകരവുമാണ്. ദൈവത്തിന്റെ ഇഷ്ടം, ദൈവത്തിന്റെ ദാനം, ദൈവത്തിനു മഹത്ത്വം എന്നതു ശരിയാണ്, സുരക്ഷിതവുമാണ്. അവസാനമായി, ചെയ്യരുതാത്തതു ചെയ്യുന്നതുമാത്രമല്ല, ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതും തെറ്റാണ് എന്ന ഓർമ്മപ്പെടുത്തലോടുകൂടിയാണ് ഈ

അദ്ധ്യായം ശ്ലീഹാ അവസാനിപ്പിക്കുന്നത്. സഭാശുശ്രൂഷകരെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രസക്തമാണ്. കാരണം, അവരുടെ ശുശ്രൂഷയാണ് സഭയെ വേണ്ടവിധത്തിൽ കെട്ടിപ്പടുക്കുന്നത്. 'ശുശ്രൂഷാ പൗരോഹിത്യം' എന്നാണല്ലോ പുരോഹിതരുടെ പൗരോഹിത്യം അറിയപ്പെടുക. അതുകൊണ്ട് പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. എന്നിലുള്ള കേവലം മാനുഷികവും ലൗകികവുമായ താല്പര്യങ്ങളെ നിയന്ത്രിച്ചുകൊണ്ടു ജീവിക്കുവാനും ശുശ്രൂഷ ചെയ്യുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
2. ദൈവാരൂപിയോടു ചേർന്നു ജീവിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
3. ആരെയും വിധിക്കാതെയും, മുൻവിധികൂടാതെയും എല്ലാവരോടും ബന്ധപ്പെടുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. ദൈവവിചാരത്തോടും ജീവിതലാളിത്യത്തോടുംകൂടെ ജീവിക്കുവാനും പ്രവർത്തിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. ദൈവഹിതപ്രകാരം ജീവിതത്തെയും പദ്ധതികളെയും ക്രമീകരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ വൈദികരുടെ ചരമദിനമാണ്. അന്നേ ദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**മതബോധനദിനം**

സെപ്റ്റംബർ 6-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കാട്ടുതുരുത്തിയിൽ അച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**ഓഡിറ്റിംഗ്**

മാർച്ച് മാസത്തെ ബുള്ളറ്റിനിൽ ഓഡിറ്റിംഗ് തീയതി അറിയിച്ചിരുന്നത് കോവിഡ് പ്രതിസന്ധിമൂലം നടത്താൻ സാധിച്ചില്ലല്ലോ. അതിനാൽ പുതുക്കിയ തീയതികൾ താഴെ കൊടുത്തിട്ടുണ്ട്.

മുൻ വർഷങ്ങളിൽ ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC

account ഉള്ളവരും രൂപതവഴി വിദേശപണം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ട താണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനു സരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്ഥാപനങ്ങളുടെ FC & general കണക്കുകളുടെ ഓഡിറ്റിംഗ് ഈ വർഷം ഒക്ടോബർ 1, 2 തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇട വകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനു മായി കൊണ്ടുവരേണ്ട തീയതികൾ പിന്നാലെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്ന താണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കു ന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീ കരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കു മല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീ കരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, 2020-2021 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെര ട്ടിന്റെ 2 കോപ്പികൾ, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി Online ആയി account ചെയ്ത തിന്റെ print out, നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കു കൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ, കഴിഞ്ഞവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയും കൊണ്ടുവരേണ്ട താണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

നീലഗിരി റീജണിലുള്ള പള്ളികളിലെ കണക്കുകൾ ഇതുവരെയും ഓഡിറ്റ് ചെയ്തിട്ടില്ലാത്തവർ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ കാലേ കൂട്ടിതന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കും

എന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതു യോഗ തീരുമാനങ്ങളുടെ അംഗീകാരവും നടത്തുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **സെപ്റ്റംബർ 22 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| നിരവിൽപുഴ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരി | രാവിലെ 9 മുതൽ | " |
| പുതിയിടംകുന്ന് | രാവിലെ 9 മുതൽ | " |
| വഞ്ഞോട് | രാവിലെ 9 മുതൽ | " |
| വാളേരി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| **ദ്വാരക ഫൊറോന** | **സെപ്റ്റംബർ 22 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **സെപ്റ്റംബർ 23 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | രാവിലെ 9 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പ്പറ്റ ഫൊറോന** | **സെപ്റ്റംബർ 24 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കല്പ്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| കളത്തുവയൽ | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **സെപ്റ്റംബർ 24 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **സെപ്റ്റംബർ 25 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **സെപ്റ്റംബർ 25 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| എടയൂർക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **സെപ്റ്റംബർ 26 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **സെപ്റ്റംബർ 26 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **സെപ്റ്റംബർ 28 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **സെപ്റ്റംബർ 28 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **സെപ്റ്റംബർ 29 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **സെപ്റ്റംബർ 29 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| പുഷ്പനഗർ (Independent Station) | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പൊയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **സെപ്റ്റംബർ 30 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

**പ്രത്യേക അറിയിപ്പ്**

Online Accounting System ഉപയോഗിക്കുന്നവർ Soft-ware Charge അടച്ചിട്ടില്ലെങ്കിൽ 9520 രൂപയും വാർഷിക maintenance charge 3570 രൂപയും രൂപതയിൽ അടയ്ക്കേണ്ടതാണ്.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## ബത്തേരി ഫൊറോന

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ഓഗസ്റ്റ് 11 ന് മൂലങ്കാവ് സെന്റ് ജൂഡ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ബഹു. സെബാസ്റ്റ്യൻ ഉണ്ണിയപ്പള്ളിയിലച്ചൻ ഏവരെയും സ്വാഗതം ചെയ്തു. ബഹു. ജോയി ഉള്ളാട്ടിൽ SDB അച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. ഭൗതികവും ആത്മീയവുമായ മേഖലകളിൽ ഉണ്ടാകുന്ന അടയാളങ്ങൾക്കു നേരെ പുറംതിരിഞ്ഞു നിൽക്കാതെ അവയെ ബോധപൂർവ്വം സ്വീകരിക്കാൻ കഴിയുന്നവരായി മാറുവാൻ ഈ കാലഘട്ടത്തിലെ നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ അച്ചൻ ഓർമിപ്പിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടന്നു. മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. ജയിംസ് പുത്തൻപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. കൂട്ടായ്മയിലേക്ക് പുതുതായി കടന്നുവന്ന വൈദികർക്ക് സ്വാഗതവും, ബഹു. ലാലച്ചന് ജന്മദിനാശംസകളും നേർന്നു. മേഖല ഡയറക്ടർമാർ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. മേഖല മിഷൻലീഗ് ഡയറക്ടറായി ബഹു. സിജു പുത്തൻപുരയിൽ അച്ചനെയും മേഖല കെ.സി.വൈ.എം. ഡയറക്ടറായി ബഹു. പ്രദീഷ് കിഴക്കൻപുതുപ്പള്ളി അച്ചനെയും യോഗം തിരഞ്ഞെടുത്തു. വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി തീരുമാനങ്ങൾ കൈകൊണ്ട ശേഷം ബഹു. തോമസ് തൈക്കുന്നുംപുറം അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. സന്തോഷ് ഒറവാന്തറ**
സെക്രട്ടറി

## നീലഗിരി റീജിയൻ

നീലഗിരി റീജിയനിലെ വൈദികരുടെ മാസധ്യാനം ആഗസ്റ്റ് 13 ന് കുന്നലാടി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 19 വൈദികർ പങ്കെടുത്തു. ഇടവക വികാരി ബഹു. ജോണി കപ്യാരുമലയിൽ ഏവരെയും സ്വാഗതം ചെയ്യുകയും തുടർന്ന് മാസധ്യാന ചിന്തകൾ പങ്കുവെക്കുകയും ചെയ്തു. ദിവ്യകാരുണ്യസന്നിധിയിൽ നാഥനോടൊപ്പം കുമ്പസാരത്തിലൂടെയും ആരാധനയിലൂടെയും ഒത്തുചേർന്നു. റീജിയണൽ ഡയറക്ടർ ബഹു. വിൻസെന്റ് കളപ്പുര അച്ചന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി. ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ പുതുതായി റിജിയണിലേക്ക് ട്രാൻസ്ഫർ ആയി വന്ന അച്ചന്മാരെ സ്വാഗതം ചെയ്തു. വി. അഗസ്തീനോസിന്റെ നാമധാരിയായ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

പുതിയ മേഖല മതബോധന ഡയറക്ടർ ബഹു. വിൻസെന്റ് കൊരട്ടിപറമ്പിൽ അച്ചൻ ഓൺലൈൻ മതബോധനത്തെക്കുറിച്ചും HCC, DCC രജിസ്ട്രേഷനെ കുറിച്ചും സംസാരിച്ചു. KCYM മേഖലാ ഡയറക്ടർ ബഹു. റോബിൻ പടിഞ്ഞാറയിൽ COVID Task Force രൂപീകരിച്ചതിനെക്കുറിച്ചും അവർക്കായുള്ള പരിശീലന പരിപാടി Zoom Meeting വഴി കയ്യൂന്നിയിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും, ഒരു യൂത്ത് സെമിനാറിനെക്കുറിച്ചും സംസാരിച്ചു. മാതൃവേദി ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ ഒരു വാട്ട്സാപ്പ് പ്രാർത്ഥനാ കൂട്ടായ്മ ആഗസ്റ്റ് 15 ന് നടത്തും എന്നറിയിച്ചു. CML ഡയറക്ർ ബഹു. അനീഷ് ആലുങ്കൽ അച്ചൻ പുതിയ ശാഖാ ഭാരവാഹികളെ തെരഞ്ഞെടുക്കുക, കുഞ്ഞുമിഷനറിമാർക്കായി "അമ്മക്കൊരു വചനമാല" ഒരു ബൈബിൾവാക്യ പഠനമത്സരം ആഗസ്റ്റ് 15 ന് മുമ്പായി നടത്തുന്ന കാര്യം അറിയിച്ചു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ NDS വഴി കറവപശുവിനെ വാങ്ങുന്നതിനുള്ള ധനസഹായം വിതരണം ആഗസ്റ്റ് 15 ന് ഉച്ചകഴിഞ്ഞ് Zoom Aplication ഉപയോഗിച്ച് മീറ്റിംഗ് നടത്തപ്പെടുന്ന കാര്യം അറിയിച്ചു. മാനന്തവാടി ബയോവിന്റെ ഭാഗമായി 'സമൃദ്ധ കുടുംബം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചും അറിയിച്ചു.

നീലഗിരി റീജിയണൽ ഡയറക്ടറും കയ്യൂന്നി ഫാത്തിമ മാതാ ദേവാലയത്തിന്റെ വികാരിയുമായ ബഹു. വിൻസെന്റ് കളപ്പുരക്കലച്ചൻ മാസധ്യാനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞ് സെപ്റ്റംബർ 9 ന് കയ്യൂന്നിയിൽ വച്ച് നടക്കുന്ന അടുത്ത മാസധ്യാനത്തിനായി ഏവരേയും ക്ഷണിച്ചു.

**ഫാ. ജയൻ മണ്ണൂകുളം TOR**
സെക്രട്ടറി

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം 2020 ഓഗസ്റ്റ് 18 ന് ഒലിവുമല പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ സാന്നിദ്ധ്യം വൈദിക കൂട്ടായ്മയ്ക്ക് ഉണർവേകി. വികാരി ജനറാളച്ചന് ബഹു. വികാരിയച്ചന്റെയും കൈക്കാരന്മാരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ സ്വാഗതമരുളി.

വൈദിക കൂട്ടായ്മയിലേക്ക് ബഹു. വികാരി വിനിൽ കുരിശുതറ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ജനറാളച്ചൻ തന്റെ ധ്യാനചിന്തയിൽ കോവിഡ് 19 മഹാമാരിയുടെ കാലത്ത് വൈദികർ തങ്ങളുടെ അജപാലന ശുശ്രൂഷ എപ്രകാരം മുന്നോട്ടുകൊണ്ടു

പോകണമെന്ന് വചനാധിഷ്ഠിതമായി സംസാരിച്ചു. നേതൃപാടവത്തിന്റെയും ലക്ഷ്യബോധത്തിന്റെയും ആവശ്യകത എടുത്തുപറഞ്ഞു. തുടർന്ന് കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും നടന്നു.

മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. സോമിയച്ചൻ വികാരി ജനറാളച്ചനും, വൈദികകൂട്ടായ്മയിലേക്ക് പുതിയതായി കടന്നുവന്ന ബഹു. ജോഷി പെരിയപ്പുറം അച്ചനും സോയിൻ ചെങ്കല്ലേൽ സി. എം. എഫ്. അച്ചനും സ്വാഗതം ആശംസിച്ചു. ഒപ്പം ഓഗസ്റ്റ് മാസം നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകളും അർപ്പിച്ചു. ഫൊറോന വികാരിയച്ചൻ സമൃദ്ധകുടുംബം പദ്ധതി, 12 A രജിസ്ട്രേഷൻ എന്നിവയെക്കുറിച്ചറിയിച്ചു. കോവിഡ് സന്നദ്ധസേനയിലേക്ക് യുവജനങ്ങളെ പറഞ്ഞുവിട്ട വികാരിയച്ചന്മാരെയും, നെടുംമ്പാല ഇടവകയിൽ പണിത 2 വീടുകളുടെ നിർമ്മാണത്തിന് അവസാനഘട്ടത്തിൽ നേതൃത്വം നല്കിയ ബഹു. റെജി മുതുകത്താനിയിൽ അച്ചനെയും EWS ആനുകൂല്യം നേടിയെടുക്കാൻ പ്രത്യേക താൽപര്യമെടുക്കുന്ന ബഹു. തോമസ് ജോസഫ് തേരകത്തിലച്ചനെയും യോഗം അഭിനന്ദിച്ചു. യോഗത്തിൽ വിവിധ മേഖല ഡയറക്ടമാർ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ബഹു. റെജി മുതുകത്താനിയിൽ അച്ചനെ മേഖല എ.കെ.സി.സി. ഡയറക്ടറായി യോഗം തിരഞ്ഞെടുത്തു.

പ്രകൃതി വിരുദ്ധമായ EIA 2020, ജനവാസകേന്ദ്രങ്ങൾ പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കൽ തുടങ്ങിയവയിൽ യോഗം ആശങ്ക അറിയിച്ചു. കരടു വിജ്ഞാപനം പിൻവലിക്കാൻ കൂട്ടായ പരിശ്രമം നടത്തേണ്ട ആവശ്യകതയെപ്പറ്റി ഊന്നിപ്പറഞ്ഞു. തുടർന്ന് ജോഷിയച്ചൻ കല്പറ്റയിലുള്ള എസ്റ്റേറ്റിനെക്കുറിച്ച് സംസാരിച്ചു. യോഗം അവസാനിക്കുന്നതിനു മുൻപ് ബഹു. വികാരി ജനറാളച്ചൻ ക്ലരീഷ്യൻ സന്ന്യാസസമൂഹം രൂപതയ്ക്ക് ചെയ്യുന്ന സേവനങ്ങൾ അനുസ്മരിച്ചു അവർക്ക് നന്ദി പറഞ്ഞു. തുടർന്ന് അച്ചൻ വൈദിക കൂട്ടായ്മയ്ക്ക് നന്ദി പറയുകയും ഒക്ടോബർ മാസം ഫാ. ശാന്തി PIME നടത്തുന്ന കോഴ്സിലേക്ക് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു. ബഹു. ജിജോ വാത്തേലിൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം സെപ്റ്റംബർ 8 ന് തൃക്കൈപ്പറ്റ പള്ളിയിൽവച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോൺ പുളിന്താനത്ത്**

സെക്രട്ടറി

## നിലമ്പൂർ ഫൊറോന

നിലമ്പൂർ ഫൊറോനയിലെ ഓഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം ഓഗസ്റ്റ് 18-ാം തീയതി തേൾപ്പാറ സെന്റ് മേരീസ് ഇടവകയിൽ വച്ച് നടന്നു. ഇടവക വികാരി ബഹുമാനപ്പെട്ട ഫ്രാൻസീസ് കുത്തുകല്ലുങ്കൽ അച്ചൻ ഏവരേയും സ്വാഗതം ചെയ്തു. കോവിഡ് കാലഘട്ടത്തിൽ പൗരോഹിത്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് റവ. ഫാ. അനൂപ് കപ്പൂച്ചിൻ ധ്യാന ചിന്തകൾ പങ്കുവച്ചു. തുടർന്ന് ആരാധനയ്ക്കും കുമ്പസാരത്തിനുശേഷം നിലമ്പൂർ ഫൊറോന വികാരി ബഹുമാനപ്പെട്ട ബിജു തുരുത്തേൽ അച്ചൻ ചർച്ചകൾക്ക് നേതൃത്വം നൽകി. നിലമ്പൂർ മണിമൂളി സെഞ്ചെല്ലൂസ് ബഹുമാനപ്പെട്ട തോമസ് മണക്കുന്നേൽ അച്ചൻ ധ്യാനത്തിൽ സംബന്ധിക്കുകയും മണിമൂളി പാസ്റ്ററൽ സെന്റർ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിന് വൈദികരുടെ സഹകരണം ആവശ്യമാണ് എന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. അറുപതാം ജന്മദിനം ആഘോഷിച്ച ബഹുമാനപ്പെട്ട ഫ്രാൻസീസ് കുത്തുകല്ലുങ്കൽ അച്ചന് നിലമ്പൂർ ഫൊറോന വികാരി ബഹുമാനപ്പെട്ട ബിജു തുരുത്തേൽ അച്ചൻ ആശംസകൾ നേരുകയും ബഹുമാനപ്പെട്ട തോമസ് മണക്കുന്നേൽ അച്ചൻ ബൊക്ക നൽകി അനുമോദിക്കുകയും ചെയ്തു. തുടർന്ന് വിവിധ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ മതബോധന ഡയറക്ടർ ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി, മിഷൻലീഗ് ഡയറക്ടർ ഫാ. സെബിൻ ഐക്കരത്താഴത്ത്, AKCC ഡയറക്ടർ ഫാ. ഡൊമിനിക് വളകൊടിയാങ്കൽ, കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡെന്നീസ് പൂവത്തിങ്കൽ എന്നിവർ അവതരിപ്പിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആരായുകയും ചെയ്തു. അടുത്ത മാനധ്യാനം നിലമ്പൂർ വിൻസെൻഷ്യൻ ആശ്രമത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട ജെയിംസ് അഴകേടത്ത് VC എല്ലാവർക്കും നന്ദി പറയുകയും അടുത്തമാസധ്യാനത്തിനായി വിൻസെൻഷ്യൻ ആശ്രമത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

**ഫാ. വിനോയി കളപ്പുരക്കൽ**
സെക്രട്ടറി

# മതബോധനരംഗം

**സെപ്ററംബർ 6 മതബോധന ഞായർ**

മതബോധനകേന്ദ്രത്തിൽനിന്നും ആശംസകൾ!

ക്രിസ്തീയ ജീവിത പൂർണ്ണതയിലേക്ക് മനുഷ്യനെ നയിക്കുക എന്നതാണല്ലോ വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. അതുകൊണ്ടു തന്നെ സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസപരിശീലനത്തിന് ഈ കാലഘട്ടത്തിൽ കൂടുതൽ പ്രസക്തിയുണ്ട്. കേരളസഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബഭദ്രതയ്ക്കും അടിസ്ഥാനമായി നില്ക്കുന്നത് ക്രമമായും ചിട്ടയായും സജീവമായും നമ്മൾ നൽകുന്ന വിശ്വാസപരിശീലനമാണെന്നത് നിസ്തർക്കമായ കാര്യമാണ്. ബഹു. വികാരിയച്ചന്മാർക്കും സഹവികാരിമാർക്കും ഹെഡ്മാസ്റ്റേഴ്സിനും അധ്യാപകർക്കും അനുമോദനങ്ങൾ!

രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു. മാറിയ സാഹചര്യത്തിലും വിശ്വാസപരിശീലനം ഓൺലൈനായും, ലഭ്യമായ മറ്റെല്ലാ രീതികളിലും നടത്തിക്കൊണ്ടിരിക്കുന്ന, വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും, പ്രത്യേകമായി മതാധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, വികാരിയച്ചൻമാർ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ മതബോധനത്തിന്റെ നടവയൽ മേഖലാ ഡയറക്ടറായി സേവനം ചെയ്ത റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ അച്ചന് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. ജിമ്മി മൂലയിൽ അച്ചന് ഹൃദ്യമായ സ്വാഗതം.

**അർദ്ധവാർഷിക പരീക്ഷ**

ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 4 ന് നടത്തേണ്ടതാണ്. സെപ്ററംബർ 28 ഞായറാഴ്ച ടെക്സ്റ്റിലെ എട്ട് അധ്യായങ്ങൾ പൂർത്തിയാകേണ്ടതാണ്. സിലബസ് കൃത്യമായി പിൻതുടരുന്നുണ്ടെന്ന് ഹെഡ്മാസ്റ്റേഴ്സ് ഉറപ്പുവരുത്തുമല്ലോ. objective type ചോദ്യങ്ങളായിരിക്കും പരീക്ഷക്ക് ചോദിക്കുന്നത്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയപ്പെട്ട മിഷണറിമാരെ,

ചുറ്റും വല്ലാത്തൊരു ഭയവും നെഗറ്റീവിറ്റിയും നിറഞ്ഞിരിക്കുന്ന ഈ കാലത്ത് നമുക്ക് കുറച്ച് പോസിറ്റീവ് ആയിട്ടുള്ള കാര്യങ്ങൾ ചിന്തിക്കാം, പ്രവർത്തിക്കാം. വാർത്തകളിൽ, സോഷ്യൽ മീഡിയകളിൽ, വീട്ടിൽ അങ്ങനെ നാലാൾ കൂടുന്നിടത്തൊക്കെ ഒറ്റ വർത്തമാനമേ ഉള്ളു –കൊറോണ. അതുകൊണ്ടുതന്നെ ആളുകൾ പരസ്പരം ചിരിക്കാൻ പോലും മറന്നുപോകുന്നു. ഭയമല്ല ഇവിടെ വേണ്ടത് തികഞ്ഞ ജാഗ്രത യാണ് വേണ്ടത്. ഇവിടെ വേണ്ടത് അഭ്യൂഹങ്ങൾ പ്രചരിപ്പിക്കലല്ല നേരെ മറിച്ച് ഉണർവ് ആണ്. നാം ഓരോരുത്തരും ജാഗ്രതയോടെ പ്രവർത്തിച്ചു കഴിഞ്ഞാൽ ഇതൂം കടന്നുപോകും. അതോടൊപ്പം കൊറോണ പഠിപ്പി ക്കുന്ന ചില നല്ല പാഠങ്ങൾ ഉണ്ട്. സ്വയം അറിഞ്ഞ് ഉത്തരവാദിത്വങ്ങ ളിൽ ജീവിക്കുവാൻ, എല്ലാവരും തുല്യരാണ് എന്നുള്ള തിരിച്ചറിവിൽ വളരാൻ, വ്യക്തി ശുചിത്വം പാലിക്കുവാൻ, ഒക്കെ നമുക്കു ശ്രദ്ധിക്കാം. അതോടൊപ്പം പ്രേഷിത തീക്ഷ്ണതയിൽ ഒട്ടും കുറവു വരുത്താതെ ആയിരിക്കുന്ന തലങ്ങളിൽ ക്രിസ്തു പ്രേഷിതത്വത്തിന്റെ വാഹകരായി നമുക്ക് മാറാം.

പ്രേഷിതാഭിവാദ്യങ്ങളോടെ,

ഷിജു അച്ചൻ.

| | | |
|---|---|---|
| 2020 സെപ്റ്റംബർ | – | പ്രേഷിത ജീവിതത്തിന്റെ സൗന്ദര്യം |
| പ്രയർ 2020 | – | ആതുര ശുശ്രൂഷകർക്കുവേണ്ടി |
| മിഷൻ പ്രയർ ബാങ്ക് | – | ഗോരഖ്പൂർ രൂപത (നീലഗിരി മേഖലയിലെ ശാഖകൾ) |

**പുണ്യപാതയിലെ മിന്നാമിന്നികൾ**

ജൂലൈ 28 – ചെറുപുഷ്പ മിഷൻ ലീഗിന്റെ ഉപമദ്ധ്യസ്ഥയായ വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച്, ജൂലൈ 1–ാം തീയതി മുതൽ അൽഫോൻസാമ്മയുടെ സുകൃതങ്ങളും സൂക്തങ്ങളും ദിനവും കുഞ്ഞുമിഷണറിമാരിൽ എത്തിക്കുന്നതിനു പുറമെ 20–ാം തീയതി മുതൽ ഏറ്റവും അടുത്ത ഒരുക്കമായി 'പുണ്യപാതയിലെ മിന്നാ

മിന്നികൾ' എന്ന പേരിൽ അൽഫോൻസാമ്മയുടെ മൊഴിമുത്തുകളിലൂടെ ഒരു ധ്യാന സഞ്ചാരം നടത്തി. അമ്മയുടെ മൊഴികൾക്കൊപ്പം ഓരോദിനവും പ്രാവർത്തികമാക്കാനുള്ള നന്മകളും ചേർത്ത് രൂപതയിലെ മുഴുവൻ കുഞ്ഞുമിഷണറിമാരിലും എത്തിച്ചു. ഇതിന്റെ പിന്നിൽ നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന സി.എം.എൽ മീഡിയ സെൽ അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

**അറിവൊളി – ടെലി ക്വിസ്സ്**

അറിവിന്റെ വർത്തമാനം വിജയത്തിന്റെ ഭാവികാലം. വർത്തമാന പത്രങ്ങളിലെ വാർത്താധിഷ്ഠിത പ്രശ്നോത്തരി മത്സരം. ഓരോ മാസവും അവസാന ഞായറാഴ്ച വൈകിട്ട് 6 മണി മുതൽ 7 മണിവരെ . ഇളം തലമുറയിൽ അറിവിന്റെ ആഴം വർദ്ധിപ്പിക്കുവാൻ പ്രായപരിധിയോ ആൺ പെൺ വ്യത്യാസമോ ഇല്ലാതെ നടത്തുന്ന ഫോൺ ഇൻ പരിപാടി. 2021 ജനുവരിയിൽ മെഗാ ഫൈനൽ ക്വിസ്സ് നടത്തുന്നതായിരിക്കും. ഓരോ മേഖലയ്ക്കും രൂപത ടീമിലെ ഒരു അംഗത്തെ വീതം ക്വിസ്സ് മാസ്റ്ററായി ഉത്തരവാദിത്വം ഏൽപ്പിച്ചു.

**വഴിവിളക്കുകൾ – തോമാശ്ലീഹ–അൽഫോൻസ സംസ്ഥാന ക്വിസ്സ് മത്സരം**

ജൂലൈ 20 ന് നടന്ന തോമാശ്ലീഹ–അൽഫോൻസ ക്വിസ്സ് മത്സരത്തിൽ രണ്ടുവിഭാഗങ്ങളിൽനിന്നുമായി, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിൽ നിന്നും 186 അംഗങ്ങൾ പങ്കെടുത്തു. ആയിരത്തിലേറെ കുഞ്ഞുമിഷണറിമാർ പങ്കെടുത്ത മത്സരത്തിൽ, മാനന്തവാടി രൂപത അഭിനന്ദനാർഹമായ വിജയം നേടി. ജൂണിയർ വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ജുവൽ മരിയ വെണ്ണായപ്പിള്ളി (നടവയൽ), അൽജോ മുണ്ടുചിറക്കൽ (അമ്പായത്തോട്) എന്നിവരും, മൂന്നാം സ്ഥാനം ഐവിൻ കുണ്ടുകുളം (ബത്തേരി), ആഷിൻ തേക്കുംകാട്ടിൽ (നടവയൽ) എന്നിവരും കരസ്ഥമാക്കി. സീനിയർ വിഭാഗത്തിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ, അസിൻ മരിയ പള്ളിത്താഴത്ത് (അമ്പായത്തോട്), ഐറിൻ മേരി വാതക്കോടത്ത് (നടവയൽ) എന്നിവരും സ്വന്തമാക്കി. തിളക്കമാർന്ന വിജയം കൈവരിച്ച കുഞ്ഞു മിഷണറിമാരായ എല്ലാ പ്രതിഭകൾക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ..

**ഹൃദ്യമായ സ്വാഗതം.**

രൂപതയുടെ വിവിധ ഫോറോനകളിൽ ചെറുപുഷ്പ മിഷൻ ലീഗിനെ നയിക്കാനായി പുതിയതായി കടന്നുവന്ന ഡയറക്ടേഴ്സ് ഫാ.ജെയ്സ് ചെട്ടിയാശ്ശേരി (തരിയോട് ), ഫാ.ഷിജോ വേനക്കുഴി (നടവയൽ),

ഫാ.ജോബി മുക്കാട്ടുകാവുങ്കൽ (കല്ലോടി), ഫാ.സെബിൻ ഐക്കരതാഴത്ത് (നിലമ്പൂർ), ഫാ.ജോസ് കപ്യാരുമലയിൽ (ദ്വാരക), ഫാ.അനീഷ് ആലുങ്കൽ (നീലഗിരി), ഫാ.സിജു പുത്തൻപുരയിൽ (ബത്തേരി), ഫാ.സോണി വടയാപറമ്പിൽ (മുള്ളൻകൊല്ലി) എന്നി വർക്കു രൂപത കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

**മാനന്തവാടി സമരിറ്റൻ – കോവിഡ് 19 സന്നദ്ധ സേന**

കോവിഡ് 19 ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി മാനന്തവാടി രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകരിച്ച കോവിഡ് 19 സന്നദ്ധ സേനയിൽ മിഷൻലീഗിന്റെ സജീവ പങ്കാളിത്വം. ഒരു മേഖലയിൽ നിന്നും 5 പേർ വീതം 12 മേഖലകളിൽ നിന്നും 60 തീക്ഷ്ണതയുള്ള മിഷൻലീഗ് പ്രവർത്തകർ രംഗത്തെത്തി. മിഷൻ മുദ്രാവാക്യങ്ങൾക്ക് ജീവനും ഓജസ്സും പകർന്ന്, അരയും തലയും മുറുക്കി കർമ്മനിരതരാകുവാൻ മനസ്സുവച്ച എല്ലാവർക്കും രൂപത കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ അഭിനന്ദനങ്ങൾ...

**വി.അൽഫോൻസാമ്മയുടെ തിരുനാൾ – ജോ.ഡയറക്ടേഴ്സ് ഡേ**

മിഷൻലീഗിന്റെ ആരംഭത്തിന് പ്രചോദനം നൽകുകയും പിന്നീട് ആ സംഘടനയുടെ ഉപ മദ്ധ്യസ്ഥയാകുകയും ചെയ്ത വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനം രൂപത ഒന്നാകെ വിവിധ പരിപാടികളാൽ ഏറ്റം മനോഹരമാക്കി തീർത്തു. അന്നേ ദിനം ജോ.ഡയറക്ടേഴ്സ് ഡേ ആയി രൂപത കുടുംബം ആഘോഷിച്ചു. അനേകം കുഞ്ഞു ഹൃദയങ്ങളിൽ പ്രേഷിതാഭിമുഖ്യം നിറയ്ക്കാൻ കർമ്മനിരതരായിരിക്കുന്ന എല്ലാ ശാഖ ജോ.ഡയറക്ടേഴ്സിനും ജോ.ഡയറക്ടേഴ്സ് ഡേ യുടെ ആശംസകൾ നേർന്നു. പ്രത്യേകിച്ച് രൂപത ജോ.ഡയറക്ടർ സി.ക്രിസ്റ്റീന എഫ്.സി.സി യ്ക്കും, രൂപതയുടെ 13 മേഖലകളിൽ നിറസാന്നിധ്യങ്ങളായി കുഞ്ഞു മിഷണറിമാർക്ക് ഓജസ്സും തേജസ്സും പകരുന്ന മേഖല ജോ.ഡയറക്ടേഴ്സിനും തിരുനാൾ ആശംസകൾ..

**അൽഫോൻസാമ്മയും മിഷൻലീഗും**

ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടനയായ മിഷൻലീഗിന്റെ ആരംഭത്തിന് കുഞ്ഞേട്ടനു പ്രചോദനം നല്കിയ അൽഫോൻസാമ്മയെ പറ്റി, അൽഫോൻസാമ്മയും മിഷൻലീഗും എന്ന വിഷയത്തെ ആസ്പദമാക്കി ബത്തേരി ശാഖാ അംഗമായ കുമാരി ജ്വലിൻ മരിയ ഷാജി പ്രസംഗം നടത്തി. സ്പഷ്ടവും ശക്തവുമായ ജ്വലിന്റെ വാക്കുകൾക്കു രൂപത കുടുംബത്തിന്റെ നന്ദി...

**പെൻസിൽ ഡ്രോയിംഗ് – അൽഫോൻസാമ്മയും കുട്ടികളും**

കുട്ടികളുടെ കൂട്ടുകാരിയായിരുന്ന അൽഫോൻസാമ്മ കുട്ടികൾക്കു ചാമ്പങ്ങ നല്കി പകരം സുകൃതജപങ്ങൾ ചൊല്ലാൻ അവരെ പരിശീലിപ്പിച്ചു. കുട്ടികൾക്കൊപ്പം ചാമ്പങ്ങ ശേഖരിക്കുന്ന, കഥകൾ പറഞ്ഞുകൊടുക്കുന്ന സൗഹൃദ സംഭാഷണങ്ങളിൽ ഏർപ്പെടുന്ന സി.അൽഫോൻസയുടെ ചിത്രം വരയ്ക്കുന്നു. 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തിയ മത്സരത്തിൽ വിവിധ ശാഖകളിൽ നിന്നായി ധാരാളം പ്രതിഭകൾ പങ്കെടുത്തു. ഈ മത്സരത്തിൽ അഭിനന്ദ എടശ്ശേരിതോട്ടത്തിൽ (കളത്തുവയൽ), അജു സജി കൊല്ലറത്ത് (പാടിച്ചിറ), എന്നിവർ ഒന്നും രണ്ടും സ്ഥാനത്തിനും, മരിയ ബിജു ഇലഞ്ഞിക്കൽ (ശിശുമല), ആൽവിൻ ടി.വി (വടക്കനാട്) എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹരായി. വിജയികളായ എല്ലാവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ALPHONZA MEET 2020 – അൽഫോൻസാ നാമധാരികളുടെ ഓൺലൈൻ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ അൽഫോൻസ നാമധാരികളുടെ ഓൺ ലൈൻ സംഗമം നടത്തി. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ സംഗമം ഉത്ഘാടനം ചെയ്തു. ജോ.ഡയറക്ടർ സി.ക്രിസ്റ്റീന എഫ്.സി.സി നാമധാരികളുമായി സംവാദം നടത്തി. രൂപത പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി ടോം ജോസ്, ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളകുന്നേൽ, വൈ.പ്രസിഡന്റ് ആര്യ കൊച്ചുപുരക്കൽ എക്സിക്യൂട്ടീവ് അംഗം അഖില ആരംപുളിക്കൽ എന്നിവർ നേതൃത്വം നല്കി. ഓൺ ലൈൻ സംഗമത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി..

**വിയാനി ദിനം**

ആഗസ്റ്റ് 4, വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആശംസകൾ ഹൃദയപൂർവ്വം ബലിയർപ്പകർക്ക് നേർന്നു. വൈദികനാൽ പരികർമ്മം ചെയ്യപ്പെടുന്ന 7 കൂദാശകളെ പറ്റി സൂചിപ്പിച്ചും, അവ പരികർമ്മം ചെയ്തു നല്കിയ വൈദീകർക്കു നന്ദി പറഞ്ഞും, അവർക്കായി സ്നേഹപൂർവ്വം പ്രാർത്ഥനാശംസകൾ നേർന്നും കുഞ്ഞു മിഷണറിമാർ രംഗത്തെത്തി. സി.എം.എൽ. മീഡിയ സെല്ലിന്റെ നേതൃത്വത്തിൽ വിയാനി ദിനാശംസകൾ അർപ്പിച്ച മിഷൻലീഗിന്റെ ചുണകുട്ടികൾ: റിയ ക്രിസ്റ്റീന (മീനങ്ങാടി) ഫ്രാങ്ക്ലിൻ മജിറയിൽ (ശിശുമല), ഐവിൻ ജോൺ സജി

(നടവയൽ), ജോസ് അലക്സ് (തലഞ്ഞി), ക്രിസ്റ്റ ബിനീഷ് (കരണി), നേഹ പീറ്റർ (ബത്തേരി), എയ്മി അബി (ബത്തേരി) എന്നിവരായിരുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ കുഞ്ഞു മിഷണറിമാർക്ക് അഭിമാനത്തോടെ രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**എന്റെ ഭാരതം. ഒരേഒരിന്ത്യ ഒരൊറ്റ ജനത**

ആഗസ്റ്റ് 6 മുതൽ 15 വരെ സ്വാതന്ത്ര്യദിന സന്ദേശങ്ങൾ... പ്രാണനേക്കാൾ വലുതാണ് പിറന്ന നാടിന്റെ മാനവും സ്വാതന്ത്ര്യവുമെന്ന ആഴമായ ബോധ്യത്തിൽ നിന്നുകൊണ്ട്, നാളത്തെ ഇന്ത്യയെ സ്വപ്നം കാണുന്ന ചെറുപുഷ്പ മിഷൻലീഗിന്റെ അഭിമാന താരങ്ങൾ:- ആകാശ് മാത്യു (കൂളിവയൽ), ഐറിൻ മേരി സജി (നടവയൽ), ജിസ് പോൾ (കല്ലോടി), മെറിൻ ബിൻ ഗ്രേസ് (ദ്വാരക), ജോബിൻ ജോയ് (കൂളിവയൽ), അഞ്ജന ദേവസ്യ (കല്ലോടി), ബിജോയ് (നടവയൽ), ജ്വലിൻ മരിയ ഷാജി (ബത്തേരി), ഐശ്വര്യ ബിജു (ചെറുകാട്ടൂർ), ജോനാഥ് തടങ്ങഴി (ചുങ്കക്കുന്ന്) എന്നിവർ യഥാക്രമം 6-15 വരെ തങ്ങളുടെ ആഴമായ ബോധ്യങ്ങളിൽ നിന്നും ദീർഘവീക്ഷണത്തോടെ, അവരുടെ ആശയങ്ങൾ പങ്കുവച്ചു. ഇതിനു സഹായിച്ച മീഡിയ കമ്മീഷനും തിരുസഭയുടെ അഭിമാന താരങ്ങളാകേണ്ട പ്രിയ കൂട്ടുകാർക്കും നന്ദിയും അഭിനന്ദനങ്ങളും..

**"ഓ നല്ല ദൈവമേ".. പ്രാർത്ഥന ശൃംഖല**

അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്ത പ്രാർത്ഥനാ ദിനാചരണത്തിൽ കുഞ്ഞുമിഷണറിമാർ തങ്ങളുടെ മനവും കരങ്ങളും ചേർത്തുവച്ചു. 2020 ആഗസ്റ്റ് 7 രാവിലെ 9 മണിമുതൽ വൈകിട്ട് 4 മണിവരെ. ഓരോ അര മണിക്കൂറും നിശ്ചിത മേഖലകളിൽ നിന്നുള്ളവർ തങ്ങൾക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന പ്രത്യേക നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. കുഞ്ഞു മിഷണറിമാർ ഒരുമയോടെ ഹൃദയങ്ങൾ ചേർത്തുവച്ച പുണ്യദിനത്തിന് മാറ്റു കൂട്ടുവാൻ തങ്ങളുടെ ത്യാഗപൂർവ്വകമായ ഉപവാസം കരുത്തായി. പ്രളയത്തിൽ നിന്നും സംരക്ഷണം, കൊറോണ വൈറസിന്റെ വ്യാപനം ഇല്ലാതാക്കുക, മാനന്തവാടി രൂപതയുടെ നിയോഗങ്ങൾ എന്നിവയായിരുന്നു പൊതു നിയോഗങ്ങൾ. ത്യാഗപൂർവ്വം പ്രാർത്ഥനയുടെ കരമുയർത്തിയ ഏവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**പ്രേഷിത സ്മൃതി-സംസ്ഥാന സമിതി സംഘടിപ്പിച്ച കുഞ്ഞേട്ടൻ ദിനാചരണവും വെബിനാറും**

സംഘടനയെ ഹൃദയത്തിലേറ്റി ലോകാതിർത്തികൾ വരെ മിഷൻ ചൈതന്യം എത്തിച്ച പ്രേഷിത വര്യനായ കുഞ്ഞേട്ടനെ അനു

സ്മരിച്ചുകൊണ്ട് തലശ്ശേരി അതിരൂപത അദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ് അനുസ്മരണ പ്രഭാഷണം നടത്തി. വെബിനാറിൽ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷണറിമാരെ കുറിച്ചും ഷംഷാബാദ് രൂപത മെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവ് സംസാരിച്ചു. ഈ വെബിനാറിൽ രൂപതയുടെ വിവിധ മേഖലകളിൽ നിന്നുമായി 30 ലേറെ മിഷൻലീഗ് അംഗങ്ങളും രൂപത സമിതിയും പങ്കെടുത്തു. മിഷൻ പ്രവർത്തനങ്ങളെപറ്റിയും മിഷണറിമാരെ പറ്റിയും കൂടുതൽ അറിയുവാനും പിതാവുമായി സംവദിക്കാനുമൊക്കെ കിട്ടിയ അസുലഭ അവസരമായിരുന്നു വെബിനാർ. പങ്കെടുത്ത എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**WITHDRAW EIA 2020**

ഭൂമിയെയും പ്രകൃതിയെയും നശിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ EIA 2020 യ്ക്കെതിരെ ചെറുപുഷ്പ മിഷൻലീഗ് ശക്തമായി പ്രതികരിച്ചു. EIA 2020 പിൻവലിക്കണമെന്നാവശ്യപ്പെട്ടും അതിനോട് ശക്തമായി പ്രതിഷേധിച്ചുകൊണ്ടും രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരകാനായിൽ പെറ്റീഷൻ സമർപ്പിച്ചു. EIA യുടെ ഭാവി ഭവിഷത്തുകളെയും പ്രത്യാഘാതങ്ങളെയും പറ്റി മുതിർന്നവരെ ബോധവാൻമാരാക്കുന്നതിനായി യുവ പ്രതിനിധി ശ്രീ.അജയ് ആന്റോ സോയി സി.എം.എൽ. ഫേസ്ബുക്ക് പേജിലൂടെ സംസാരിക്കുകയും പ്രതികരിക്കുകയും ചെയ്തു. ശക്തവും യുക്തവുമായ ഭാഷയിൽ EIA യ്ക്കെതിരായി ശബ്ദമുയർത്തുകയും, പോസ്റ്ററുകളിലൂടെയും മെയിലുകളിലൂടെയുമൊക്കെ പ്രതിഷേധിക്കുകയും ചെയ്ത എല്ലാ മിഷൻലീഗ് പ്രവർത്തകർക്കും അഭിനന്ദനങ്ങൾ..

**സ്വർഗ്ഗത്തിലുണ്ടൊരു അമ്മ**

പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനുള്ള ഏറ്റവും അടുത്ത ഒരുക്കമായി ആഗസ്റ്റ് 11 മുതൽ 15 വരെ അമ്മയോടൊപ്പം ധ്യാന ചിന്തകളിലൂടെ ഒരു യാത്രനടത്തി. ഈ ദിനങ്ങളിൽ അമ്മയുടെ ജീവിത ബന്ധിയായ ചിന്തകളും അതിനനുസരണമായ പ്രാർത്ഥനകളും ഉൾകൊള്ളുന്ന സന്ദേശങ്ങൾ സ്വർഗ്ഗത്തിലുണ്ടൊരു അമ്മ എന്ന പേരിൽ കുഞ്ഞു മിഷണറിമാരിലെത്തിച്ചു.

**അല്മായ നേതൃദിനം-കുഞ്ഞേട്ടൻ അനുസ്മരണ ദിനം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുഞ്ഞേട്ടൻ അനുസ്മരണ ദിനം അല്മായ നേതൃദിനമായി ആചരിച്ചു. മിഷൻലീഗിന്റെ ഹൃദയമായി നിലയ്ക്കാത്ത ശബ്ദവും തളരാത്ത നാവുമായി, ഭാരതത്തിൽ

അങ്ങോളം ഇങ്ങോളം മിഷൻ ശബ്ദമായത് അത്മായ ശ്രേഷ്ഠനായ കുഞ്ഞേട്ടനായിരുന്നു. ത്യാഗപൂർവ്വം തന്റെ ജന്മം മിഷൻ പ്രവർത്തന ത്തിനായി മാറ്റിവച്ച കുഞ്ഞേട്ടന്റെ പാവന സ്മരണയ്ക്കുമുമ്പിൽ പ്രാർത്ഥനാ മഞ്ജരികൾ. ഈ നല്ല ദിനത്തിൽ മിഷൻലീഗ് പ്രസ്ഥാന ത്തിനുവേണ്ടി ശാഖ, മേഖല, രൂപത തലങ്ങളിൽ അദ്ധ്വാനിക്കുന്ന എല്ലാ വർക്കും ഈ ദിനത്തിന്റെ എല്ലാവിധ നൻമകളും അഭിനന്ദനങ്ങളും രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ പ്രാർത്ഥനാപൂർവ്വം ആശംസിച്ചു.

**മാതാവിന്റെ സ്വർഗ്ഗാരോപണവും സ്വാതന്ത്ര്യദിനവും**

ചെറുപുഷ്പ മിഷൻലീഗ് രൂപത കേന്ദ്രത്തിൽ നിന്നും സി.എം.എൽ മീഡിയ സെല്ലിന്റെ സഹായത്തോടെ, മാതാവിന്റെ സ്വർഗ്ഗാ രോപണത്തിന്റെ ചരിത്രം രൂപത വൈ.പ്രസിഡന്റ് കുമാരി ആര്യ കൊച്ചുപുരയ്ക്കൽ സോഷ്യൽ മീഡിയകളിലൂടെ അവതരിപ്പിക്കുകയും സ്വാതന്ത്ര്യദിനാഘോഷത്തിന്റെ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**നൻമനിറഞ്ഞോരമ്മേ...പെൻസിൽ ഡ്രോയിങ്ങ് മത്സരം**

മാതാവിന്റെ സ്വർഗ്ഗാരോപണം വിഷയമാക്കികൊണ്ട്, ചെറു പുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പെൻസിൽ ഡ്രോയിങ്ങ് മത്സരം നടത്തി. 5–15 വയസ്സുവരെയും (എ, വിഭാഗം), 16 മുതൽ (ബി, വിഭാഗം) എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി നടന്ന മത്സരത്തിൽ വിവിധ ശാഖ കളിൽ നിന്നായി 300 ലേറെ കലാപ്രതിഭകൾ പങ്കെടുത്തു. ഈ മത്സര ത്തിൽ എ വിഭാഗത്തിൽ, അജു സജി (പാടിച്ചിറ), ടിന്റു പേരാംകോ ട്ടിൽ (മീനങ്ങാടി), മിഷ ജോൺസൺ (മൂലങ്കാവ്) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും, ബി വിഭാഗത്തിൽ നിന്നും ബിബിൻ ബാബു (പയ്യമ്പള്ളി), മിന്റ കൊച്ചുപറമ്പിൽ (പേര്യ), ബ്രിജിറ്റ് ജോഷി (മൂലേപ്പാടം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാന ത്തിനും അർഹരായി. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് വിജയി കളായവർക്കും അഭിനന്ദനങ്ങൾ...

**സോഷ്യൽ മീഡിയകളുടെ അപകടകരമായ പിന്നാമ്പുറങ്ങളിലൂടെ ഒരു യാത്ര**

സോഷ്യൽ മീഡിയകളുടെ പിന്നാമ്പുറങ്ങളിൽ പതിയിരിക്കുന്ന ചതിക്കുഴികളെയും വിഷക്കെണികളെയും പറ്റി നാളെയുടെ വാഗ്ദാന ങ്ങളായ കുഞ്ഞുങ്ങളെയും യുവജനങ്ങളെയും ബോധവത്കരിക്കുന്ന വീഡിയോ പരിപാടി രൂപത സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി. യൂട്യൂബ്, ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ മീഡിയകളിൽ ലഭ്യ മാണ്.

**ചിങ്ങം ഒന്ന് – കർഷക ദിനം**

കർഷകനെയും കൃഷി സമ്പ്രദായങ്ങളെയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും കർഷകന്റെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞുകൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ കുഞ്ഞുമിഷണറിമാർ രംഗത്തെത്തി. കർഷകരെ ആദരിക്കുന്ന വീഡിയോ പ്രസംഗങ്ങളിലൂടെയും കാർഷിക സംസ്കാരത്തെയും സമ്പന്നതയെയും എടുത്തു കാണിക്കുന്ന പോസ്റ്ററുകളിലൂടെയും കർഷക ദിനത്തിന് മാറ്റു കൂട്ടി. മികച്ച വീഡിയോ പ്രസംഗമായി തിരഞ്ഞെടുക്കപ്പെട്ടത് മരിയ തേക്കനാടി (മണിമൂളി), മികച്ച പോസ്റ്റർ ആയി തിരഞ്ഞെടുക്കപ്പെട്ടത് റോമിയോ നീറാമ്പുഴ (നെടുമ്പാല) എന്നിവരാണ്. ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

**മേഖല വാർത്തകൾ:**

**നിലമ്പൂർ മേഖല**

മിഷൻ ലീഗിന്റെ നേതൃത്വത്തിൽ രക്തദാനം നടത്തി. ജൂണിയർ ടീം രൂപീകരിച്ചു. ദുക്റാനതിരുനാളിന് തോമസ് നാമധാരികൾക്ക് ആശംസകൾ അറിയിച്ചു. +2 വരെയുള്ള കുട്ടികൾക്കായി പ്രസംഗ മത്സരം നടത്തി. പ്രവർത്തനവർഷ ഉദ്ഘാടനവും, ഉണർവ് എന്ന പേരിൽ മാർഗ്ഗരേഖ പ്രകാശനവും നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി.അൽഫോൻസാമ്മയുടെ ജീവിതം പരിചയപ്പെടുത്തുന്ന വീഡിയോ പ്രക്ഷേപണ മത്സരം നടത്തി. മേഖല എക്സിക്യൂട്ടീവ് കൂടി.

**നടവയൽ മേഖല**

കോവിഡ് പ്രതിസന്ധികൾക്കിടയിൽ ദുരിതത്തിലായ മൂന്നു അഗതിമന്ദിരങ്ങളിലായി – നടവയൽ ഓസാനാംഭവൻ, കേണിച്ചിറ മരിയ സദൻ, പനമരം നവജ്യോതി–മുപ്പതിനായിരം രൂപയും ഒരു ലക്ഷം രൂപയുടെ ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തു. 2020–2021 പ്രവർത്തന വർഷ ഉത്ഘാടനവും ഹെസദ് എന്ന പേരിൽ മാർഗ്ഗരേഖ പ്രകാശനവും നടത്തി. വിയാനി ദിനത്തിൽ മേഖലയിലെ എല്ലാ ശാഖാ ഡയറക്ടേഴ്സിനെയും സന്ദർശിച്ച് ആശംസ കാർഡും സമ്മാനവും നൽകി.

**കൽപ്പറ്റ മേഖല**

ജൂൺ 28 ന് വി.പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ തിരുനാളിനോടനുബന്ധിച്ച് ബൈബിൾ ക്വിസ്സ് നടത്തി. ജൂലൈ 31 ന് വി.അൽ

ഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മേഖലയിൽ ടീച്ചിംഗ് സ്കിൽ കോമ്പറ്റീഷൻ നടത്തി. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ജൂനിയർ സീനിയർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായി ദേശഭക്തി ഗാന മത്സരം നടത്തി.

**ചുങ്കക്കുന്ന് മേഖല**

ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ, കേളകം ഗവ.ആശുപത്രിയുടെ സഹായത്തോടെ ആയിരത്തിലേറെ കുടുംബങ്ങൾക്ക് കോവിഡ് 19 ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്തു.

**ശാഖാ വാർത്തകൾ**

**കല്ലോടി ശാഖ:**

ദുക്റാന തിരുനാളിനോടനുബന്ധിച്ച് സർഗ്ഗസ്മൃതി എന്ന പേരിൽ ഓൺലൈൻ കലാപരിപാടികൾ നടത്തി. സ്പർശം – കാലവർഷക്കെടുതികൾ മൂലം തകരാറിലായ വീടുകളുടെ റിപ്പയറിങ്ങിനാവശ്യമായ ഷീറ്റുകൾ വിതരണം ചെയ്തു. പാഥേയം – ഇടവകയിലെ അർഹരായ 125 കുടുംബങ്ങൾക്ക് കമ്മില്ലസ് സഭയുടെ സഹായത്തോടെ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ രണ്ട് കുടുംബങ്ങൾക്ക് ആട്ടിൻ കുട്ടിയെ നൽകി. ഇടവകാംഗമായ ഡോ.വിന്നിയുടെ സഹായത്തോടെ Health Awareness Programme നടത്തി. വിയാനി ദിനത്തിൽ  വിയാനിഭവനിലുള്ള വൈദീകരുടെ ഫോട്ടോകൾ സ്വീകരിച്ച് വീഡിയോ ഉണ്ടാക്കി അവരെ ആദരിച്ചു. സംസ്ഥാനതല പ്രേഷിത സ്മൃതി വെബിനാറിൽ 13 പെർ പങ്കെടുത്തു. കുഞ്ഞേട്ടൻ അനുസ്മരണദിനത്തിൽ കുഞ്ഞേട്ടനെ കുട്ടികൾക്കു പരിചയപ്പെടുത്തുന്ന വീഡിയോ നിർമ്മിച്ചു. കുഞ്ഞേട്ടൻ ചിത്രരചനാ മത്സരം നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് മാതാവിന്റെ വ്യത്യസ്ത ചിത്രങ്ങൾ ഉപയോഗിച്ച് വീഡിയോ നിർമ്മാണ മത്സരം നടത്തി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഇടവകയിലെ എക്സ് മിലിട്ടറിക്കാരെ ആദരിച്ചു. മുൻ സൈനികൻ ആഗസ്തി പഞ്ചാകുഴിയുമായി ശാഖാ പ്രസിഡന്റ് ഡാനിഷ് അഭിമുഖം നടത്തി.

**ചുണ്ടക്കര ശാഖ**

ചുണ്ടക്കര ശാഖയുടെ 2020-2021 പ്രവർത്തന വർഷ ഉത്ഘാടനം, നടവയൽ ഓസാനാംഭവനിൽ 21100 രൂപയുടെ ഭക്ഷണസാധനങ്ങൾ നൽകികൊണ്ട് ശാഖ അസി.ഡയറക്ടർ ഫാ.ടോണി ഏലംകുന്നേൽ നിർവഹിച്ചു.

**ചെറുകാട്ടൂർ ശാഖ**

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് യൂട്യൂബ് ചാനൽ ആരംഭിച്ചു. കോവിഡ് പ്രത്യാഘാതം നേരിടുന്ന വൃദ്ധസദന ങ്ങൾക്കു നൽകുന്നതിനായി 16000 ത്തോളം രൂപ നടവയൽ മേഖല ടീ മിനെ ഏൽപിച്ചു. ഓൺ ലൈൻ പഠന സൗകര്യമില്ലാത്ത കുട്ടികൾക്ക് മൊബൈൽ ഫോണുകൾ വിതരണം ചെയ്തു.

**നടവയൽ ശാഖ**

ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതി രോധ ഹോമിയോ മരുന്നു വിതരണം ചെയ്തു. കുഞ്ഞേട്ടൻ അനുസ്മ രണ ദിനത്തോടനുബന്ധിച്ച് 'ആർദ്രം' എന്ന പേരിൽ കമില്ലസ് സന്യാസ സമൂഹത്തിന്റെ സഹായത്തോടെ ഇടവകയിലെ 150 കുടുംബങ്ങൾക്കായി ഭക്ഷ്യ-ധാന്യ കിറ്റ് വിതരണം ചെയ്തു. വിയാനി ദിനത്തിൽ നടവയ ലിലെ കുഞ്ഞുമിഷണറിമാർ അഭിവന്ദ്യ പിതാക്കൻമാരെയും രൂപതയിലെ മുഴുവൻ വൈദീകരെയും ഫോണിൽ വിളിച്ച് ആശംസകൾ നേർന്നു. കുട്ടികൾക്ക് നറുക്കിട്ട് കിട്ടിയ വൈദീകർക്കായി ഒരുവർഷം മുഴുവൻ അവർ പ്രാർത്ഥിക്കുമെന്ന് ഉറപ്പു നല്കുകയും ചെയ്തു.

കർമ്മ വീഥികളിൽ നന്മയുടെയും കാരുണ്യത്തിന്റെയും ചിന്ത കൾ നിറച്ച്, മിഷൻ മുദ്രാവാക്യങ്ങൾ ജീവിതബന്ധിയാക്കി നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിനിരക്കാം...

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

**പ്രവർത്തന മാസാചരണം**

കെ.സി.വൈ.എം. പ്രവർത്തന മാസാചരണമായ ആഗസ്റ്റ് മാസത്തിൽ യുവജനങ്ങൾ കൂടുതൽ പ്രവർത്തനസജ്ജരായി കാലഘട്ടത്തിനനുസൃതമായ പ്രവർത്തന തലങ്ങളിലൂടെ മുന്നേറുന്നു. കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതിയുടെ നിർദ്ദേശാനുസരണം സാധിക്കുന്ന യൂണിറ്റുകളിലെല്ലാം പതാക ഉയർത്തിയും ഓൺലൈൻ മീറ്റിംങ്ങുകൾ സംഘടിപ്പിച്ചും കെ.സി.വൈ.എം. ആന്തമാലപിച്ചും പ്രവർത്തന മാസാചരണത്തിന് തുടക്കം കുറിച്ചു.

**വിയാനി ദിനം – ആഗസ്റ്റ് 4**

വിശ്വാസത്തിന്റെയും മാനസാന്തരത്തിന്റെയും പാതയിലേക്ക് ആഴ്സിലെ ജനങ്ങളെ നയിക്കാൻ ആളൊഴിഞ്ഞ ദേവാലയത്തിൽ സക്രാരിക്കുമുൻപിൽ കൈവിരിച്ചു മണിക്കൂറുകളോളം പ്രാർത്ഥിച്ച വിയാനി പുണ്യവാളന്റെ തിരുനാൾ ദിനത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത എല്ലാ ഇടവക വൈദികർക്കും പ്രത്യേകമായി വിയാനി ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്ന വൈദീകരെയും ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**COFFY**

നേതൃത്വ പരിശീലന കളരിയായ COFFY യുടെ ആഗസ്റ്റ് മാസത്തെ ക്ലാസ് 'തേങ്ങുന്ന കാർഷികം താങ്ങാവണം യുവത്വം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ടു. ആഗസ്റ്റ് 2-ന് ZOOM വഴിയായി നടത്തപ്പെട്ട ക്ലാസ് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ മുൻ പ്രസിഡന്റും നിരവധി മേഖലകളിൽ പ്രഗത്ഭനുമായ ശ്രീ. ജോസ് പള്ളത്ത് നയിച്ചു.

**മാസ്ക് വിതരണം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആദിവാസി കുടുംബങ്ങൾക്ക് ഒരു ലക്ഷം മാസ്ക് എന്ന പദ്ധതിയുടെ ഭാഗമായി 1500 മാസ്ക്കുകൾ ബത്തേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് രൂപതാ സമിതി കൈമാറി. മുള്ളൻക്കൊല്ലി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾക്കായുള്ള 2000 ത്തോളം മാസ്ക്കുകൾ പുൽപ്പള്ളി

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ബാബുവിന് മുള്ളൻക്കൊല്ലി മേഖല കൈമാറി. കെ.സി.വൈ.എം. മുള്ളൻക്കൊല്ലി മേഖല പ്രസിഡന്റ് ആന്റണി മങ്കടപ്ര, ഡയറക്ടർ ഫാ. പോൾ ഇടയകൊണ്ടാട്ട്, ബിബിൻ മേമ്മാട്ട് എന്നിവർ പങ്കെടുത്തു.

**ഹാഗിയ സോഫിയ വിലാപദിനം**

ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവ കത്തീഡ്രലായിരുന്ന ഹാഗിയ സോഫിയ ക്രൈസ്തവരുടെ നെഞ്ചിലെ മുറിവായി ത്തീർന്നിരിക്കുന്നു. ക്രൈസ്തവ വിശ്വാസത്തെ ഹനിക്കുന്ന രീതിയിലുള്ള പ്രവർത്തിക്കെതിരായി കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ പരിപാടിയിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയും പങ്കുചേർന്നു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം. രൂപത വൈസ് പ്രസിഡന്റ് കുമാരി ടെസിൻ വയലിൽ പ്രതിഷേധം അറിയിച്ചു. 32 രൂപതകളിൽ നിന്നായി നേതാക്കൾ പങ്കുചേർന്നു. സോഷ്യൽ മീഡിയയിലൂടെയും ഇതിനെതിരെ കെ.സി. വൈ.എം. പ്രതിഷേധിച്ചു.

## Marian Melodies

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് SH നിർമ്മല പ്രൊവിൻസും കെ.സി.വൈ.എം. മാനന്തവാടി രൂപതയും സംയുക്തമായി Marian Melodies എന്ന പേരിൽ മരിയൻ ഗാന മത്സരം സംഘടിപ്പിച്ചു. മാനന്തവാടി രൂപതയിലെ 15 മുതൽ 35 വയസ്സുവരെ പ്രായമുള്ളവർക്കായി നടത്തിയ ഈ മത്സരത്തിൽ രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നായി 102 പേർ പങ്കെടുത്തു. മൊബൈലിലോ, ക്യാമറയിലോ റെക്കോർഡ് ചെയ്ത് 7 മിനുട്ടിൽ കവിയാത്ത മാതാവിന്റെ മലയാളം ഭക്തിഗാനങ്ങളുടെ വീഡിയോയാണ് മത്സരത്തിനായി പരിഗണിച്ചത്. വിജയികളെ നിർണയിച്ചത് 75% ജഡ്ജ്മെന്റ് മാർക്കും 25% S.H Nirmala Voice Mananthavady എന്ന യൂ ട്യൂബ് ചാനലിൽ ആഗസ്റ്റ് 15 വരെ വന്ന വ്യൂവ്സ്, ലൈക്ക്, കമന്റ് എന്നിവയെ അടിസ്ഥാന പ്പെടുത്തിയാണ്.

**വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരണം.**

സഹനങ്ങളെ പ്രാർത്ഥനകളാക്കി ലോകത്തിനായി മാദ്ധ്യസ്ഥം വഹിച്ച പുണ്യകുസുമം. ഭാരതസഭയുടെ ആദ്യ വിശുദ്ധ-വി. അൽഫോൻസാമ്മ. ജൂലൈ 28. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം. ത്യാഗം, സഹനം, പരസ്നേഹം എന്നീ പുണ്യപ്രവർത്തികളി ലൂടെ സ്വയം അഴിഞ്ഞില്ലാതായി സ്വർഗ്ഗീയ കിരീടം കുരിശിനാൽ നേടിയെടുത്തവൾ. അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് തേടാം. പ്രാർത്ഥന

കളും സഹനങ്ങളും ത്യാഗങ്ങളും വഴി ലോകത്തിനായി അമ്മയെ പ്പോലെ നമുക്കും മാദ്ധ്യസ്ഥ്യം വഹിക്കാം. സഹനത്തിന്റെ പുണ്യപുത്രിയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിന്റെ മംഗളങ്ങൾ, അൽഫോൻസ നാമധാരികളായ എല്ലാവർക്കും ആശംസ കൾ അറിയിച്ചു.

**വി. അന്ന പുണ്യവതിയുടെ തിരുനാൾ ആഘോഷം**

വി. അന്ന പുണ്യവതിയുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം കൊണ്ടാടി. അന്നേദിവസം നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കെ.സി.വൈ.എം. മാനന്തവാടി രൂപത ആനിമേറ്റർ സി. സാലി ആൻസ് സിഎംസിക്കും, തരിയോട് മേഖല ആനിമേറ്റർ സി. ജീന എസ്. എച്ച്, ബത്തേരി മേഖല ആനിമേറ്റർ സി. നാൻസി എസ്.എ.ബി.എസ്, കൽപ്പറ്റ മേഖല ആനിമേറ്റർ സി. അനിലിറ്റ് എസ്.എച്ച്, ദ്വാരക മേഖല ആനിമേറ്റർ സി. ആൻ തെരേസ് എസ്.എച്ച് എന്നിവർക്കും. ഓഗസ്റ്റ് 11 ന് നാമഹേതുക തിരുനാൾ ആഘോഷിച്ച ചുങ്കക്കുന്ന് മേഖല ആനിമേറ്റർ സി. നോയൽ മരിയ എസ്.എ.ബി.എസ്, ഓഗസ്റ്റ് 15 ന് നാമഹേതുക തിരുനാൾ ആഘോഷിച്ച മുള്ളൻക്കൊല്ലി മേഖല ആനിമേറ്റർ സി. മെർലിൻ പള്ളിക്കാട്ട് എസ്.എ.ബി.എസ്. എന്നിവർക്ക് ആശംസകൾ അറിയിച്ചുകൊണ്ടുള്ള വീഡിയോകളും പോസ്റ്റുകളും ചെയ്യുകയും ചെയ്തു.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

മഴക്കെടുതി മൂലം വിവിധ സ്ഥലങ്ങളിൽ ഉണ്ടായ ദുരിതങ്ങളിൽ താങ്ങായി കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ യുവജനങ്ങൾ. ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ സഹായമെത്തിക്കുകയും മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

**സമരിറ്റൻസ് മാനന്തവാടി**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ടീമായ സമരിറ്റൻസ് മാനന്തവാടിയിലേക്ക് വോളണ്ടിയർമാരെ നൽകി. കോവിഡ് മരണാനന്തര പ്രവർത്തനങ്ങൾ ക്കായി സജ്ജമാക്കിയിരിക്കുന്ന ഈ ടീമിൽ നിന്നും 36 അംഗങ്ങൾ കെ.സി.വൈ.എം. സംസ്ഥാന സമിതി നടത്തിയ ട്രെയിനിംങ്ങിൽ പങ്കെടുത്തു.

**EIA ബില്ലിനെതിരെ പ്രതിഷേധം**

പരിസ്ഥിതിയെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള സർക്കാർ നടപടികൾക്കെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രതി ഷേധിച്ചു. വികസനങ്ങൾ നല്ലതാണ് പക്ഷേ പ്രകൃതിക്കും മനുഷ്യനും

ദോഷകരമായി തീരുന്ന വികസന പ്രവർത്തനങ്ങൾക്ക് തടയിടേണ്ടത് അത്യാവശ്യമാണ്. EIA ബില്ല് നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ട് യുവജനങ്ങൾ E mail അയച്ചു.

**നൈതികം 2020-ഏകദിന ഉപവാസസമരവും സ്വാതന്ത്ര്യ സമര സേനാനികളെ അനുസ്മരിക്കലും**

ആനുകാലിക വിഷയങ്ങളെ ഉയർത്തിക്കാട്ടിക്കൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപത ആഗസ്റ്റ് 15 ന് ഏകദിന ഉപവാസ സമരം സംഘടിപ്പിച്ചു. പിൻവാതിൽ നിയമനങ്ങൾ, കാർഷികമേഖല നേരിടുന്ന പ്രതിസന്ധികൾ, EIA ബിൽ തുടങ്ങിയ വിഷയങ്ങളിൽ ഹനിക്കപെടുന്ന അവകാശങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യ പ്പെട്ടാണ് സമരം നടത്തിയത്. വ്യത്യസ്ത മേഖലകളിൽ നിന്നായി നൂറോളം യുവജന നേതാക്കൾ ഒരേ സമയം ഒരേ ദിവസം വ്യത്യസ്ത ഇടങ്ങളിൽ ഉപവാസമിരുന്നു. ഏകദിന ഉപവാസസമരത്തിന്റെ ഉദ്ഘാ ടന സമ്മേളനത്തിന് അധ്യക്ഷസ്ഥാനം വഹിച്ചത് കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചത് മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, ആമുഖ പ്രഭാഷണം നടത്തിയത് കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആശംസ അർപ്പിച്ച് സംസാരിച്ചത് പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പിള്ളി എന്നിവരാണ്. സമാപന സമ്മേളനത്തിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തിന് വേണ്ട പിന്തുണ നൽകികൊണ്ട് മുഖ്യപ്രഭാഷണം നടത്തിയത് ശ്രീ. ഐ.സി. ബാലകൃഷ്ണൻ MLA, അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചത് കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ പി. ബാബു എന്നിവർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയുടെ നറുമലരുകൾ അർപ്പി ക്കുന്നു.

വിവിധ മേഖലകളിൽ നിന്നായ് ആനുകാലിക വിഷയങ്ങളെ ഉയർത്തിക്കാട്ടികൊണ്ട് സമരത്തിന് പിന്തുണ നല്കി സംസാരിച്ച ശ്രീ.ബെന്നി കൈനിക്കൽ, ശ്രീ. ഷെറിൻ കാട്ടുക്കുന്നേൽ, അഡ്വ. ജിജിൽ, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ബിനു ഏറനാട്ട്, ശ്രീ. മാത്യു തറയിൽ, ശ്രീ. CM സന്തോഷ് മാത്യു, ശ്രീ. ബിജു പാലത്തിങ്കൽ, ശ്രീ. ആന്റണി മങ്കടപ്ര, റവ. ഫാ. ജോസ് മേച്ചേരി, ശ്രീ. ജസ്റ്റിൻ ലൂക്കോസ്, ശ്രീ ഒ.പി. അബ്രഹാം, റവ.ഫാ.ജോസ് ഇടക്കുടിയിൽ, ശ്രീ.ജോയ്സ് പുൽപറമ്പിൽ, ശ്രീ. ടോണി പുത്തൻവീട്ടിൽ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

ഏറെ പ്രത്യേകമായി വേണ്ട ക്രമീകരണങ്ങൾ നടത്തിയും ഉപവാസത്തിൽ പങ്കുചേർന്നും രൂപതയോട് ഒപ്പമായിരുന്നുകൊണ്ട് വേണ്ട സഹായ സഹകരണങ്ങളും നൽകിയ കെ.സി.വൈ.എം. മേഖല, യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ യുവജന സുഹൃത്തുക്കൾ എന്നിവർക്കും സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കും നന്ദിയർപ്പിക്കുന്നു.

**പ്രാർത്ഥനാ ദിനം**

ആഗസ്റ്റ് 7 ന് വെള്ളിയാഴ്ച മാനന്തവാടി രൂപതയോട് ചേർന്ന് ഏകദിന ഉപവാസ പ്രാർത്ഥനയിൽ കെ.സി.വൈ.എം. പങ്കുചേർന്നു. രാവിലെ 8 മണി മുതൽ 10 മണിവരെ വിവിധ മേഖലകളിൽ ഓരോ മണിക്കൂർ വീതം ജപമാല, ദിവ്യകാരുണ്യ ആരാധന, കരുണ കൊന്ത എന്നിവയിലൂടെ രൂപത നേതൃത്വത്തോട് ചേർന്ന് പ്രാർത്ഥനയിൽ ഒരുമിച്ചു. രൂപത സെക്രട്ടറിയേറ്റ് അംഗങ്ങളും വിവിധ സമയങ്ങളിൽ അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ വച്ച് പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്നു. സമൂഹത്തിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസിൽ നിന്നും നാടിനെ സംരക്ഷിക്കാൻ വേണ്ടി ദൈവാനുഗ്രഹവും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥവും പ്രാർത്ഥിച്ചു. പ്രാർത്ഥനാ ദിനത്തിൽ സഹകരിച്ച വിവിധ മേഖലകൾ, യൂണിറ്റുകൾ രൂപത നേതൃത്വസമിതി എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**കർഷകദിനം**

വയലേലകളിലും തൊടികളിലും തോട്ടങ്ങളിലും പണിയെടുക്കുന്ന കർഷകന്റെ ദിനമായ ചിങ്ങം 1 ന് എല്ലാ കർഷകർക്കും വിവിധ മീഡിയകളിലൂടെ കർഷകദിനാശംസകൾ അറിയിച്ചു. മഴക്കെടുതിയുടെയും, covid 19 മഹാമാരിയുടെയും നടുവിൽ മറ്റൊരു കർഷകദിനം കൂടി കടന്ന് പോകുമ്പോൾ, അന്നമൂട്ടുന്ന കർഷക സഹോദരങ്ങളെ ആദരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മഹത്തായ സേവനങ്ങളെ അനുമോദിക്കുന്നതിനുമുള്ള മഹാസുദിനമാണെന്ന് ഓർമ്മപ്പെടുത്തുന്നതായിരുന്നു സന്ദേശം.

**സ്വാഗതം**

കെ.സി.വൈ.എം. മുള്ളൻക്കൊല്ലി മേഖല ഡയറക്ടറായി ചുമതലയേറ്റ റവ. ഫാ. സാന്റോ അമ്പലത്തറയെ കെ.സി.വൈ.എം മാനന്തവാടി രൂപത കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു.

**നന്ദിയോടെ**

കഴിഞ്ഞ നാളുകളിൽ മുള്ളൻക്കൊല്ലി മേഖലയെ നയിച്ച റവ.ഫാ. പോൾ ഇടയകൊണ്ടാട്ടിന് കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

**ആദരാഞ്ജലികൾ**

രാജമല മണ്ണിടിച്ചിലിലും കരിപ്പൂർ വിമാന അപകട ദുരന്തത്തിലും മരണമടഞ്ഞവർക്ക് കെ.സി.വൈ.എം. രൂപതാ സമിതിയുടെ ആദരാഞ്ജലികൾ അർപ്പിച്ചു.

**മേഖല വാർത്തകൾ**

**മണിമൂളി മേഖല**

ഓഗസ്റ്റ് 2-ന് മേഖലയിലെ യൂണിറ്റുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ പതാക ഉയർത്തികൊണ്ട് മാസാചരണത്തിന് തുടക്കം കുറിച്ചു. ഓഗസ്റ്റ് 4 ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റ് വികാരിമാരെ ആശംസകളറിയിച്ചു. യൂണിറ്റുകളിൽ മീറ്റിംങ്ങ് നടത്തുകയും വികാരിമാരെ ആദരിക്കുകയും ചെയ്തു. മാസാചരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തോടനുബന്ധിച്ചു മേഖല സിൻഡിക്കേറ്റ് കൂടുകയും അന്നേ ദിവസം മണിമൂളി - നിലമ്പൂർ വികാരി ജനറാൾ റവ. ഫാ. തോമസ് മണക്കുന്നേൽ, കെ.സി.വൈ.എം ഡയറക്ടർ ഫാ. മാത്യു കറുത്തേടം എന്നിവരുടെ നേതൃത്വത്തിൽ സമരിറ്റൻസ് മാനന്തവാടി - മണിമൂളി മേഖല അംഗങ്ങൾക്കുള്ള പരിശീലനം നടത്തി. ആരോഗ്യ പ്രവർത്തകരായ Dr. Lal Parameswar, Jr. Health Inspector. Rejin Shankar, Staff nurse Anu Antony എന്നിവർ നേതൃത്വം നൽകിയ ക്ലാസിൽ എല്ലാ യുണിറ്റ് ഭാരവാഹികളും ആനിമേറ്റേഴ്സും പങ്കെടുത്തു. മേഖല പ്രസിഡന്റ് ശ്രീ.ജോഷി പാലക്കാട്ട് അധ്യക്ഷനായ മീറ്റിംങ്ങിൽ ഫാ. മാത്യു കറുത്തേടത്ത്, മുൻ മേഖല പ്രസിഡന്റ് ശ്രീ. സന്തോഷ് ചെട്ടിശേരി, വൈസ്. പ്രസിഡന്റ് നീതു കോലത്താൻവേലിൽ എന്നിവർ സംസാരിച്ചു. മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചു നൈതികം 2020 എന്ന പേരിൽ പിൻവാതിൽ നിയമനത്തിനെതിരെയും, കർഷക വിരുദ്ധതക്കെതിരെയും, പുതിയ പരിസ്ഥിതി നിയമത്തിന് (EIA) എതിരെയും, കൂടാതെ പ്രാദേശിക വിഷയങ്ങളായ നിലമ്പൂർ-മേപ്പാടി ഹിൽ ഹൈവേ നടപ്പാക്കുക, നിലമ്പൂർ- നഞ്ചൻകോഡ് റയിൽവേ യാഥാർത്ഥ്യമാക്കുക, ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക എന്നീ വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് കെ.സി.വൈ.എം. മണിമൂളി മേഖലയുടെ

നേതൃത്വത്തിൽ ഉപവാസസമരം നടത്തി. മണിമൂളി – നിലമ്പൂർ വികാരി ജനറാൾ റവ. ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മേഖല പ്രസിഡന്റ് ശ്രീ. ജോഷി പാലക്കാട്ട് അധ്യക്ഷ നായിരുന്നു. ഫാ. മാത്യു കറുത്തേടത്ത്, ശ്രീ. ബിജു പാലത്തിങ്കൽ, ശ്രീ. സന്തോഷ് മാത്യു ചെട്ടിശ്ശേരിൽ, റോബിൻ വടക്കേക്കര, അഖിൽ കൊല്ലംപറമ്പിൽ, സനിൽ ഒറവാറന്തറ സി. ഫിലോ FCC എന്നിവർ പ്രസംഗിച്ചു. മേഖലയുടെ നേതൃത്വത്തിൽ പഠന ഉപകരണങ്ങൾ ആവശ്യമുള്ളവരെ സഹായിക്കുന്നതിന്റെ ഭാഗമായി IAS കോച്ചിംഗിനു സെലക്ഷൻ കിട്ടിയ വിദ്യാർത്ഥിക്ക് ശ്രീ. ജിജി പാലമലയുടെ നേതൃത്വത്തിൽ Laptop നല്കി.

**തരിയോട് മേഖല**

ദുക്റാന തിരുനാളിന് തോമസ് നാമധാരികൾക്ക് സാമൂഹ്യ മാധ്യമങ്ങളിലൂടെ ആശംസകളറിയിച്ചു. കെ.സി.വൈ.എം. തരിയോട് മേഖല ഡയറക്ടർ റവ. ഫാ. സനോജ് ചിറ്റക്കലിനെ സ്വാഗതം ചെയ്ത് സാമൂഹ്യ മാധ്യമത്തിൽ പോസ്റ്റർ അയച്ചു. ജൂലൈ 24 ന് രൂപത സമിതി യോടു ചേർന്ന് ഹാഗിയ സോഫിയ വിലാപദിനമായി ആചരിച്ചു. വി.അന്നയുടെ തിരുനാൾ മേഖല ആനിമേറ്റർ സി. ജീന എസ്. എച്ചിന് ആശംസകളോടൊപ്പം സമ്മാനവും നൽകി ആദരിച്ചു. മേഖല പ്രസിഡന്റ് അഭിനന്ദ് കൊച്ചുമലയിൽ പതാക ഉയർത്തി കെ.സി.വൈ.എം. മാസാചരണത്തിന് ആരംഭം കുറിച്ചു. കേന്ദ്രത്തിന്റെ പുതിയ പദ്ധതിയായ EIA വിജ്ഞാപനത്തിനെതിരെ പ്രതിക്ഷേധമായി പത്രപ്രസ്താവന ഇറക്കുകയും സാമൂഹ്യ മാധ്യമത്തിൽ പോസ്റ്റർ അയക്കുകയും ചെയ്തു. ഓഗസ്റ്റ് 4 ന് തരിയോട് മേഖലയിലെ എല്ലാ വൈദികരെയും ആശംസകൾ അറിയിച്ചു. രാജമല മണ്ണിടിച്ചിലിലും കരിപ്പൂർ വിമാന അപകടത്തിലും മരണമടഞ്ഞവർക്ക് ആദരാ ഞ്ജലികൾ സാമൂഹ്യമാധ്യമങ്ങൾ വഴി അറിയിച്ചു. ലോകയുവജന ദിനാചരണം സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തി. നൈതികം രൂപതാതല ഏകദിന ഉപവാസദിനം ആചരിച്ചു. റവ.ഫാ.സജി പുഞ്ചയിൽ, റവ. ഫാ. സനോജ് ചിറ്റക്കൽ, സി. ജീന എസ്.എച്ച് മേഖല പ്രസിഡന്റ് അഭിനന്ദ് കൊച്ചുമലയിൽ, ട്രഷറർ ജെസ്പിൻ ജോസഫ്, ടോണി പുത്തൻ വീട്ടിൽ, റിൻസ കാരക്കൽ, ജിപിൻ, ജിൻസ്, തോമസ് കാരക്കാട്ട് എന്നിവർ പങ്കാളികളായിരുന്നു. PERCEPTION എന്ന പേരിൽ തരിയോട് മേഖലയിലെ യുവാക്കൾക്ക് വേണ്ടി ഓൺലൈൻ ക്ലാസ് സാമൂഹ്യ മാധ്യമങ്ങൾ വഴി ആരംഭിച്ചു. ഓൺലൈൻ ക്ലാസ്സിന്റെ വിഷയം കൊറോണക്കാലം എങ്ങനെ ഫലപ്രദമാക്കാം എന്നതായിരുന്നു.

ഉദ്ഘാടനം തരിയോട് ഫൊറോനാ വികാരി റവ. ഫാ. സജി പുഞ്ചയിൽ നിർവ്വഹിച്ചു. ക്ലാസ്സ് നയിച്ചത് റവ. ഫാ. ദേവസ്യ തുണ്ടിയിലാണ്. വിശിഷ്ട വ്യക്തികൾ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, കെ.സി.വൈ.എം. രൂപതാ സെക്രട്ടറി ശ്രീ.ജിയോ മച്ചുകുഴിയിൽ എന്നിവരായിരുന്നു. മേഖലയിലെ യുവജനങ്ങൾ പങ്കാളികളായിരുന്നു.

**മാനന്തവാടി മേഖല**

Covid 19 ഭീഷണി തീവ്രമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും കാലഘട്ടത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുന്നു. ദുക്റാന തിരുനാളിനോടനുബന്ധിച്ച് മേഖലയുടെ നേതൃത്വത്തിൽ പോസ്റ്ററുകൾ ഉണ്ടാക്കി, തിരുനാളിന്റെ മംഗളങ്ങൾ എല്ലാം ശാഖകളിലേക്കും അറിയിച്ചു. കൊറോണ സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് മേഖലയുടെ നേതൃത്വത്തിൽ ഓൺലൈൻ ടെക്സ്റ്റ് ബുക്ക് വിതരണം MISSION MELETI എന്ന പേരിൽ നടത്തി. ബ്ലഡ് ഗ്രൂപ്പ് ഡയറി പൂർത്തീകരിച്ചു. കൊറോണയുടെയും മഴയുടെയും ഇടയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മേഖലയുടെ കീഴിൽ ഉള്ള എല്ലാ ഇടവകകളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 10 കിറ്റുകൾ വീതം നൽകുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ആ പദ്ധതിക്ക് ആശ്വാസം എന്ന പേര് നൽകുകയും ചെയ്തു. covid 19 കൂടിയ സാഹചര്യത്തിൽ മേഖലയെ പ്രതിനിധീകരിച്ച് 5 പേർ സന്നദ്ധ സേവന പ്രവർത്തനത്തിൽ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

ജൂലൈ 27 ന് പാലേമാട് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിജു തൊണ്ടിപറമ്പിലിന് ജന്മദിനാശംസകൾ നേർന്നു. SSLC, +2, CBSE പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ആശംസകൾ നേർന്നു. ഇടവകാതിർത്തിയിൽപ്പെട്ട കുട്ടിക്ക് Online പഠനത്തിനുവേണ്ടി യൂണിറ്റിന്റെ നേതൃത്വത്തിൽ Mobile ഫോൺ വാങ്ങി നൽകി. കെ.സി. വൈ.എം. പ്രവർത്തന മാസാചരണം ആഘോഷിച്ചു. അന്നേദിവസം എല്ലാ ഭാരവാഹികളും വി. കുർബാനയിൽ പങ്കെടുക്കുകയും തുടർന്ന് പതാകയുയർത്തൽ, സിമിത്തേരി സന്ദർശനം, സിമിത്തേരി വൃത്തിയാക്കൽ എന്നിവ നടത്തി. ആഗസ്റ്റ് 7 ന് മാനന്തവാടി രൂപത പ്രാർത്ഥന ദിനമായി ആചരിച്ച ദിവസം യൂണിറ്റിന് നിശ്ചയിച്ച സമയത്ത് എല്ലാ ഭാരവാഹികളും ആയിരിക്കുന്നിടത്തു വച്ച് പ്രാർത്ഥനയിൽ

പങ്ക്ചേർന്നു. ആഗസ്റ്റ് 15 ന് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാചരണവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആചരിക്കുകയും SSLC, +2 പരീക്ഷയിൽ Full A + നേടിയ വിദ്യാർത്ഥി കളെ ആദരിക്കുകയും ചെയ്തു. ഒപ്പം യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോഷി പാലക്കാട്ട് ഇടവകയിലേക്ക് പുതുതായി കടന്നുവന്ന സി. ലിസ്സി ജോണിനെ പൂച്ചെണ്ട് നൽകി സ്വീകരിച്ചു.

**അരുൾ നിലയം യൂണിറ്റ്**

ജൂലൈ 24 ന് രൂപത സമിതിയോടു ചേർന്ന് ഹാഗിയ സോഫിയ വിലാപദിനമായി ആചരിച്ചു. കോവിഡും അദ്ധ്യാത്മികതയും എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം ഓൺലൈൻ വഴി നടത്തി. ജൂലൈ 16 ന് കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ ലോകത്തെ ഗ്രസിച്ചിരിക്കുന്ന മഹാമാരിയെ ചെറുക്കാൻ 2020 നന്മനിറഞ്ഞ മറിയം ചൊല്ലിക്കൊണ്ട് അമ്മയ്ക്ക് ഒരു പുഷ്പമാല സമർപ്പിച്ചു. ജൂലൈ 25 സിമിത്തേരി സന്ദർശനം നടത്തി പൂർവികർക്കായി പ്രാർത്ഥിച്ചു.

**മണിമൂളി യൂണിറ്റ്**

യുവജനങ്ങൾ ദേവാലയവും കപ്പേളയും പരിസരവും വൃത്തി യാക്കി അണുനശീകരണം നടത്തി. അസിസ്റ്റന്റ് വികാരി ഫാ. പ്രിൻസിന്റെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ പ്രസംഗമത്സരത്തിന് യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഓഗസ്റ്റ് 4 ന് വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദികർക്ക് ആശംസകളർപ്പിച്ചു. ഓഗസ്റ്റ് 7 ന് പ്രാർത്ഥനാ ദിനത്തിൽ യൂണിറ്റ് അംഗങ്ങൾ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്നു.

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക സെമിനാർ**

ഓഗസ്റ്റ് 21,22,23 തീയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 85 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് സെപ്റ്റംബർ 18,19,20 തീയതികളിൽ.

**മാതൃവേദി**

മാതൃവേദി മേഖലാ ഡയറക്ടേഴ്സ്: മുൻ വർഷങ്ങളിൽ മാതൃവേദി മേഖലാ ഡയറക്ടർമാരായിരുന്ന ബഹുമാനപ്പെട്ട പോൾ കൊരണ്ടിയാർകുന്നേൽ (നിലമ്പൂർ), സജി പുഞ്ചയിൽ (മണിമൂളി), സജി പുതുക്കുളങ്ങര (നീലഗിരി), ജോസ് തേക്കനാടി (ദ്വാരക) ജോർജ് ആലുക്ക (മുള്ളൻകൊല്ലി), ടോമിക്കുട്ടി വടക്കേമുളഞ്ഞനാൽ (ചുങ്കക്കുന്ന്) എന്നീ അച്ചന്മാർ തൽസ്ഥാനത്തു നിന്നും മാറി. അതാത് മേഖലകളിൽ മാതൃവേദിയുടെ വളർച്ചക്കും പ്രവർത്തനങ്ങൾക്കും അവർ ചെയ്ത സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ബഹുമാനപ്പെട്ട ഡെന്നിസ് പൂവത്തിങ്കൽ (നിലമ്പൂർ), സജി കോട്ടായിൽ (മണിമൂളി), അഗസ്റ്റിൻ താന്നിയിൽ (നീലഗിരി), സജി നെടുങ്കല്ലേൽ (ദ്വാരക), ജെയ്സൻ കുഴികണ്ടത്തിൽ (മുള്ളൻകൊല്ലി), സെബാസ്റ്റ്യൻ കീഴേത്ത് (ചുങ്കക്കുന്ന്) എന്നീ അച്ചന്മാരാണ് പുതിയ മേഖലാ ഡയറക്ടർമാർ. ഈ അച്ചന്മാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. വിവിധ ഇടവകകളിൽ ആനിമേറ്റർമാരായിരുന്ന ഏതാനും സിസ്റ്റേഴ്സും സ്ഥലം മാറിയിട്ടുണ്ട്. അവർക്കും ഹൃദ്യമായ നന്ദി. പുതിയ ആനിമേറ്റേഴ്സിന് സ്വാഗതം.

**രൂപത വാർത്തകൾ**

ഓഗസ്റ്റ് 2-ന് ഓൺലൈൻ വഴി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പ്രധാന തീരുമാനങ്ങൾ:

1) **പ്രവർത്തന വർഷ റിപ്പോർട്ടുകൾ:** ശാഖകളും മേഖലകളും അവരുടെ പ്രവർത്തന റിപ്പോർട്ടുകൾ മുൻവർഷങ്ങളിലേതുപോലെ റിപ്പോർട്ടുബുക്കുകളിൽ വിശദമായി എഴുതുമല്ലോ. ശാഖകളുടെ റിപ്പോർട്ട് സെപ്റ്റംബർ 30 നു മുമ്പായി മേഖലയ്ക്കു നൽകുക. മേഖലകളിൽനിന്നുള്ള റിപ്പോർട്ടുകൾ ഒക്ടോബർ 31 നു മുമ്പായി രൂപതയിൽ എത്തിക്കുക. മേഖലയ്ക്കും രൂപതയ്ക്കും നൽകേണ്ട റിപ്പോർട്ട് എഴുതേണ്ട ഫോർമാറ്റ് രൂപതയിൽനിന്നും നൽകുന്നതാണ്.

2) **മികച്ച ശാഖ, മേഖല നിർണ്ണയം:** ഈ വർഷം മേഖലയും രൂപതയും ശാഖകളിൽ സന്ദർശനം നടത്താൻ സാധിക്കുകയില്ല. ലഭ്യമാകുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഗ്രേഡിങ് സംവിധാനം വഴി മികച്ച ശാഖ, മേഖല നിർണ്ണയം നടത്തുന്നതാണ്. അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപതയിൽനിന്നും തരുന്നതാണ്. മുൻവർഷങ്ങളി ലേതുപോലെ 1, 2, 3 സ്ഥാനനിർണ്ണയം ഈ വർഷം ഇല്ല.

3) **സാന്ത മോണിക്ക:** എല്ലാ ഇടവകകളിൽനിന്നും ഒരു അമ്മയെ വീതം ചേർത്ത് സാന്ത മോണിക്ക എന്ന പേരിൽ മാതൃവേദി ഒരു വാട്ട്സാപ്പ് പ്രാർത്ഥന കൂട്ടായ്മ ആരംഭിച്ചു.

4) **താലന്ത് വീഡിയോകൾ:** അമ്മമാർ പച്ചക്കറിത്തോട്ടം, കരകൗശല വസ്തുക്കൾ എന്നിവ തയ്യാറാക്കുന്നതിന്റെയും മരിയൻഗാനാലാപന ത്തിന്റെയും വീഡിയോകൾ എഡിറ്റ് ചെയ്ത് ചുരുക്കി മാതൃവേദി ഗ്രൂപ്പുകൾവഴി ഷെയർ ചെയ്യുന്നതാണ്.

5) **ആദരിക്കൽ:** ടീച്ചേഴ്സ്, നഴ്സുമാർ, പൊതുപ്രവർത്തകർ, നേഴ്സറി-അങ്കൺവാടി ടീച്ചർമാർ, ആയമാർ എന്നിവരെ. ഇടവകകളിൽ ഇവരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ പ്രവർത്തന ങ്ങൾക്ക് ഫോൺവഴി ആശംസകളും ആദരവും അറിയിക്കുക, അവർക്കായി പ്രാർത്ഥിക്കുക. ടീച്ചേഴ്സിനെ (റിട്ടയർ ചെയ്ത വരെയും) സെപ്റ്റംബർ 5 ന് വിളിച്ച് ആശംസകളറിയിക്കുക. ഒക്ടോബറിൽ പൊതുപ്രവർത്തകരായ അമ്മമാർ (ഇപ്പോഴുള്ളവർ) നവംബറിൽ നഴ്സുമാർ, ഡിസംബറിൽ നഴ്സറി-അങ്കൺവാടി ടീച്ചർമാർ ആയമാർ എന്നിവരെ വിളിച്ച് ആദരവും ആശംസകളും അറിയിക്കുക.

**മേഖല വാർത്തകൾ**

**മുള്ളൻകൊല്ലി –:** സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കു വേണ്ടി ചെയിൻ റോസറി നടത്തി. താലന്ത് എന്ന പരിപാടിയിൽ ഫോട്ടോകൾ, വീഡിയോകൾ, ഗാനങ്ങൾ എന്നിവ അയച്ചുകൊടുത്തു. ധാരാളം കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. എല്ലാ ശാഖ കളിലും വിമല ഹൃദയ പ്രതിഷ്ഠ നടത്തികൊണ്ടിരിക്കുന്നു. പേരന്റ്സ് ഡേ ആചരിച്ചു. ഫോണിലൂടെ അമ്മമാരെ വിളിച്ച് ക്ഷേമാന്വേഷണം നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ നാമധാരികളെ ആദരിച്ചു.

**ബത്തേരി –:** വിവിധ നിയോഗങ്ങൾക്കായി ജപമാല, കരുണകൊന്ത, തിരുഹൃദയ ജപമാല, എന്നിവ ചൊല്ലി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ക്ലാരിസ്റ്റ് സമർപ്പിതരെ ഓർത്ത് പ്രാർത്ഥിച്ചു. ഓരോ ദിവസവും അഞ്ച് അധ്യായം വീതം സങ്കീർത്തനം ചൊല്ലി.

**ശാഖാവാർത്തകൾ**

**പുളപ്പാടം–:** വാട്ട്സാപ്പ് ഗ്രൂപ്പുണ്ടാക്കി. ഗ്രൂപ്പിലൂടെ ജപമാല, ബൈബിൾ വായന തുടങ്ങിയവ നടത്തി. ലോക്ഡൗൺ ദിവസങ്ങളിൽ പച്ചക്കറി ത്തോട്ടം, പാചകകല, തയ്യൽവേല, പൂന്തോട്ട നിർമ്മാണം, വായനശീലം എന്നിവയ്ക്കായ് സമയം ചെലവഴിച്ചു. മാസ്ക്കുകൾ തയ്ച്ച് ഇടവക യിൽ വിതരണം ചെയ്തു.

**പോരൂർ–:** മാതൃവേദി അംഗങ്ങളും എസ്. എച്ച് സന്യാസ സമൂഹങ്ങളും ചേർന്ന് നിർദ്ധനരായ അഞ്ച് കുടുംബങ്ങൾക്ക് 1000 രൂപയുടെ കോഴി കളെ വിതരണം ചെയ്തു. വിവിധ നിയോഗങ്ങൾക്കായി ഉപവാസമനു ഷ്ഠിച്ചു. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി. വൃദ്ധ മാതാപിതാ ക്കളെ ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ നാമധാരികളെ ആദരിച്ചു.

**മരക്കടവ്–:** രൂപത നടത്തിവരുന്ന ഓററ ദിവീന എന്ന പരിപാടിയിൽ എല്ലാ അംഗങ്ങളും ജപമാല, കരുണക്കൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. താലന്ത്, കിന്നരം, ഹരിതം, എന്നീ പ്രോഗ്രാമിലേക്ക് ഫോട്ടോ, വീഡിയോ എന്നിവ അയച്ചുകൊടുത്തു. പേരന്റ്സ് ദിനത്തിൽ മാതാപിതാക്കളെ ആദരിച്ചു. ക്യാൻസർ രോഗിക്ക് 3000 രൂപ നൽകി.

**പൂക്കോട്ടുംപാടം–:** പ്രോ–ലൈഫ് നിയോഗങ്ങൾക്കായി കരുണക്കൊന്ത, ജപമാല എന്നിവ ചൊല്ലി. പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ഭാഗമായി തുണിസഞ്ചി വിതരണം ചെയ്തു. കൊറോണ പ്രതിസന്ധിയിലകപ്പെട്ട ഒരു നിർദ്ധന കുടുംബത്തിന് 2000–രൂപയും 20 കിലോ അരിയും കിറ്റും നൽകി. ലോക്ഡൗൺ കാലത്ത് പച്ചക്കറികൃഷി, പൂന്തോട്ടനിർമ്മാണം, കരകൗശല വസ്തു നിർമ്മാണം എന്നിവയിൽ സമയം ചെലവഴിച്ചു. പുതിയ വികാരിയച്ചന് സ്വീകരണം നൽകി. രൂപത നടത്തി വരുന്ന താലന്ത്, കിന്നരം, ഹരിതം എന്നീ പ്രോഗ്രാമുകളിൽ പങ്കെടുത്തു.

**വഞ്ഞോട്–:** രൂപതയിൽ നിന്നുള്ള നിർദ്ദേശപ്രകാരം കിന്നരം പ്രോഗ്രാ മിലേക്ക് 4 അമ്മമാർ ഭക്തി ഗാനം പാടി അയച്ചു. അടുക്കളത്തോട്ട നിർമ്മാണം, പാചകം, കരകൗശലം എന്നീ വിഭാഗങ്ങളിലായി അഞ്ച് അമ്മമാർ പങ്കെടുത്ത വീഡിയോ അയച്ചു. പത്ത് അമ്മമാർ വി. അൽഫോൻസാമ്മയെക്കുറിച്ചുള്ള ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു.

**ജൂഡ്സ് മൗണ്ട്–:** കൊറോണയ്ക്കെതിരായി കരുണകൊന്ത, ജപമാല എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. രൂപത നടത്തി വരുന്ന താലന്ത് , കിന്നരം, ഹരിതം എന്നീ പ്രോഗ്രാമിൽ പങ്കെടുത്തു. മാതൃവേദിയുടെ ആഭിമുഖ്യ ത്തിൽ നടത്തിവരുന്ന കുറി നറുക്കടുപ്പ് സജ്ജീവമായികൊണ്ടിരിക്കുന്നു.

**വാളേരി–:** വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ എന്നിവരുടെ തിരു നാൾ ആചരിച്ചു. നാമധാരികളെ ആദരിച്ചു. വാർഡ് അടിസ്ഥാനത്തിൽ വി. കുർബാനയ്ക്കും നൊവേനയ്ക്കും നേതൃത്വം നൽകി.

**യവനാർകുളം–:** കിന്നരം, ഹരിതം, നൈപുണ്യം തുടങ്ങിയവയുടെ മത്സരങ്ങളിൽ പങ്കെടുത്തു. 1000 മാസ്ക്കുകൾ തയ്ച്ച് വിതരണം ചെയ്തു. ഒരു നിർദ്ധന കുടുംബത്തിന് സാമ്പത്തിക സഹായം, ഭക്ഷ്യ കിറ്റ്, പഠനോപകരണങ്ങൾ എന്നിവ നൽകി. കോവിഡിനെതിരെ ജപ മാല ചൊല്ലി .

**വാളാട്–:** വിവിധ നിയോഗങ്ങളോടെ ഉപവസിച്ചു, 3 മണിക്ക് കരുണ കൊന്ത ചൊല്ലി. പള്ളിയും പരിസരവും വൃത്തിയാക്കി. വി. അൽഫോൻ സാമ്മയുടെ തിരുനാൾ ആചരിച്ചു.

**പേരിയ–:** കോവിഡ് –19 മൂലം ആദ്യ വെള്ളിയാഴ്ച പ്രാർത്ഥനാ ദിന മായി ഭവനങ്ങളിൽ ആചരിച്ചു. കിന്നരം, ഹരിതം, നൈപുണ്യം തുട ങ്ങിയവയുടെ മത്സരങ്ങളിൽ അമ്മമാർ പങ്കെടുത്തു. വി.അൽഫോൻസാ മ്മയുടെ തിരുനാൾ ആചരിച്ചു.

**മാനന്തവാടി–:** ആദ്യ വെള്ളിയാഴ്ച പ്രാർത്ഥനാ ദിനമായി ആചരിച്ചു. ലോക് ഡൗൺ കാലത്ത് രൂപത നിർദേശിച്ച പരിപാടികളിൽ പങ്കെടുത്തു. കോവിഡ് –19 നിയോഗാർത്ഥം കരുണകൊന്ത ചൊല്ലി.

**ആലാറ്റിൽ–:** 10 പേർ അടങ്ങുന്ന ഗ്രൂപ്പുകൾ തിരിച്ച് കാരുണ്യ പ്രവർത്ത നങ്ങൾക്കും പ്രാർത്ഥനകൾക്കുമായി സമയം വിനിയോഗിച്ചു. അടു ത്തുള്ള കോളനികളിൽ മാസ്ക്ക് കൊടുത്തു. വ്യക്തി ശുചിത്വം, പരി സര ശുചീകരണം എന്നിവയെക്കുറിച്ച് ബോധവത്കരണം നൽകി. ഹരിതം, നൈപുണ്യം, കിന്നരം തുടങ്ങിയ പ്രവർത്തനങ്ങളിൽ വീഡി യോയും ഫോട്ടോകളും അയച്ചുകൊടുത്തു.

**കരിമാനി–:** വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ എന്നിവരുടെ തിരുനാളുകളിൽ നാമധാരികളെ ആശംസകൾ അറിയിച്ചു. വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത, തിരുഹൃദയജപമാല ചൊല്ലി. ആദ്യവെള്ളിയാഴ്ച പ്രാർത്ഥന ദിനമായി ആചരിച്ചു. ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ഭവനസന്ദർശനം നടത്തി. ക്രൈസ്തവ മാസികകൾ, ഭക്ഷണക്കിറ്റ് എന്നിവ വിതരണം ചെയ്തു. ഫണ്ടു ശേഖരണത്തിതിനായി ആക്രിസാധനങ്ങൾ ശേഖരിച്ചു. തിരു മണിക്കൂർ ആരാധന നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ എല്ലാ വീടുകളിലും ഫോട്ടോ അലങ്കരിച്ചുവെച്ചു പ്രാർത്ഥിച്ചു.

**നരിവാലമുണ്ട–:** ചികിത്സയ്ക്കായി സമ്പത്തികസഹായം ചെയ്തു. നിർദ്ധന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങികൊടുത്തു. മാർ തോമ, വി. അൽഫോൻസാമ്മ എന്നിവരുടെ തിരുനാളുകൾ ആചരിച്ചു. സഭയ്ക്കുവേണ്ടി ഒരു വിശ്വാസ പ്രമാണം ചൊല്ലി പ്രാർത്ഥിച്ചു. 10,+2 ഉന്നത വിജയം നേടിയ മക്കളെ അഭിനന്ദിച്ചുകൊണ്ട് പോസ്റ്റർ

തയ്യാറാക്കി. വഴിവിളക്കുകൾ എന്ന പേരിൽ പൂർവ്വ മാതാപിതാക്കളുടെ ഫോട്ടോകൾ ശേഖരിച്ച് വീഡിയോ തയ്യാറാക്കി. കൊറോണ നീങ്ങി പോകാനായി ഒമ്പതു ദിവസം വി. സെബസ്ത്യാനോസിന്റെ നൊവേന ചൊല്ലി.

**തലഞ്ഞി–:** വി. തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ കരുണ കൊന്ത, ജപമാല, 9 വിശ്വാസ പ്രമാണം എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. വി. അന്ന, വി. അൽഫോൻസാമ്മ എന്നിവരുടെ തിരുനാൾ ആചരിച്ചു. ആദ്യ വെള്ളിയാഴ്ച ഉപവാസ ദിനമായി ആചരിച്ചു. നാടിന്റെ നന്മ, ജീവന്റെ സംരക്ഷണം എന്നീ നിയോഗങ്ങൾക്കായി തിരുഹൃദയ ജപ മാല , സമ്പൂർണ്ണ ജപമാല എന്നിവ ചൊല്ലി. കിന്നരം, ഹരിതം, നൈപുണ്യം തുടങ്ങിയവയുടെ മത്സരങ്ങളിൽ വീഡിയോ തയ്യാറാക്കി.

**കല്ലോടി –:** രൂപത നിർദ്ദേശിച്ച പരിപാടികളിൽ പങ്കെടുത്തു. വീഡി യോകൾ തയ്യാറാക്കി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഉപന്യാസ മത്സരം നടത്തി.

**കുറുമ്പാല–:** തിരുമണിക്കൂർ ജപമാല നടത്തി. ബഹു. വികാരിയച്ചന് തിരുനാൾ ആശംസകൾ നേർന്നു. ഇടവക ദേവാലയം പുതുക്കി പണി യുന്നതിന് സഹായമായി 22750 രൂപ ബഹു. വികാരിയച്ചനെ ഏൽപ്പിച്ചു. രൂപത തലത്തിൽ നിദേശിച്ച പ്രവർത്തനങ്ങളിൽ അമ്മമാർ സജ്ജീവ മായി പങ്കെടുത്തു.

**കോട്ടത്തറ–:** കോവിഡ് –19 നെതിരായി 91–ാം സങ്കീർത്തനം ചൊല്ലി പ്രാർത്ഥിച്ചു. മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിച്ചു. കരുണ ക്കൊന്ത ചൊല്ലി. താലന്ത് പ്രോഗ്രാമിൽ പങ്കെടുത്തു. ഹലോ പ്രോഗ്രാ മിൽ ഫോണിൽ വിളിച്ച് ക്ഷേമാന്വേഷണം നടത്തി. ലോഗോസ് രജി സ്ട്രേഷൻ നടത്തിവരുന്നു. അഖണ്ഡ ജപമാല നടത്തി.

**കയ്യൂന്നി–:** ലോഗോസ് രജിസ്ട്രേഷൻ നടത്തി. ദുക്റാന തിരുനാൾ ആചരിച്ചു. ഭക്തിഗാനം, അടുക്കളത്തോട്ടം, ക്രാഫ്റ്റ് വർക്ക് എന്നിവ യുടെ വീഡിയോ തയ്യാറാക്കി. എസ്. എച്ച് പ്രൊവിൻസ് നടത്തിയ മത്സര വിജയികൾക്ക് ക്യാഷ് അവാർഡും സമ്മാനവും നൽകി. ആനിമേറ്റർ സിസ്റ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് മരണവീടുകൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. അൽഫോൻസാ ക്വിസ് നടത്തി, വിജയികൾക്ക് സമ്മാനങ്ങൾ നൽകി. അടുക്കളത്തോട്ടം നിർമ്മിക്കാൻ 100 പച്ചക്കറി കിറ്റ് ലഭിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യശനി (1-08-2020)**

ഓഗസ്റ്റ് മാസം ഒന്നാം തീയതി ആദ്യശനിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ മീഡിയ കമ്മീഷന്റെ സഹായത്തോടെ ഓൺലൈൻ കൺവെൻഷൻ നടന്നു. റവ. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും ആരാധനയും നടത്തി. സി. നിർമ്മല SH, ശ്രീ. ബേബി കുപ്പയിൽ എന്നിവർ ജപമാലക്കും, ശ്രീ. ബിജു പുളിക്കൽ വാകേരി, സി. ലിസ SKD എന്നിവർ ഗാനശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

ഞായറാഴ്ചകളിൽ ഓൺലൈൻ പ്രസംഗങ്ങൾ നടത്തി. എല്ലാ വെള്ളിയാഴ്ചയും സീയോൻ ചാപ്പലിൽ മധ്യസ്ഥ പ്രാർത്ഥന നടത്തി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, സി. നിർമ്മല SH, സി. അന്ന FCC, സി. ട്രീസ SH എന്നിവർ നേതൃത്വം നൽകി.

**NB:** അടുത്ത ആദ്യശനി ഓൺലൈൻ കൺവെൻഷൻ സെപ്റ്റംബർ 5 ന് വൈകിട്ട് 6.30 മുതൽ നടത്തുന്നതാണ്. അന്ന് എല്ലാ മാതാപിതാക്കൾക്കുംവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരിക്കും. അസി. ഡയറക്ടർ ജിന്റോ തട്ടുപറമ്പിൽ അച്ചൻ നേതൃത്വം നൽകും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ടവരെ,

എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്. (മത്താ.25:40) എന്ന യേശുവിന്റെ സുവിശേഷം ഹൃദയത്തിൽ സൂക്ഷിച്ച് ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി പ്രവർത്തകർ.

സമൂഹത്തിൽ ഒറ്റപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും, നിർദ്ധനരും, പാവപ്പെട്ടവരും നാനാവിധത്തിൽ ക്ലേശങ്ങൾ അനുഭവിക്കുന്നവർക്കുമെല്ലാം താങ്ങായ് എന്നും നമ്മുടെ പ്രവർത്തകർ നിലകൊള്ളുന്നു. ഇടവകകളിൽ ശുശ്രൂഷയുടെ ചിരാതായി പ്രവർത്തിക്കുന്നു. സഭാത്മക ജീവിതത്തിൽ ക്രിയാത്മകമായി പങ്കെടുത്ത് ഇടവകകളിൽ സജീവ സാന്നിധ്യമായി നിലകൊള്ളുന്നു.

2019-2020 സാമ്പത്തിക വർഷം രോഗീസഹായം, ദത്തുകുടുംബങ്ങൾക്കുള്ള പിന്തുണ, സ്കോളർഷിപ്പ്, ഭവനനിർമ്മാണം, വെള്ളപ്പൊക്ക ദുരിതാശ്വാസം, അഗതി പരിചരണം (ഓസാനാംഭവൻ, നടവയൽ) എന്നീ മേഖലകളിൽ വിവിധ ഉപവി പ്രവർത്തനങ്ങൾക്കായി 1.85 കോടി രൂപ ചിലവഴിക്കുന്നതിന് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിക്ക് കഴിഞ്ഞു.

ഒട്ടേറെ പേർ സൊസൈറ്റിയുടെ പ്രവർത്തനത്തെ സാമ്പത്തികമായും ആത്മീയമായും സഹായിച്ചിട്ടുണ്ട്. എല്ലാവരേയും ഏറെ സ്നേഹത്തോടും നന്ദിയോടും കൂടെ ഓർക്കുന്നു.

കോവിഡ്-19, ലോക്ഡൗൺ, വെള്ളപ്പൊക്കം, നാനാവിധ അപകടങ്ങൾ മുതലായ പ്രതിസന്ധികളിലൂടെയും ദുഃഖ-ദുരിതങ്ങളിലൂടെയും നാം കടന്നു പോകുകയാണ്. കർത്താവ് നമ്മെ സംരക്ഷിക്കും (സങ്കീർ.91) പ്രാർത്ഥനകൊണ്ടും കൂട്ടായ പ്രവർത്തനങ്ങൾകൊണ്ടും നാം പ്രതിസന്ധികളെ അതിജീവിക്കും. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഭവനം നിർമ്മിച്ചു നൽകി**

ആടിക്കൊല്ലി കോൺഫ്രൻസിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനം കൈമാറി. എട്ട് ലക്ഷത്തോളം രൂപ മുടക്കിയാണ് ഭവനം നിർമ്മി

ച്ചത്. ആടിക്കൊല്ലി സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരി റവ.ഫാ. പോൾ എടയകൊണ്ടാട്ട് വീടിന്റെ താക്കോൽദാനം നിർവഹിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം, വിത്സൺ നെടുംങ്കൊമ്പിൽ, മാത്യു ഉണ്ടശ്ശാംപറമ്പിൽ, തോമസ് പനന്താനം, ജോയ് മണ്ണാർതോട്ടം, ഫിലോമിന പുത്തൻപുര, മിനി കൊട്ടുകാപ്പള്ളി എന്നിവർ ആശംസ കളർപ്പിച്ചു.

**2021 – കലണ്ടർ**

2021–വർഷത്തെ കലണ്ടർ അച്ചടിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ കോൺഫ്രൻസുകളിലേക്കും ആവശ്യമുള്ള കലണ്ടറുകളുടെ എണ്ണം സി.സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകത്തിനെ (8606385759) അറിയിക്കേണ്ടതാണ്.

**ഓസാനാംഭവൻ**

2020 – ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നമ്മോടൊപ്പമായിരുന്ന രണ്ടുപേർ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെടുകയും, മൂന്നുപേർക്ക് പ്രവേശനം നല്കുകയും ചെയ്തു. കോവിഡ് ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ സന്ദർശകർക്ക് ഓസാനാംഭവനിലേക്ക് പ്രവേശനം നിഷേധിച്ചിട്ടുള്ളതിനാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള കാര്യം അറിവുള്ളതാണല്ലോ. കഴിയും വിധത്തിലുള്ള സഹായങ്ങൾ പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

## 1. JESUS BAND MUSIC MINISTRY

### (a)ഫാമിലി സിങ്ങ്

ജീസസ്സ് ബാന്റ് മ്യൂസിക്ക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2020 ജൂൺ 27-ന് ഫാമിലി സിങ്ങ് എന്ന പരിപാടി സംഘടിപ്പിച്ചു. മാനന്ത വാടി ചെറുപുഴയിലുള്ള വാളായിൽ ജോസ്, കണിയാരം കച്ചിറയിൽ ജോസ്, നടവയൽ വയലിൽ ദേവസ്യാ, കല്പപ്പറ്റ വയലിൽ ഷാജൻ എന്നീ കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു. ഈ പരിപാടിക്ക് നീരജ് ഡേവീസ് നടവയൽ, ഹെബിൻ ബെന്നി കുഞ്ഞോം, ജെസ്റ്റിൻ പയ്യം മ്പള്ളി, ആൻ മരിയ ബത്തേരി, ഷീനു ജോർജ്ജ് തോമാട്ടുചാൽ, എന്നിവർ നേതൃത്വം വഹിച്ചു. പങ്കെടുത്ത മുഴുവൻ കുടുംബങ്ങൾക്കും നേതൃത്വം വഹിച്ച യുവജനങ്ങൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

### (b) കാർമ്മൽ

ജീസസ്സ് ബാന്റിന്റെ നേതൃത്വത്തിൽ പരി. അമ്മയുടെ സ്വർഗ്ഗാരോ പണ ദിനത്തിൽ കാർമ്മൽ എന്ന പേരിൽ ഫേയ്സ് ബുക്ക് ലൈവ് മരി യൻ ഗാനാലാപനം നടത്തി. നീരജ് ഡേവിഡ്, അലീന, ആൻമരിയ, സോന, റോസ് മേരി, അതുൽ, നിഖിൽ ഡേവിസ് തുടങ്ങിയവർ ഇതിന് നേതൃത്വം നൽകി.

### (c) മരിയൻ ജ്യാമിങ്ങ് സെഷൻ

നന്മനേരും അമ്മ എന്ന ഗാനം ജീസസ്സ് ബാന്റ് ടീം ആലപിച്ചു കൊണ്ട് ഒരു അകുസിറ്റിക് കവർ സോങ്ങ് യൂട്യൂബിൽ റിലീസ് ചെയ്തു.

## 2. CATHOLIC YOUTH CHANNEL

### (a) ഉദ്ഘാടനം

ജൂലൈ മാസം ഒമ്പതാം തീയതി യുവജനങ്ങൾക്കായി ഫേയ്സ് ബുക്കിൽ കാത്തലിക്ക് യൂത്ത് ചാനൽ എന്ന പേരിൽ ഒരു പേജ് ആരം ഭിച്ചു. അന്നേദിനം രാത്രി 9.30 ന് കണിയാരം ഇടവകയിലെ നിയ കച്ചി റയിൽ പ്രതീക്ഷയെ കുറിച്ച് സംസാരിച്ചുകൊണ്ട് വ്യത്യസ്തമായ രീതി യിൽ പ്രേഷകർ ആവശ്യപ്പെട്ട ക്രൈസ്തവ ഭക്തിഗാനങ്ങൾ ആലപിച്ചു കൊണ്ടാണ് ഈ ചാനൽ ഉത്ഘാടനം നിർവ്വഹിച്ചത്.

## (b) Youth Talk 1

ലോക പ്രകൃതി സംരക്ഷണ ദിനമായ ജൂലൈ 28 ചൊവ്വാഴ്ച 11.00 മുതൽ 12.00 വരെ കാത്തലിക് യൂത്ത് ചാനലിൽ പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ആരതി തോമസ് ഓൺലൈൻ പ്രഭാഷണം നടത്തി. ഫ്രാൻസീസ് പാപ്പായുടെ ലൗദാത്തോസിയെ അടിസ്ഥാനപ്പെടുത്തികൊണ്ട് സമഗ്രമായ പ്രകൃതി സംരക്ഷണത്തെക്കുറിച്ചാണ് പ്രധാനമായും സംസാരിച്ചത്.

## (c) Youth Talk 2

ഈ കാലഘട്ടത്ത് എങ്ങനെ ഒരു കത്തോലിക്കാ യുവാവായി ജീവിക്കാമെന്ന വിഷയത്തെ കുറിച്ച് ക്ലിന്റൺ ഡാമിയൻ (സോഷ്യൽ മീഡിയ ആക്റ്റിവിസ്റ്റ്) ജൂലൈ 31 വെള്ളിയാഴ്ച വൈകുന്നേരം 6.00 മണി മുതൽ 7 മണി വരെ കാത്തലിക് യൂത്ത് ചാനലിൽ പ്രഭാഷണം നടത്തി. സോഷ്യൽ മീഡിയായിലെ ക്രൈസ്തവോചിതമായ പ്രതികരണം എങ്ങനെയായിരിക്കണം എന്നും കത്തോലിക്കാ യുവജനങ്ങളുടെ സോഷ്യൽ മീഡിയായുടെ സാധ്യതകളെ കുറിച്ചും അദ്ദേഹം എടുത്തു പറഞ്ഞു.

## (d) Youth Talk 3 - Christian Understanding of Freedom

കാത്തലിക്ക് യൂത്ത് ചാനലിൽ 2020 ഓഗസ്റ്റ് 15 ന് വൈകുന്നേരം 4.30 മുതൽ 5.30 വരെ ആരതി തോമസ് Christian Understanding of Freedom എന്ന വിഷയത്തെ അടിസ്ഥാനമാക്കി English - ൽ ഒരു Talk നൽകി. ഇന്ത്യയുടെ 74-ാം സ്വാതന്ത്ര്യദിനവും പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സംയുക്തമായി ആഘോഷിക്കുന്ന അവസരത്തിൽ യഥാർത്ഥ സ്വാതന്ത്ര്യമനുഭവിച്ച പരി. അമ്മയുടെ ജീവിതത്തെ ക്രൈസ്തവ സ്വാതന്ത്ര്യത്തിന്റെ മാതൃകയായി അവതരിപ്പിച്ചു.

## 3. YOUR NEIGHBOUR ASSOCIATION

### (a) സാന്ത്വനം

2020 ജൂലൈ ആറാം തീയതി മാനന്തവാടി രൂപതയുടെ കീഴിലുള്ള സമരിറ്റൻ ഭവനിലെ അന്തേവാസികൾക്ക് ഷോളും മധുര പലഹാരങ്ങളും എത്തിച്ചു കൊടുത്തു. 20 അന്തേവാസികളാണ് ഇവിടെ ഉള്ളത്. ഇതിനോട് സഹകരിച്ച സമരിറ്റൻ ഭവനിലെ സുപ്പീരിയർ സി.ഗ്രെയ്സ് പോളിനും സമൂഹാഗംങ്ങൾക്കും ഒരുപാട് നന്ദി.

**(c) ലോക പ്രകൃതി സംരക്ഷണ ദിനം**

ലോകപ്രകൃതി സംരക്ഷണദിനത്തോടനുബന്ധിച്ച് യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും ഒരു ഓൺലൈൻ ബോധവല്ക്കരണം നല്കുകയും അന്നേ ദിവസം സ്വഭവനത്തിൽ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - കൃഷിസ്ഥലങ്ങൾ വൃത്തിയാക്കുക, പച്ചക്കറിത്തോട്ടം നിർമ്മിക്കുക, പേപ്പർ ബാഗ് നിർമ്മിക്കുക, ജൈവവളം ഉണ്ടാക്കുക, ഔഷധ ചെടികൾ നടുക, തുണികൊണ്ട് പേപ്പർ ബാഗ് തയ്ക്കുക, പഴയതുണികൊണ്ട് മാസ്ക്ക് നിർമ്മിക്കുക, തുടങ്ങിയവ ചെയ്യുകയും അതിന്റെ വീഡിയോ യുവർ നൈബർ അസോസിയേഷന്റെ ഫേയ്സ് ബുക്ക് പേജിൽ പോസ്റ്റു ചെയ്യുകയും ചെയ്തു.

**(d) International Youth Day**

Your Neighbour Association ന്റെ നേതൃത്വത്തിൽ 2020 ഓഗസ്റ്റ് 12-ാം തീയതി International Youth Day യ്ക്ക് യുവജനങ്ങൾ അവരുടെ യുവത്വത്തെക്കുറിച്ചുള്ള സ്വപ്നങ്ങളെ കോർത്തിണക്കി വീഡിയോ പുറത്തിറക്കി.

**(e) Youth Interaction**

Your Neighbour Association ന്റെ നേതൃത്വത്തിൽ 2020 ഓഗസ്റ്റ് 12 ബുധനാഴ്ച രാവിലെ 11.30 മുതൽ 12.15 വരെ ഫാ. മനു മൈക്കിൾ SDB അന്താരാഷ്ട്ര യുവജന ദിന സന്ദേശം നല്കി. ലൈവ് പരിപാടിയിൽ യുവജനങ്ങൾക്ക് ഈ കാലഘട്ടത്തിൽ എന്തു ചെയ്യാനാകും എന്ന ചിന്തയോടെ യുവഹൃദയങ്ങളെ ഉണർത്തു സന്ദേശം പങ്കുവെച്ചു.

**(f) Green Action Week Project**

യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ Green Action Week Project കുമാരി മെർലിന്റെ സഹായത്തോടെ കണസ്യൂമർ യൂണിറ്റി ആന്റ് ട്രസ്റ്റ് സൊസൈറ്റിയ്ക്ക് (CUTS) സമർപ്പിച്ചു.

**(g) World Senior Citizen Day**

വയോധികരെ ആദരിക്കുന്ന ഓഗസ്റ്റ് 8 ന് ഒരു പോസ്റ്റർ നിർമ്മിച്ച് വിവിധ വൃദ്ധസദനങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ഈ ദിനത്തിന്റെ പ്രത്യേകത അവരെ ഓർമ്മിപ്പിക്കുകയും ചെയ്തു. സി.ബെൻസി എസ്.എച്ച്. യുവർനൈബർ അസോസിയേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

**4. JESUS PROFESSIONALS COMMUNITY.**

**(a) Online follow- up**

Jesus Professional Community ലെ അംഗങ്ങളെ എല്ലാ ദിവസവും 5 പേരെ വീതം വിളിച്ച് ഫോൺവഴി കോൺടാക്ട് ചെയ്യുകയും അവരുടെ കരിയർ സംബന്ധമായതും ആത്മീയവുമായ പ്രശ്നങ്ങൾക്ക് സി. ഡിവ്നയുടെ നേതൃത്വത്തിൽ പരിഹാരം കാണാൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്തു വരുന്നു.

**(b) Youth Day - Vedio**

ഈ വർഷത്തെ International Youth Day യോടനുബന്ധിച്ച് JP- Community ലെ 15 കുട്ടികൾ അവരുടെ യുവത്വത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവെയ്ക്കുന്ന ഒരു വീഡിയോ ഓഗസ്റ്റ് 12 ന് പുറത്തിറക്കി.

**(c) പരിശുദ്ധ അമ്മ എന്റെ ജീവിതത്തിൽ**

ഓഗസ്റ്റ് 15 ന് പരിശുദ്ധ അമ്മ എന്റെ ജീവിതത്തിൽ എന്ന വിഷയത്തെ കുറിച്ച് JP- Community ലെ കുട്ടികൾ ഒരു അനുഭവ കുറിപ്പ് തയ്യാറാക്കി. ഓരോരുത്തരുടെയും ജീവിതത്തിൽ പരി. അമ്മ പ്രാർത്ഥനയ്ക്ക് ഉത്തരമായി വന്നതും ജീവിത വഴികളിൽ തുണയായി നിന്നതുമായ അനുഭവങ്ങൾ വിവരിച്ചു. ഇത് വായിക്കുന്നവർക്കും പരി. അമ്മയോട് പ്രാർത്ഥിക്കുവാനും അമ്മയോടുള്ള സ്നേഹത്തിൽ വളരുവാനും പ്രചോദനം തരുന്ന രചനകൾ ആയിരുന്നു. മാതൃഭക്തിയിൽ യുവജനങ്ങൾ വളരാൻ ഈ സംരംഭം സഹായകമായി. JP- Community -യുടെ പ്രവർത്തനങ്ങൾക്ക് സി.ഡിവ്ന എസ്.ഡി. നേതൃത്വം നല്കുന്നു.

**5. LIFE TRAINING**

**(a) OnlineTraining**

അവധിക്കാല ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിംഗ് വിദ്ധ്യാർത്ഥികൾക്കായി ആഴ്ചയിൽ ഒന്നു വീതം ഓരോ ബാച്ചിനും സൂം മീറ്റിങ്ങ് നടത്തുകയും അനുദിനവും വിവിധ പ്രോജക്ടുകൾ കുട്ടികൾക്ക് നല്കുകയും അവരുടെ ആത്മീയ പഠന മേഖലകളിൽ അവരെ സഹായിക്കുകയും ചെയ്യുന്നു.

| SL.No. | ZOOM DATE | BATCH | TIME | NUMBERS |
|---|---|---|---|---|
| 1 | 24/06/20 | 2018, 2017 | 06.30, 09.00 pm | 12, 12 |
| 2 | 5/06/20 | 2016 | 09.00 pm | 12 |
| 3 | 10/07/20 | 2017 | 09.00 pm | 12 |
| 4 | 16/07/20 | 2017 | 06.30 pm | 10 |
| 5 | 17/07/20 | 2015 | 09.00 pm | 03 |
| 6 | 18/07/20 | 2017 | 08.00 pm | 11 |
| 7 | 19/07/20 | 2016 | 06.30 pm | 12 |
| 8 | 20/07/20 | 2018 | 08.30 pm | 13 |
| 9 | 22/07/20 | 2019 | 08.30 pm | 13 |
| 10 | 23/07/20 | 2015 | 10.00 am | 3 |
| 11 | 23/07/20 | 2016 | 06.30 pm | 11 |
| 12 | 24/07/20 | 2018, 2017 | 06.30, 09.00 pm | 13,12 |
| 13 | 04/08/20 | 2016 | 04.00 pm | 12 |
| 14 | 06/08/20 | 2017 | 04.00 pm | 12 |
| 15 | 07/08/20 | 2018 | 04.00 pm | 08 |
| 16 | 09/08/20 | 2019 | 04.00 pm | 20 |
| 17 | 12/08/20 | 2016 | 04.00 pm | 06 |
| 18 | 13/08/20 | 2017 | 04.00 pm | 09 |
| 19 | 14/08/20 | 2018 | 04.00 pm | 08 |
| 20 | 17/08/20 | 2019 | 04.00 pm | 09 |
| 21 | 18/08/20 | 2015 | 11.30am | 03 |

## (b) Independence Day Quiz Competition

ഇന്ത്യയുടെ 74-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി 2020 ഓഗസ്റ്റ് 15-ന് രാത്രി 8.30 -ന് Independence Day Quiz Competition നടത്തി. 2018 ബാച്ചിലെ എമിൽ മംഗലത്തിൽ കല്പറ്റ, സെറിൻ രാജേഷ് ചുങ്കക്കുന്ന് എന്നിവരാണ് ക്വിസ് മത്സരത്തിന് നേതൃത്വം നല്കിയത്. ഈ മത്സരത്തിൽ സമ്മാനാർഹരായത് ഇവരാണ്.

First : Anjaly Sunny - Kalluvayal
Second : Ann Maria Shibu - Chulliyana
Third : Richard Paul - Payyampally
" : Diya Ann Joseph - Pazoor

നേതൃത്വം വഹിച്ചവർക്കും വിജയികൾക്കും യൂത്ത് മിനിസ്ട്രി യുടെ അനുമോദനങ്ങൾ.

**(c) Freedom Fighters**

ലൈഫിലെ 2016, 2017 ബാച്ചുകാരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ വചനങ്ങൾ കോർത്തിണക്കിയ വീഡിയോ 2020 ഓഗസ്റ്റ് 15 – ന് തയ്യാറാക്കി. ഇത് ഭാരതത്തോടുള്ള ആദരവ് പ്രകടമാക്കുന്നതായിരുന്നു.

**(d) Freedom Speech**

ലൈഫ് ട്രെയിനിങ്ങ് കുട്ടികൾ സ്വാതന്ത്ര്യദിനത്തെപ്പറ്റിയുള്ള വ്യത്യസ്തങ്ങളായ പ്രസംഗങ്ങൾ തയ്യാറാക്കുകയും ഫെയ്സ് ബുക്ക് പേജിലും സോഷ്യൽ മീഡിയായിലും പോസ്റ്റ് ചെയ്യുക വഴി നവീന ഭാരതത്തെപ്പറ്റിയുള്ള വ്യത്യസ്ത ദർശനങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.

**(d) ഉപവാസ പ്രാർത്ഥനാ ദിനം**

മാനന്തവാടി രൂപത പ്രാർത്ഥനാ ദിനമായി പ്രഖ്യാപിച്ച ഓഗസ്റ്റ് 7–ാം തീയതി യൂത്ത്മിനിസ്ട്രിയുടെ നേതൃത്വത്തിൽ വ്യത്യസ്ത സമയങ്ങളിൽ വിവിധ സ്ഥലങ്ങളിലായി പ്രാർത്ഥനാ യജ്ഞത്തിൽ പങ്കുചേർന്നു.

| | |
|---|---|
| 1. 6 am to 7 am | Life Family |
| 2. 10 am to 11 am | Youth Ministry Volunteers |
| 3. 3 pm to 4pm | Youth Ministry Team Members |
| 4. 6 pm to 7 pm | J P Community |
| 5. 7 pm to 8 pm | Jesus Band |

**(e) ലൈഫ് ട്രെയിനിംഗ് ബാച്ച് 2020**

ലൈഫ് ട്രെയിനിങ്ങിന്റെ 2020 ബാച്ചിന്റെ ഓൺലൈൻ പരിശീലനം ഓഗസ്റ്റ് 17 മുതൽ ആരംഭിച്ചു.

**6. BEST**

**(a) Boys Ever Spiritually Talented**

മാനന്തവാടി ഡിപ്പാർട്ടുമെന്റോഫ് യൂത്ത്മിനിസ്ട്രിയും, ചെറുപുഷ്പ മിഷൻലീഗും ചേർന്ന് നടത്തുന്ന ആൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു വർഷത്തെ പരിശീലന പദ്ധതിയാണ് BEST (Boys Ever Spiritually Talented). STD X, +1, +2 ക്ലാസുകളിലെ 20 ആൺകുട്ടികൾക്കു വീതമാണ് പ്രവേശനം. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും നമ്പറിലേക്ക് വാട്സ്ആപ്പ് മെസേജ് അയച്ച് നിങ്ങളുടെ വിവരങ്ങൾ നല്കുക. 9495065656, 9745735119. മാതാപിതാക്കളുടെ സമ്മതം ഇതിനനിവാര്യമാണ്. വിശദമായ വിവരങ്ങൾ വിദ്യാർത്ഥികളെ അറിയിക്കുന്നതായിരിക്കും.

**അഭിവന്ദ്യ പിതാവിന്റെ ഓഫീസ് സന്ദർശനം**

2020 ജൂലൈ 4 ശനിയാഴ്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ പിതാവ് യൂത്ത് മിനിസ്ട്രി ഓഫീസ് സന്ദർശിച്ച് വിശുദ്ധബലിയർപ്പിക്കുകയും യുവജനശുശ്രൂഷയുടെ പുതിയ ശൈലികളെ കുറിച്ച് സംസാരിക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. യൂത്ത്മിനിസ്ട്രിയുടെ പ്രവർത്തനങ്ങളെ കുറിച്ച് കേൾക്കുകയും നല്ല നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. നാല് വർഷക്കാലം യൂത്ത്മിനിസ്ട്രി ഓഫീസ് സെക്രട്ടറിയും യുവർ നൈബർ അസോസിയേഷൻ സൊസൈറ്റിയുടെ ഉത്തരവാദിത്വവും വഹിച്ചിരുന്ന സി. ലിൻസി എസ്. സി. വി. യ്ക്കും ഫുൾടൈംമർ ജെസ്പിനും നന്ദിപറഞ്ഞുകൊണ്ട് പുതിയ പ്രവർത്തന മേഖലകളിൽ എല്ലാ ആശംസകളും നല്കി. ജീസസ് ബാന്റ് വി. കുർബാനയ്ക്ക് നേതൃത്വം നൽകി.

**Above Convention- Online follow up**

Covid 19 ന്റെ പ്രത്യേക സാഹചര്യത്തിൽ യുവജനങ്ങളുടെ തുടർ ആത്മീയ പരിശീലനം മുൻനിർത്തി Above യുവജന കൺവെൻഷനിൽ പങ്കെടുത്ത യുവജനങ്ങളെ ഫോൺ വഴി അനുധാവനം ചെയ്യുകയും ആത്മീയ പരിശീലനം നല്കുകയും ചെയ്തു വരുന്നു. സി. ബെൻസി ഇതിന് നേതൃത്വം നല്കുന്നു.

**നന്ദിപൂർവ്വം**

യൂത്ത്മിനിസ്ട്രിയുടെ ഓഫീസ് സെക്രട്ടറിയും, യുവർ നൈബർ അസോസിയേഷൻ സൊസൈറ്റിയുടെ ട്രഷറും ആയി നാലു വർഷം നിസ്വാർത്ഥമായി സേവനം ചെയ്ത സി. ലിൻസി എസ്.സി.വി യ്ക്ക് ഹൃദയം നിറഞ്ഞ നന്ദി. യുവർ നൈബർ അസോസിയേഷന്റെ റിന്യൂവൽ, 12 A റെജിസ്ട്രേഷൻ , 80 G റെജിസ്ട്രേഷൻ, റിപ്പോർട്ടിങ്ങ് പ്രാഥമിക ഓഫീസ് വർക്കുകൾ എല്ലാം സി. ലിൻസിയുടെ കഠിനാധ്വാനത്തിന്റെ ഫലമാണ്. കരിയർ കാർ, ജീസസ് പ്രൊഫഷണൽസ്, ജെബാന്റ് ലൈഫ് ട്രെയിനിങ്ങ്, യൂത്ത് ട്രാവലർ, എന്നിവയുടെ വളർച്ചയിൽ സി. ലിൻസിയുടെ താല്പര്യവും സഹകരണവും അനിഷേധ്യമാണ്. യൂത്ത് മിനിസ്ട്രി ഓഫീസ് വൃത്തിയായി സൂക്ഷിക്കുന്നതിലും കണക്കുകൾ കൃത്യമായി ചെയ്യുന്നതിലും റിക്കാഡുകൾ കൃത്യമായി സൂക്ഷിക്കാനുമുള്ള സിസ്റ്ററിന്റെ കഴിവ് പ്രശംസനീയമാണ്. പക്വതയും ആത്മാർത്ഥയും പ്രാർത്ഥയും നിറഞ്ഞ ശുശ്രൂഷകളിലൂടെ കുട്ടികൾക്കും യുവജനങ്ങൾക്കും നല്കിയ ത്യാഗനിർഭരവും വെല്ലുവിളി നിറഞ്ഞതുമായ സേവനങ്ങളെ നന്ദിയോടെ ഓർത്തുകൊണ്ട് പുതിയ സേവന രംഗത്ത് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

സി.ലിൻസിയെ യുവജനശുശ്രൂഷയ്ക്കായി അയച്ച വിൻസെൻഷ്യൻ സന്യാസിനി സമൂഹത്തിനും യൂത്ത്മിനിസ്ട്രിയുടെ നന്ദി.

കഴിഞ്ഞ ഒരു വർഷക്കാലം യുവജനശുശ്രൂഷയ്ക്കായി ഫുൾടൈമർ വോളണ്ടിയറായി സേവനം ചെയ്ത ജെസ്പിൻ ജോസഫ് പള്ളിയ്ക്കാതൊട്ടിയ്ക്ക് മാനന്തവാടി രൂപത യൂത്ത്മിനിസ്ട്രിയുടെ നന്ദി. ജെസ്പിന്റെ പ്രാർത്ഥനാ ചൈതന്യവും പക്വമായ പെരുമാറ്റവും യൂത്ത്മിനിസ്ട്രിക്ക് ഒരു വർഷം സേവനം ചെയ്യാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. യൂത്ത്മിനിസ്ട്രിയുടെ വ്യത്യസ്ത പ്രവർത്തനങ്ങളായ കരിയർ കാർ, ജീസസ് ബാന്റ്, ദ ഡാൻസ്, ബ്രയിൻ വേൾഡ്, ലൈഫ് ട്രെയിനിങ്ങ്, യുവർ നൈബർ അസോസിയേഷൻ എന്നിവയുടെ ലോഗോ ഡിസൈൻ ചെയ്തത് ജെസ്പിന്റെ കലാ വൈഭവത്തിന്റെ മികച്ച ഉദാഹരണമാണ്.

**സ്വാഗതം**

മുഴുവൻ സമയ യുവജന ശുശ്രൂഷകൾക്കായി കടന്നുവന്നിരിക്കുന്ന സി. ബെൻസി ജോസ് എസ്.എച്ച് നും, സി. ഡിവ്ന എസ്. ഡിയ്ക്കും യൂത്ത്മിനിസ്ട്രി കുടുംബത്തിലേക്ക് സ്വാഗതം. സി.ബെൻസി ജോസ് എസ്. എച്ച് യുവർ നൈബർ അസോസിയേഷൻ സൊസൈറ്റിയുടെയും, സി. ഡിവ്ന എസ്. ഡി ജീസസ് പ്രൊഫഷണലിന്റെയും ഉത്തരവാദിത്വം നിർവഹിക്കും.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# സാമൂഹ്യ സേവനരംഗം (WSSS)

**വാർഷിക പൊതുയോഗം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2020 ജൂലൈ 18 ശനിയാഴ്ച്ച വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്നു. ബഹുമാനപ്പെട്ട രൂപത അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട റവ.ഫാ. പോൾ മുണ്ടോളിക്കൽ മുഖ്യപ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ വാർഷിക ബജറ്റ്, പുതിയ വർഷം ആരംഭിക്കാൻ പോകുന്ന പദ്ധതികൾ എന്നിവ വിശദീകരിച്ചു. റവ.ഫാ. ജോൺ ചൂരപ്പുഴ, റവ. ഫാ. ബിജോ കറുകപ്പള്ളിൽ, പ്രദീപ് മാസ്റ്റർ, സെബാസ്റ്റ്യൻ പാലംപറമ്പിൽ, വത്സ ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

**നടീൽ വസ്തുക്കൾ വിതരണം ചെയ്തു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി എടവക, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തുകളിലെ 500 കർഷകർക്ക് കാപ്പി, കുരുമുളക് എന്നിവയുടെ തൈകൾ വിതരണം ചെയ്തു. ഒരു കർഷകന് 300 കാപ്പി തൈകളും 150 കുരുമുളക് വള്ളികളും വീതമാണ് വിതരണം ചെയ്തത്. സേവ് എ ഫാമിലി പ്ലാൻ ആണ് പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം നൽകിയത്. തൈകളുടെ വിതരണ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന ചടങ്ങിൽ മാനന്തവാടി രൂപത അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ റവ.ഫാ. പോൾ മുണ്ടോളിക്കൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രോഗ്രാം കോ ഓഡിനേറ്റർ ജെയ്ൻ അഗസ്റ്റിൻ എന്നിവർ സംസാരിച്ചു.

**സാമ്പത്തിക സഹായം അനുവദിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി കല്ല് കയ്യാല നിർമ്മാണം, മണ്ണ് കയ്യാല നിർമ്മാണം എന്നിവക്ക് 22 കുടുംബങ്ങൾക്ക് 645000 രൂപയുടെ സാമ്പത്തിക സഹായം നൽകി.

## DDU -GKY

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൻ കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽപരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിന് വേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന് ചേർന്ന് നടത്തി വരുന്ന DDU - GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നു വരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷൻ, ബ്യൂട്ടീഷൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്. പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

DDU - GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അഡ്മിഷൻ ഓൺലൈൻ ആയി നടന്നു കൊണ്ടിരിക്കുന്നു. ഓൺലൈൻ അഡ്മിഷനായി ഈ http://forms.gle/FAnSgwLqpKua85FG9 Link ൽ കയറി നിങ്ങളുടെ അഡ്മിഷൻ ഉറപ്പു വരുത്തുക. ക്ലാസുകൾ വരുന്ന മാസങ്ങളിൽ (ഗവൺമെന്റ് അനുവാദം ലഭിക്കുമ്പോൾ) മുതൽ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷൻ, ബ്യൂട്ടീഷൻ, ഫുഡ് പ്രൊസസിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന എല്ലാവർക്കും വിദേശത്തും സ്വദേശത്തും ജോലി ഉറപ്പു നൽകുന്നു.

ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ, ടാബ്ലെറ്റ്

എന്നിവയും കൊടുക്കുകയാണ്. തൊഴിൽപരമായ പരിശീലനത്തിന് മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരു വിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

മാനന്തവാടി രൂപതയുടെ സാമൂഹിക സേവന സ്ഥാപനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രധാനമായും ജനങ്ങളിലേക്ക് സഹായങ്ങൾ എത്തിക്കുന്നത് സോഷ്യൽ വെൽഫയർ സൊസൈറ്റികൾ വഴിയാണ്. കഴിഞ്ഞ മാസം Zoom മീറ്റിംഗിലുടെ സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങളുമായി ഈ കോവിഡ് കാല പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പല യൂണിറ്റുകളും മഴക്കാലമായതിനാൽ കർക്കിടക ലേഹ്യം, കഷായം എന്നിവ നിർമ്മിച്ച് വില്പന നടത്തുന്നു. നൈറ്റി നിർമ്മാണം, ആടുവിതരണം, നിർധനരായ രോഗികളുടെ ചികിത്സാ സഹായം, സ്വയം തൊഴിൽ സംരംഭക സഹായങ്ങൾ എന്നിവ പല യൂണിറ്റുകൾ വഴിയായി നടക്കുന്നു. അംഗങ്ങൾക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാനായി ലോണുകൾ നൽകി വരുന്നു.

**ഇശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ ഇ ശക്തി എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. ജൂലൈ മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു. ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് Zoom മീറ്റിംഗിലൂടെ 20 ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നടത്തുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകി വരുന്നു. കോവിഡ് മൂലം മാർച്ച് മാസത്തിന് ശേഷമുള്ള ക്ലെയിമുകൾ പരിഗണിക്കുന്നതിൽ സ്റ്റാർ ഹെൽത്ത് ഓഫീസിൽ താമസമുള്ളതിനാൽ അതിന് ശേഷമുള്ള ക്ലെയിമുകൾക്ക് പണം ലഭിക്കുന്നതിൽ താമസം നേരിടുന്നുണ്ട്. 5,22,021,58 രൂപയുടെ ക്ലെയിമുകൾ ജൂലൈ മാസം ലഭിച്ചിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്തവരുടെ പോളിസി നമ്പറുകൾ അറിയുന്നതിനും ക്ലെയി

മുകളെ കുറിച്ച് അറിയുന്നതിനുമായി 9400367560 എന്ന ഓഫീസ് നമ്പ റിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2020-2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ജൂലൈ 10 മുതൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്.എസ്.എൽ.സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി തുടർന്നുകൊണ്ടിരിക്കുന്നു. ഈ മാസം പുൽപ്പള്ളി റീജിയണിൽപ്പെട്ട സീതാമൗണ്ട് സെന്ററിൽ നിന്നും 3 കുടുംബങ്ങൾക്ക് ഈ പദ്ധതിയിൽ അംഗത്വം ലഭിച്ചു. ഈ ലോക്ക് ഡൗൺ ദിവസങ്ങളിൽ കുടുംബങ്ങൾക്കായും കുട്ടികൾക്കായും പച്ചക്കറിത്തോട്ടം ഉണ്ടാക്കുക, മാസ്ക്കുകൾ തയ്ക്കുക തുടങ്ങിയ വിവിധ പരിപാടികളിൽ പങ്കുചേരുവാൻ പ്രോത്സാഹനം നൽകുകയും ഓൺലൈനായി പരിപാടികൾ വിലയിരുത്തുകയും ചെയ്തു വരുന്നു. 2020-2021 വർഷത്തിലേക്കുള്ള പുതിയ അംഗങ്ങളെ ചേർത്തുവരുന്നു. ഈ മാസം തവിഞ്ഞാൽ ഇടവകയിൽ നിന്നും രണ്ടു കുടുംബങ്ങൾക്കായും പുതുശ്ശേരിക്കടവ് ഇടവകയിൽ നിന്നും ഒരു കുടുംബത്തിനായും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| | | |
|---|---|---|
| ചെറുകിട സംരംഭകങ്ങൾക്കായി | - | 23000 (SAFP) |
| കൃഷി | - | 60000 (SAFP) |
| മൃഗസംരക്ഷണത്തിനായി | - | 10000 (SAFP) |
| **ആകെ** | **-** | **93000.00** |

**സമൃദ്ധകുടുംബം കുടുംബോദ്ധാരണ പദ്ധതി**

മാനന്തവാടി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സമൂഹത്തിൽ നിർദ്ധനരും നിരാശ്രയരുമായി കഷ്ടപ്പെടുന്ന കുടുംബങ്ങളെ സ്വയംപര്യാ

പ്തതയിൽ എത്തിക്കുന്നതിന് WSSSന്റെ ജൈവകൃഷി വ്യാപന പദ്ധതിക്ക് നേതൃത്വം നൽകുന്ന ബയോവിൻ അഗ്രോ റിസേർച്ച് സെന്ററുമായി സഹകരിച്ച്  സമൃദ്ധകുടുംബം എന്ന പേരിൽ ഒരു കുടുംബോദ്ധാരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്. പദ്ധതിയിൽ അംഗമാകുന്ന കുടുംബത്തിന് പ്രതിമാസം 1500 രൂപ വീതം 05 വർഷത്തേക്ക് ലഭിക്കുന്നതാണ്. ആദ്യ ഘട്ടം 100 കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നമ്മുടെ രൂപതയിൽ ചുങ്കക്കുന്ന്, മണിമൂളി, തരിയോട്, ബത്തേരി, കൽപ്പറ്റ ഫൊറോനകളിലെയും ഗൂഡല്ലൂർ റീജിയണിലേയും കുടുംബങ്ങളെയാണ് പദ്ധതിയിൽ പരിഗണിക്കുന്നത്. ബഹുമാനപ്പെട്ട അച്ചന്മാർ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി WSSS ഓഫീസിൽ എത്തിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**സേവ് എ ഫാമിലി പ്ലാൻ  പ്രളയ പുനരധിവാസ പദ്ധതി**

എടവക, പടിഞ്ഞാറത്തറ പഞ്ചായത്തുകളിൽ വെള്ളപ്പൊക്കത്തിൽ കഷ്ടപ്പെടുന്ന വീട്ടമ്മമാരെ പങ്കാളികളാക്കി പുതിയതായി ആരംഭിക്കാനിരിക്കുന്ന നാല് സോപ്പ് നിർമ്മാണ യൂണിറ്റുകളിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം ബഹുമാനപ്പെട്ട മാനന്തവാടി രൂപത ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഉത്ഘാടനം ചെയ്തു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

ക്ഷേമനിധിയിൽ ചേർന്നിട്ട് രണ്ടിൽ അധികം തവണ അംശാദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനസ്ഥാപിക്കുന്നതിനുള്ള സമയ പരിധി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു.

പഠന സഹായത്തിനുള്ള അപേക്ഷകൾ ജൂലൈ 15 മുതൽ ആഗസ്റ്റ് 31 വരെ സ്വീകരിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായ അപേക്ഷകൾ കോഴ്സ് തുടങ്ങി 45 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

**വാർഷിക പുതുക്കൽ**

സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയന്റെയും കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറത്തിന്റയും അംഗങ്ങളുടെ വാർഷിക പുതുക്കൽ നടത്തി.

**അംഗത്വ രജിസ്ട്രേഷൻ**

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ**

ഗവൺമെന്റ് സാമൂഹ്യക്ഷേമ പദ്ധതികളായ വിവിധ ക്ഷേമ പദ്ധതികളിൽ അംഗത്വമെടുത്തവർക്ക് കോവിഡ് 19 അനുബന്ധിച്ച് പ്രത്യേക സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇങ്ങനെ ഒരു സഹായം തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള സാഹചര്യം അവർ ഓരോരുത്തരും തൊഴിലിന്റെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമനിധി യിൽ ചേർന്നതു കൊണ്ടാണ്.

സെപ്റ്റംബർ അവസാനവാരം നിർമ്മാണ തൊഴിലാളി രജിസ് ട്രേഷൻ നടത്താൻ തീരുമാനിച്ചിരിക്കുന്നു

**ആവശ്യമായ രേഖകൾ**

1. പാസ്പോർട്ട് സൈസ് ഫോട്ടോ -4
2. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
3. ആധാർ, ബാങ്ക് പാസ്ബുക്ക്, റേഷൻകാർഡ്
4. തിരിച്ചറിയൽ കാർഡ്

**ലഭിക്കുന്ന ആനുകൂല്യങ്ങൾ**

1. പെൻഷൻ – 1300
2. വിവാഹ ധനസഹായം – 10000
3. പ്രസവ ധനസഹായം – 15000
4. SSLC പഠന സഹായം, ക്യാഷ് അവാർഡ്, ഉന്നത സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം
5. മരണ ധനസഹായം – 50000
6. അപകട മരണ ധനസഹായം – 4 ലക്ഷം
7. മരണ ചെലവുകൾക്ക് – 4000

ഓരോ ഇടവകകളിൽ നിന്നും സഹായ സഹകരണങ്ങൾ പ്രതീ ക്ഷിക്കുന്നു.

**ഫാ. പോൾ കൂട്ടാല**

ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

കൃഷിയിടങ്ങളിലേക്കിറങ്ങി ചെന്നുള്ള സജീവ ഇടപെടലുകൾക്ക് കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് പരിമിതികളുള്ളതിനാൽ കർഷകരെ ഫോണിലൂടെ ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുക എന്ന രീതിയാണ് ഫീൽഡ് തലത്തിൽ ഇപ്പോൾ പിന്തുടർന്ന് കൊണ്ടിരിക്കുന്നത്. കർഷകർ വിപണനത്തിനായി സൂക്ഷിച്ചിരിക്കുന്ന ഉത്പന്നങ്ങൾ കാലവിളംബമില്ലാതെ തന്നെ സംഭരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ കൃത്യമായി നടത്തിവരുന്നു. ജൂൺ മാസം പ്രധാനമായും IC 03 ഘട്ടത്തിലേക്ക് കടക്കുന്ന എണ്ണായിരത്തോളം കർഷകരുടെ വിവരങ്ങൾ APEDA യുടെ സോഫ്റ്റ്വെയർ ആയ ട്രേസ് നെറ്റിലേക്ക് ചേർക്കുക എന്നതായിരുന്നു. 24 ICS (ഇന്റേണൽ കൺട്രോൾ സിസ്റ്റം) കളിലായുള്ള ഈ കർഷകരുടെ ഓഡിറ്റിങ്ങിനാവശ്യമായ ക്രമീകരണങ്ങൾ ആരംഭിക്കുകയും ജൂലൈ മാസത്തോടെ അവ പൂർത്തീകരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

ജൈവ കൃഷി സാക്ഷ്യപത്രം പുതുക്കുന്നതിനായുള്ള പരിശോധന നടന്നുവരുന്നു. ലാക്കോൺ ഓഡിറ്റർ ശ്രീ. യദുകൃഷ്ണൻ ആണ് നേതൃത്വം നൽകുന്നത്. 11 ICS കളിലായി 3700 കർഷകരുടെ ഓഡിറ്റ് നിലവിൽ പൂർത്തീകരിച്ചു.

ഫെയർട്രേഡ് പ്രീമിയം പ്രോജക്ടിന്റെ ഭാഗമായി കഫെയിൽ ഉൾപ്പെട്ട കർഷകർക്ക് തികച്ചും സൗജന്യമായി കക്ക വിതരണം ചെയ്യുന്നതിന്റെ തുടർ ക്രമീകരണങ്ങൾ ജൂലൈ മാസത്തിലും നടക്കുകയുണ്ടായി. തമിഴ്നാട് റീജിയനിൽപ്പെടുന്ന 1082 കർഷകരും വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ 1800 കർഷകരുമാണ് ജൂലൈ മാസം ഗുണഭോക്താക്കളായത്.

കോവിഡ് വ്യാപനം മൂലം പ്രതിസന്ധിയിലകപ്പെട്ട കർഷക സംഘടനകൾക്കായി നെറ്റ്വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെയും സ്വിസർലാൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മാക്സ് ഹവലർ ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ അതിജീവനത്തിനായി നടപ്പിലാക്കുവാൻ സാധിക്കുന്ന പ്രോജക്ടുകൾ ക്ഷണിച്ചിരുന്നു. കഫെ സമർപ്പിച്ച പ്രോജക്ട് അംഗീകരിക്കപ്പെടുകയും നടപ്പിലാക്കുവാനുള്ള സാമ്പത്തിക സഹായം

അനുവദിക്കുകയും ചെയ്തു. ഇന്ത്യയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പ്രൊഡ്യൂസർ ഓർഗനൈസേഷനിൽ ഒന്ന് കഫെയുടേതാണ്.

പദ്ധതിയിൽ അംഗങ്ങളായ പരിവർത്തന കാലയളവിലുള്ള കർഷകരിൽ നിന്നും 72 രൂപ നിരക്കിൽ 15700 കിലോ കാപ്പിയും ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ കർഷകരിൽ നിന്നും 80 രൂപ നിരക്കിൽ 36800 കിലോ കാപ്പിയും സംഭരിച്ചു. ജൈവ കുരുമുളക് 3300 കിലോ 380 രൂപ നിരക്കിലും ഞാലിപ്പൂവൻ വാഴക്കുല 5300 കിലോ 35 രൂപ നിരക്കിലും തേങ്ങ 1300 കിലോ 35 രൂപ നിരക്കിലും സംഭരിച്ചു.

സംസ്ക്കരണ വിഭാഗത്തിൽ ജൂലൈ മാസം കാപ്പി, ഇഞ്ചി, കുരുമുളക്, വാഴപ്പഴം, തേങ്ങ എന്നിവയുടെ സംസ്കരണം നടക്കുകയും ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്ക് വിപണനം നടത്തുകയും ചെയ്തു വരുന്നു. ഇതിനായി 1053 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**1. ഏദൻതോട്ട മത്സരം**

ലോക്ഡൗൺ കാലത്ത് ജനങ്ങളെ കർമ്മനിരതരാക്കാനും പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടാനും വേണ്ടി ആരംഭിച്ച 'വീട്ടിൽ ഇരിക്കാം പച്ചക്കറി നടാം' എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ നടത്തിയ മത്സര പരിപാടിയിൽ മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിലെ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരും പ്രസ്ഥാനങ്ങളും പങ്കാളികളായി. വീട്ടിൽ ഒരടുക്കളത്തോട്ടം രൂപപ്പെടുത്തി വിജയിപ്പിച്ചു. ബഹു. വൈദികരുടെ ഭാഗത്തുനിന്ന് മത്സരത്തിൽ പങ്കെടുത്ത ബഹു. വിൻസെന്റ് കളപ്പുര അച്ചനെയും, ബഹു. കുര്യൻ വാഴയിൽ അച്ചനേയും നന്ദിയോടെ ഓർക്കുന്നു.

**2. നൂറ്റിരണ്ടാം വാർഷികം**

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ ആഹ്വാനമനുസരിച്ച് സംഘടനയുടെ നൂറ്റിരണ്ടാം ജന്മദിനത്തിന്റെ ഭാഗമായി രൂപതാ ഡയറക്ടറും മറ്റ് ഭാരവാഹികളും അവരവരുടെ കൃഷി സ്ഥലത്ത് ഫലവൃക്ഷത്തൈ നടീൽ നടത്തി.

**3. നിൽപുസമരം**

കോവിഡ് 19 ഉൾപ്പെടെയുള്ള വിവിധ പ്രതിസന്ധികളിൽ സാമ്പത്തികമായി തകർന്ന കർഷകരെ സംരക്ഷിക്കുന്നതുവേണ്ടി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകൾക്കു മുമ്പിൽ കത്തോലിക്ക കോൺഗ്രസ്സ് രൂപത പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ നിൽപുസമരം നടത്തി.

**4. വൈദികരോടൊപ്പം**

കോവിഡ് 19 കാലഘട്ടത്തിൽ ദൈവാലയങ്ങൾ അടച്ചിടുകയും ആരാധനകൾ മുടങ്ങുകയും ചെയ്തപ്പോൾ തങ്ങളുടെ വികാരി യച്ചന്മാരെ സ്നേഹപൂർവ്വം അനുസ്മരിക്കാനും ചേർത്ത് നിർത്താനും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെയ് മാസം 31-ാം തീയതി "വൈദികരോടൊപ്പം" എന്ന പരിപാടി സംഘടിപ്പിച്ചു. "പ്രിയ വികാരിയച്ചാ........... മനുഷ്യനെ മനുഷ്യനാക്കുന്ന സ്നേഹ ബന്ധത്തിന്റെ അൾത്താരയിൽ അങ്ങയോടൊപ്പം എന്നും ഞങ്ങൾ ഉണ്ട്" എന്നതായിരുന്നു ആ ദിനത്തിലെ സന്ദേശം.

**5. കാനനപാതകളിൽ വരമ്പുകൾ നിർമ്മിക്കുന്നതിനെതിരെ പ്രതിഷേധം**

ബത്തേരി-പുൽപ്പള്ളി സ്റ്റേറ്റ് ഹൈവേ ഉൾപ്പെടെയുള്ള കാനനപാതകളിൽ വരമ്പുകൾ സ്ഥാപിച്ചുകൊണ്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ക്രമേണ വനപാതകൾ അടക്കാനുമുള്ള ഗൂഢനീക്കത്തിനെതിരെ കത്തോലിക്ക കോൺഗ്രസ്സ് പ്രക്ഷോഭം നടത്തി. സാമൂഹിക അകലം പാലിച്ചും സമാധാനപരമായും നടത്തിയ സമരം രൂപതാ പ്രസിഡണ്ട് ഡോ. കെ.പി. സാജു ഉദ്ഘാടനം ചെയ്തു. രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

നിൽപുസമരത്തെ തുടർന്ന് ഫോറസ്റ്റ് അധികാരികളുമായി നടത്തിയ ചർച്ചയിൽ വനപാതകളിൽ വരമ്പു നിർമ്മിക്കാനോ അടക്കാനോ ഉള്ള ശ്രമം ഉണ്ടാകില്ലെന്ന് നേതാക്കൾക്ക് ഉറപ്പു നൽകി.

**6. 'ഹലോ ഹൃദയപൂർവ്വം'**

കോവിഡ് വ്യാപനഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്ക് പരസ്പരം കാണുവാനോ സംസാരിക്കുവാനോ കഴിയാത്തതിനാൽ ഫോണിലൂടെ പരസ്പരം ക്ഷേമാന്വേഷണങ്ങൾ പങ്കുവെക്കുന്ന "ഹലോ.....ഹൃദയപൂർവ്വം" എന്ന പരിപാടി ആഗസ്റ്റ് 2 ന് നടത്തി. അംഗങ്ങൾ പരസ്പരം സ്നേഹാന്വേഷണങ്ങളും ആശംസകളും കൈമാറി.

**7. ഏകദിന ഉപവാസ സമരങ്ങൾ**

**(a) രൂപതാതലം**

സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 10% സാമ്പത്തിക സംവരണം പൂർണ്ണമായും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആഗസ്റ്റ് മാസം അഞ്ചാം തീയതി കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതി ഏകദിന ഉപവാസസമരം കോട്ടയത്ത് നടത്തുകയുണ്ടായി. ഇതിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ കേരളത്തിലെ എല്ലാ രൂപതകളിലും ആഗസ്റ്റ് 7 ന് ഏകദിന ഉപവാസസമരം നടത്തി. മാനന്തവാടി രൂപതാതല ഏകദിന ഉപവാസസമരം രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി ആമുഖ പ്രഭാഷണം നടത്തി. രൂപതാ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ തുടർന്ന സമരവേദിയിൽ ബഹു. വൈദികർ, ഗ്ലോബൽ, രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**(b) ഫൊറോന തലം**

സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യങ്ങൾ ഉടൻ നടപ്പിലാക്കണ

മെന്നാവശ്യപ്പെട്ട് കേരളത്തിലെ എല്ലാ രൂപതകളിലെയും ഫൊറോന കേന്ദ്രങ്ങളിൽ ആഗസ്റ്റ് 11 ന് ഏകദിന ഉപവാസ സമരങ്ങൾ നടന്നു. ഇതിന്റെ ഭാഗമായി മാനന്തവാടി രൂപതയിലെ 7 ഫൊറോന കേന്ദ്രങ്ങളിൽ ഏകദിന ഉപവാസ സമരം നടന്നു. നിലമ്പൂർ, മണിമൂളി, ചുങ്കക്കുന്ന്, മാനന്തവാടി, നടവയൽ, ബത്തേരി, കൽപ്പറ്റ ഈ ഫൊറോനകളിലെ ഫൊറോന ഡയറക്ടർമാർ, ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, മേഖല ഭാരവാഹികൾ ഇവരെയെല്ലാം നന്ദിയോടെ ഓർമ്മിക്കുന്നു. ഫൊറോന രൂപതാതല സമരങ്ങൾക്ക് രൂപത ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി, രൂപതാ പ്രസിഡണ്ട് ഡോ. കെ. പി. സാജു കൊല്ലപ്പള്ളിൽ, ജനറൽ സെക്രട്ടറി ശ്രീ. വർക്കി നിരപ്പേൽ, ട്രഷറർ ജോർജുകുട്ടി വിലങ്ങപ്പാറ, ഗ്ലോബൽ സെക്രട്ടറി സൈമൺ ആനപ്പാറ തുടങ്ങിയവർ നേതൃത്വം നൽകി.

**7. നടവയൽ യൂണിറ്റിന് പുതിയ ഭാരവാഹികൾ**

കത്തോലിക്ക കോൺഗ്രസ്സ് നടവയൽ യൂണിറ്റ് പ്രസിഡണ്ടായി വിൻസെന്റ് ചേരവേലിൽ, സെക്രട്ടറിയായി സ്റ്റാൻലി തെനങ്കാലയും ട്രഷറായി എം.സി. ബിനുവും തെരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത യോഗത്തിൽ നടവയൽ ആർച്ച് പ്രീസ്റ്റ് ആയിരുന്ന റവ. ഫാ. ബെന്നി മുതിരക്കാലായിലിന് യാത്രയയപ്പും നൽകി.

**8. "റീ ബ്രാന്റിംങ്ങ് ആന്റ് റീ ബിൽഡിംഗ്"**

കോവിഡാനന്തര കത്തോലിക്കാ കോൺഗ്രസ്സിന് പുതിയ രൂപവും ഭാവവും നൽകുവാൻ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി തീരുമാനമെടുത്തു. അതിനായി പുതിയ കമ്മറ്റികളെ സമിതി ചുമതലപ്പെടുത്തി. റീ-ബ്രാൻഡിംഗ് കമ്മറ്റിയിലെ ഇന്ത്യയിൽ നിന്നുള്ള പ്രതിനിധിയായി മാനന്തവാടി രൂപത പ്രസിഡണ്ട് ഡോ. കെ.പി. സാജു തിരഞ്ഞെടുക്കപ്പെട്ടു. രൂപത സമിതിയുടെ അഭിനന്ദനങ്ങൾ.

**9. കോവിഡ് പ്രതിരോധ സേന - 'മാനന്തവാടി സമരിറ്റൻസ്'**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ സന്നദ്ധസേന രൂപീകൃതമായി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി രൂപം നൽകിയ മാനന്തവാടി സമരിറ്റൻസിൽ കത്തോലിക്ക കോൺഗ്രസ്സ് പ്രവർത്തകരായ 60 അംഗങ്ങൾ രജിസ്റ്റർ ചെയ്തു. സന്മനസു കാണിച്ച അംഗങ്ങൾക്ക് രൂപത സമിതിയുടെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ.

**വർക്കി നിരപ്പേൽ**
ജനറൽ സെക്രട്ടറി

**കോവിഡ് 19 പ്രതിരോധ പരിപാടികൾ**

കോവിഡ് 19 പ്രതിരോധത്തിനും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുമായി ആരോഗ്യബോധവത്കരണ മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് പൊതുവായുള്ള പ്രവർത്തനങ്ങളും റേഡിയോ മാറ്റൊലിയുടെ പരിപാടികളിൽ ഉൾപ്പെടുത്തി. ഈ ടോക്സ് പൊതു സേവന പരസ്യങ്ങൾ പ്രൊമോകൾ, തത്സമയ ഫോൺ ഇൻ പരിപാടികൾ എന്നിവയും വിവിധ തലത്തിലുള്ള വകുപ്പ് മേധാവികളുടെ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്തു. അതോടൊപ്പം ആദിവാസി വിഭാഗങ്ങൾക്കിടയിലേക്ക് ബോധവത്കരണം എത്തിക്കുന്നതിനായി ഗോത്രഭാഷയിലും പ്രോഗ്രാമുകളും പ്രോമോകളും പ്രക്ഷേപണം ചെയ്തു.

റേഡിയോ സ്റ്റേഷനേയും പ്രോഗ്രാമുകളേയും ഒരു തരത്തിലും ദോഷകരമായി ബാധിക്കാത്ത രീതിയിൽ ജില്ലാ ഭരണകൂടത്തിന്റേയും ആരോഗ്യവകുപ്പിന്റേയും നിർദ്ദേശത്തോടെ സ്റ്റാഫംഗങ്ങൾക്ക് ജോലിയിൽ ക്രമീകരണം ഏർപ്പെടുത്തി. 07 പേരടങ്ങുന്ന രണ്ട് ടീം ആയി തിരിഞ്ഞാണ് പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

**ടെലിവിഷൻ വിതരണം**

ദ്വാരക റേഡിയോ മാറ്റൊലിയുടെയും ദ്വാരക മേഖല KCYM ന്റെയും നേതൃത്വത്തിൽ ഓൺലൈൻ വിദ്യാദ്യാസത്തിന്റെ ഇന്നത്തെ കാലത്ത് പഠനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് 12 ടെലിവിഷൻ കൈമാറി. ആഗസ്റ്റ് 05 രാവിലെ 10.00 ന് ദ്വാരക ഫൊറോന വികാരി ഫാ. ഷാജി മുളകുടിയാങ്കൽ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടറും KCYM ദ്വാരക മേഖല ഡയറക്ടറുമായ ഫാ. ബിജോ കറുകപ്പള്ളി, KCYM മാനന്തവാടി രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ദ്വാരക മേഖല പ്രസിഡന്റ് ജോബിൻ ഇല്ലിക്കൽ, സെക്രട്ടറി അമൽജിത്ത് സിബി കുളത്തുംപാട്ട് എന്നിവർ പങ്കെടുത്തു.

**കോളനികളിൽ റേഡിയോ സെറ്റ് വിതരണം**

ജില്ലയിലെ ആദിവാസി കോളനികളിൽ എളുപ്പം വാർത്താ വിനിമയം സാധ്യമാകുന്നതിനു വേണ്ടി 850 റേഡിയോ സെറ്റുകൾ നൽകുന്നതിന്റെ വിതരണം, തൊഴിൽ എക്സൈസ് വകുപ്പു മന്ത്രി ടി.പി. രാമകൃഷ്ണന്റെ സാന്നിധ്യത്തിൽ വയനാട് ജില്ലാ കലക്ടർ അദില അബ്ദുല്ല, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളിയിൽ നിന്നും ഏറ്റു വാങ്ങി. അമേരിക്കയിലെ മലയാളി സംഘടനകളായ സ്റ്റാൻഡ് വിത് കേരള, കെയർ ആൻഡ് ഷെയർ, ലയൻസ് ക്ലബ് എയിസ് ഡാളസ് എന്നിവരാണ് ആവശ്യമായ ഫണ്ട് റേഡിയോ മറ്റൊലിയിലൂടെ നൽകിയത്. 815 റേഡിയോ സെറ്റുകളും അതിനാവശ്യമായ ബാറ്ററികളും വിതരണം ചെയ്തു. ഈ റേഡിയോ ബാറ്ററിയിലും വൈദ്യുതിയിലും പ്രവർത്തിപ്പിക്കാവുന്നതാണ്.

**കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ – റേഡിയോ സെറ്റ് വിതരണം**

എടവക ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളായ ദ്വാരക പാസ്റ്ററൽ സെന്ററിനു സമീപത്തെ സി.എഫ്.എൽ.ടി.സിയിലും നല്ലൂർനാട് അംബേദ്കർ ക്യാൻസർ സെന്ററിലും റേഡിയോ സെറ്റുകൾ വിതരണം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ വിജയന്റെ സാന്നിധ്യത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി റേഡിയോ കൈമാറി.

**മാനേജ്മെന്റ് കമ്മിറ്റി**

ആഗസ്റ്റ് 5 ന് മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗ് നടത്തി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സൂം ആപ്ളിക്കേഷൻ വഴി ആയിരുന്നു മീറ്റിംഗ്.

**കോവിഡ് – പ്രളയ സഹായ വിതരണം**

കമില്ലസ് ഫാദേഴ്സ് കോൺഗ്രിഗേഷൻ വിയറ്റ്നാമിലെ ബുദ്ധിസ്റ്റ് ത്സൂ ഷീ ഫൗണ്ടേഷനുമായി ചേർന്ന് റേഡിയോമാറ്റൊലി പ്രവർത്തകർക്ക് ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ജൂലായ് 21 ന് തുടരാം ജാഗ്രത തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ഇൻഫർമേഷൻ ഇൻ ചാർജ് ഡോ. ജി.

ആർ. സന്തോഷ് കുമാർ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

കർക്കിടവും ആരോഗ്യപ്രശ്നങ്ങളും എന്ന പേരിൽ ജൂലായ് 25 ന് ഡോക്ടറോട് ചോദിക്കാം തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പടിഞ്ഞാറത്തറ ആയുർപ്ലസ് ട്രീറ്റ്മെന്റ് സെന്ററിലെ ഡോ. ഫാത്തിമത് സുഹ്റ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ആഗസ്റ്റ് 1 ന് തുടരാം ജാഗ്രത തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 വരെ നടത്തിയ പരിപാടിയിൽ നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി അഭിലാഷ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ലൈഫ് മിഷൻ ഭവന പദ്ധതിയേക്കുറിച്ച് ആഗസ്റ്റ് 3 ന് ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ മിഷൻ കോർഡിനേറ്റർ സിബി വർഗ്ഗീസ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ലോക വയോജന വാരാചരണത്തിന്റെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെയും നെഹ്റു യുവ കേന്ദ്രയുടെയും സംയുക്താഭിമുഖ്യത്തിൽ റേഡിയോ മാറ്റൊലിയിൽ ആഗസ്റ്റ് 14 മുതൽ 21 വരെ വയോമിത്രം എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു.

**ക്ഷീരവാണി**

ക്ഷീരകർഷകർക്കായ് കേരള വെറ്റിനറി സർവ്വകലാശാല നടത്തിയ വെബിനാർ പരമ്പരയുടെ ശ്രാവ്യരൂപം റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നു.

**മിഷൻ കൊറോണ**

കമ്മ്യൂണിറ്റി റേഡിയോ അസ്സോസിയേഷനും, യൂനിസെഫും ചേർന്ന് നടത്തുന്ന പ്രോഗ്രാം റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നു.

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹകരണത്തോടെ ആഴ്ചയിൽ ഒരു പ്രോഗ്രാമും പ്രൊമോകളും റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നു.

**ത്രിവർണം**

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ത്രിവർണം എന്ന പേരിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ദേശഭക്തി ഗാനങ്ങൾ, പ്രസംഗങ്ങൾ എന്നിവയുടെ മത്സരം ഇതോടനുബന്ധിച്ചു നടത്തി.

കൂടാതെ ത്രിവർണം മാറ്റൊലി ക്വിസ് എന്ന പേരിൽ ക്വിസ് മത്സരവും സംഘടിപ്പിച്ചു.

**ഹയർസ്റ്റഡീസ്. കോം**

ഉപരിപഠനത്തിന് തയ്യാറെടുക്കുന്നവർക്കായി ഉന്നതവിദ്യാഭ്യാസ മേഖലകളെ പരിചയപ്പെടുത്തുന്ന ഹയർ സ്റ്റഡീസ്.കോം എന്ന പേരിൽ പുതിയ പ്രോഗ്രാം ആരംഭിച്ചു. സെന്റ് ജോസഫ് ദേവഗിരി കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. സനാദനൻ വെള്ളുവയാണ് ക്ലാസ്സ് നയിച്ചത്.

**കർക്കിടകം**

കർക്കിടക മാസാചരണത്തിന്റെ ഭാഗമായി ഒരുമാസമുള്ള രാമായണപാരായണം പ്രക്ഷേപണം ചെയ്തു.

**നന്ദിപൂർവ്വം**

മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ആയി 3 വർഷക്കാലം മാറ്റൊലിയിൽ സ്തുത്യർഹ സേവനം ചെയ്ത ഷാജു.പി. ജെയിംസിന് യാത്രയയപ്പു നൽകി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

ലോകം ഏറെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കോവിഡ് കാലത്തും പ്രത്യാശയുടെ കിരണങ്ങൾ ഒളിമങ്ങാതെ കാത്തുസൂക്ഷിച്ചുകൊണ്ട് നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി അതിന്റെ പ്രവർത്തനങ്ങളെ മികച്ച രീതിയിൽ കോർത്തിണക്കി മുന്നോട്ടുപോകുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ 4 ഗ്രാമ പഞ്ചായത്തുകളിലെയും, 2 ടൗൺ പഞ്ചായത്തുകളിലെയും, 2 മുനിസിപ്പാലിറ്റികളിലെയും 1000 ത്തോളം കുടുംബങ്ങൾക്കും 5000 ഓളം ആളുകൾക്കും സൊസൈറ്റിയുടെ ഉപകാരം ലഭിച്ചുകൊണ്ടിരിക്കുന്നു.

**ഓഫീസ് പ്രവർത്തന വർഷാരംഭം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2020-2021 ഓഫീസ് പ്രവർത്തനവർഷം ജൂലൈ മാസം 01-ാം തീയതി മുതൽ പുതിയ ഓഫീസ് കെട്ടിടത്തിൽ ആരംഭിച്ചു. ഓഫീസ് സെക്രട്ടറിയായ ശ്രീ.ജോഷി താണോലിൽ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

**ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പറുകൾ**

ഡയറക്ടർ : 9585885153

ഓഫീസ് സെക്രട്ടറി : 9486988685

**NDS ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

NDS ഓഫീസ് കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ 250 ഓളം ആളുകളെ ഉൾക്കൊള്ളാവുന്ന വിധത്തിലുള്ള ഓഡിറ്റോറിയത്തിന്റെയും, ചാപ്പലിന്റെയും Mezzanine Floor Work പുരോഗമിച്ചുവരുന്നു. ഒക്ടോബർ മാസത്തോടെ പണികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**CEI Project: കറവപശുക്കളെ വളർത്തുന്നതിനുള്ള ധനസഹായം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയും, ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസും സംയുക്തമായി നടത്തുന്ന CEI (Conferenza Episcopale Italiana) പ്രോജക്ടിന്റെ ഭാഗമായി അപേക്ഷഫോറവും, മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി NDS ന്റെ 10 യൂണിറ്റുകളുടെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ അയച്ചുകൊടുത്തു.

**ബയോവിൻ ജൈവ കർഷകരുടെ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റിംഗ്**

15.07.2020 ന് NDS ഓഫീസിൽ വെച്ച് ബയോ ശ്രീമധുര ഗ്രൂപ്പിന്റെ മീറ്റിംഗ് നടത്തി. Biowin റീജണൽ കോഡിനേറ്റർ റ്റിന്റു ജോസ് മീറ്റിംഗിന് നേതൃത്വം നല്കി. ബയോ ശ്രീമധുര ഗ്രൂപ്പിന്റെ ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ സംസാരിച്ചു.

**ആറട്ടുപാറ യൂണിറ്റ് മീറ്റിംഗ്**

2020 ജൂലൈ മാസം 20-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആറാട്ടുപാറ സെന്റ് മേരീസ് പള്ളിയിൽ വെച്ച് സംഘടനയുടെ ആദ്യത്തെ മീറ്റിംഗ് നടത്തി. ആറാട്ടുപാറ യൂണിറ്റിന്റെ കീഴിയിൽ പുതിയതായി പ്രവർത്തനമാരംഭിക്കുന്ന 7 സ്വാശ്രയ സംഘങ്ങളുടെ സെക്രട്ടറിമാർ മീറ്റിംഗിൽ പങ്കെടുത്തു. യൂണിറ്റ് മീറ്റിംഗിന് മേഖലാ കോഡിനേറ്റർ ജോഷി താണോലിൽ നേതൃത്വം നല്കി.

പുതിയതായി പ്രവർത്തനമാരംഭിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും, യൂണിറ്റിന്റെ പ്രവർത്തനങ്ങളെകുറിച്ചും കോഡിനേറ്റർ മീറ്റിംഗിൽ സംസാരിക്കുകയും, അംഗങ്ങൾ അവരുടെ ആശയങ്ങൾ പങ്കുവെക്കുകയും, സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

ഈ മീറ്റിംഗിൽ, യൂണിറ്റ് ഡയറക്ടറായി റവ.ഫാ. ബിനോയി കാശാംകുറ്റിയിലും, പ്രസിഡണ്ടായി ആന്റണി നായ്പുരയിടത്തിലും, സെക്രട്ടറിയായി ഷാജി കടൂത്താഴെയും, ട്രഷറായി ജെസ്സി കുന്നേലും ഉത്തരവാദിത്വം ഏറ്റെടുത്തു. വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി സ്ഥാനങ്ങളിലേക്ക് പിന്നീട് തിരഞ്ഞെടുപ്പ് നടത്താമെന്ന് തീരുമാനിക്കുകയും ചെയ്തു.

**PWLWD'S മീറ്റിംഗ്**

അംഗവൈകല്യമുള്ള കുട്ടികൾക്കും, മുതിർന്നവർക്കുമുള്ള വ്യത്യസ്തമായ പരിപാടികളെക്കുറിച്ച് മീറ്റിംഗിൽ സംസാരിക്കുകയും, അത്തരം ആളുകളെയും അവരുടെ കുടുംബാംഗങ്ങളെയും NDS ന്റെ പ്രവർത്തനങ്ങളിൽ പ്രത്യേകം പങ്കാളികളാക്കണമെന്നും കോഡിനേറ്റർ നിർദ്ദേശം നല്കുകയും ചെയ്തു.

**ഓഡിറ്റിംഗ്**

വിമലഗിരി, ബോസ്പാറ യൂണിറ്റുകളുടെ ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ് ചെയ്യുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശങ്ങളും നല്കുകയും ചെയ്തു.

**കോവിഡ് –19 പ്രതിരോധ സേന**

ലോകത്തെ തന്നെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്ന കോവിഡ് എന്ന മഹാമാരിയെ പ്രതിരോധിക്കാൻ മാനന്തവാടി രൂപത നടപ്പിലാക്കുന്ന മാനന്തവാടി സമരിറ്റൻസ് എന്ന പ്രതിരോധ സേനയ്ക്ക് നീലഗിരി റീജിയണിലും തുടക്കം കുറിച്ചു. 10 ഇടവകകളിൽ നിന്നുമായി 50 അംഗങ്ങൾ സേനയുടെ ഭാഗമായി. പാട്ടവയൽ S.H സിസ്റ്റേഴ്സിന്റെ ആശുപത്രിയിൽ വെച്ച് സേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലന ങ്ങളും, PPE കിറ്റും നൽകി.

**സ്വാതന്ത്ര്യദിനാഘോഷം**

ഭാരതത്തിന്റെ 74–ാം സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15–ാം തീയതി രാവിലെ 10.00 മണിക്ക് NDS ഓഫീസിൽ, KCYM ന്റെ നേതൃത്വത്തിൽ പതാക ഉയർത്തുകയും, ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ സ്വാതന്ത്ര്യദിനത്തിന്റെയും, മാതാവിന്റെ സ്വർഗാരോപണ തിരുനാളി ന്റെയും സന്ദേശവും നൽകി. തുടർന്ന് ബഹു. ജോണി കപ്യാരുമലയിൽ അച്ചൻ യുവജനങ്ങൾക്ക് Personal Health Management നെക്കുറിച്ച് ക്ലാസ്സ് നൽകുകയും, KCYM മേഖലാ ഡയറക്ടർ ബഹു. റോബിൻ പടിഞ്ഞാറയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം നൽകുകയും ചെയ്തു. KCYM ന്റെ ഭാരവാഹികളും, അംഗങ്ങളും അടക്കം 20 ഓളം പേർ മീറ്റിംഗിൽ പങ്കെടുത്തു.

**PWLWD’S PROJECT INAUGURATION: (15.08.2020)**

ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസും (CEI) നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന PWLWD’S (Poor Women Living With Disabilities) പ്രോജക്ടിന്റെ ഔപചാരികമായ ഉദ്ഘാടനം 15.08.2020 ന് ഉച്ചകഴിഞ്ഞ 2.00 മണി മുതൽ 3.15 മണിവരെ നടത്തിയ മീറ്റിംഗിൽ വെച്ച്, മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ZOOM ആപ്പിലൂടെ നിർവ്വഹിച്ചു. സാധാരണക്കാരിൽ സാധാരണക്കാരും പാവപ്പെട്ടവരുമായ ഇറ്റലിയിലെ ആളുകൾ, വിധവയുടെ ചില്ലിക്കാശുപോലെ സംഭാവനയായി നൽകുന്ന തുകകൾ ചേർത്തു വെച്ചാണ് നമ്മെ സഹായിക്കുന്നതെന്നും, മറ്റുള്ളവരെ സഹായിക്കു വാനുള്ള ഈ മനോഭാവം നമ്മിലും വളർത്തിയെടുക്കണമെന്നും അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടന സന്ദേശത്തിൽ NDS അംഗങ്ങ ളോട് ആവശ്യപ്പെടുകയും ചെയ്തു.

പദ്ധതിയുടെ ആദ്യ പ്രവർത്തനമായി, പാവപ്പെട്ടവരും ശാരീരിക അവശത അനുഭവിക്കുന്നവരുമായ 100 സ്ത്രീകൾക്ക് കറവപശുക്കളെ വാങ്ങി വളർത്തുന്നതിന്, 40000.00 രൂപ വീതം ധനസഹായം നല്കുന്ന പ്രവർത്തനത്തിനും തുടക്കം കുറിച്ചു.

നീലഗിരി റീജിയണിലെ 10 യൂണിറ്റുകളിലെയും ഡയറ്കടർ അച്ചൻമാരും, യൂണിറ്റ് ഭാരവാഹികളും, അംഗങ്ങളും തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിലിരുന്നുകൊണ്ട് ZOOM ആപ്പിലൂടെ പങ്കെടുത്തു. വിമലഗിരി, ആറാട്ടുപാറ, അരുൾനിലയം യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും NDS ഓഫീസിൽ വരികയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് മീറ്റിംഗ് സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുകയും ചെയ്തു. മാനന്തവാടി രൂപതയുടെ വികാരി ജനറാൾ ബഹു. പോൾ മുണ്ടോളിക്കൽ അച്ചനും, നീലഗിരി റീജണൽ വികാർ ബഹു. വിൻസെന്റ് കളപ്പുരയ്ക്കൽ അച്ചൻ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബഹു. പോൾ കൂട്ടാല അച്ചൻ, NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ, WSSS പ്രോഗ്രാം ഓർഗനൈസർ ശ്രീ. ജോസ് സാർ, PWLWD's പ്രതിനിധി ശ്രീമതി സാലി തൊണ്ണംമാക്കൽ എന്നിവർ ഈ പദ്ധതിയെകുറിച്ച് സംസാരിക്കുകയും പദ്ധതിയുടെ വിജയിത്തിന് ആശംസകളും, ഭാവുകങ്ങളും അർപ്പിക്കുകയും ചെയ്തു. NDS പ്രോഗ്രാം കോഡിനേറ്റർ ശ്രീ. ജോഷി ഈ പദ്ധതിയുടെ വിശദാംശങ്ങളെകുറിച്ച് സംസാരിക്കുകയും, NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ സ്വാഗതവും, നന്ദിയും പറയുകയും ചെയ്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**July-August 2020**

1. Online classes are in progress through our Learning Manangement System (LMS) for blended learning. The Domain name is marymatha.vlms.net. Teachers are regularly preparing study material and circulating among the students. They upload many videos on What'sapp and also on Youtube for the benefit of the students.
2. The college website domain name was activated as www.marymathacollege.ac.in from this academic year 2020-21. All the users were requested to log in through this website name.
3. a) Dr Joseph K J, Associate Professor, Department of Malayalam,was the General Convenor of the International Webinar on Post Covid world organized by the College in June 2020 .

b) He gave a talk in the Weekly International Webinar organized by the Tamil University Tanjore, Tamil Nadu and delivered a lecture in Webinar organized S B College, Changanassery on 19 June 2020. It is shared in the Youtube for public view.

c) He also participated in a webinar series conducted by Sree Shankaracharya Sanskrit University, Kalady on Youtube.

4. Dr Mary Nirmala Borgia attended a webinar on Locust invasion-Challenges and Management strategies organised by AVV, Coimbatore, Tamil Nadu on 25th July 2020.
5. Mr. Binoy Joseph (Asst. Prof), Mr. Bibin Jose (Asst. Prof), Dr. Ramya Krishnan (Asst. Prof) and Ms Rajitha K M (Asst. Prof) attended one week online Faculty Development Programme on E-Content Development (from July 27 to 31, 2020) organized by Guru Angad Dev Teaching-Learning Centre of MHRD and Sanatan Dharma College, Ambala Cantt., Haryana.

6. Dr Bindu K Thomas (Asst Prof) attended webinarsand FDP on:

(i) "The upside of stress; staying psychologically fit and productive during the pandemic and beyond" & " Coping with stress during the 2019-ncovid out break" conducted by the Department of clinical psychology, Mizoram university on 10th July.

(ii) A webinar on "Mathematical Modelling of Infectious Diseases: Its relevance in time of Covid" & "Binary Recurrence sequences and its Arithmetic" conducted by Department of Mathematics and Computer Science, Mizoram university.

(iii) Faculty Development programme on "Online education in Higher Education institution" conducted by Faculty Development Center of the Kerala State Higher Education Council, Thiruvanathapuram. (July 13-17)

(iv) Webinar on " How to Submit a Winning Research Project Proposal" conducted by St. Joseph's College, Irinjalakkuda and Morning Star Home Science College, Angamaly (July 20).

(v) Online International Faculty Development Programme on "Applications and Techniques in Mathematics" conducted by Department of Science and Humanities, Sai Ram Institute of Technology, Chennai (July 20-24).

(vi) Short Term training programme on "MATLAB and Mathematica for Scientific Research" organized by Department of Mathematics, Arul Anandar College (Autonomous), Madurai. (July 27-29)

7. Dr Maria Martin Joseph (Principal):

(a) Participated in the webinar on "National Education Policy 2020: Radical or Rhetoric" organizedby SadhuVaswani Institute of Management Studies for Girls, Pune on 8th August 2020.

b) Attended the webinar on CHANGING ROLE OF PRINCIPAL organized by let's Talk Education India. Delhi. Resource persons were Fr. Felix Raj, Prof.John Varghese and Dr. Lalitha Balakrishnan.

c) SES College Srekandapuram organized a workshop for their staff in the Documentation for Revised NAAC Assessment and Accreditation Process for an Affiliated College - Dr Maria Martin Joseph was the resource person on the occasion.

d) Participated in a webinar 'Introducing the Skill oriented Courses in Universities and Colleges', organised by Andhra State Council for Higher Education.

e) Attended 5 days National e-Conference on Examination Transformation organized by Council of Examiners.

8. Admission for the year 2020-21 started on 5$^{th}$ July. Candidates can apply for the different programmes in Mary Matha Arts & Science College, Mananthavady, through the single window admission portal of Kannur University.

**Dr Maria Martin Joseph**
Principal

## Teachers Training Program

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന 44 സ്ക്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും വേണ്ടി, ആഗസ്റ്റ് 11, 12 ദിവസങ്ങളിൽ 'Online Teachers Training' നടത്തി. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് അദ്ധ്യാപനം എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പ്രോഗ്രാമിൽ 702 അദ്ധ്യാപകർ പങ്കെടുത്തു. Zoom Meeting, Jio Meeting, Google Meet, Google Form എന്നിവ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനവും നടത്തപ്പെട്ടു. ഫാ. സിജോ ഇളംകുന്നപ്പുഴ, ശ്രീ. ഷാജി സി. കെ. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## Visitor's Day

കോർപ്പറേറ്റ് ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കോർപ്പറേറ്റ് മാനേജരെ നേരിൽ കാണേണ്ട അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 01.00 മണി വരെ അവസരമുണ്ടായിരിക്കും. സന്ദർശകർ കോർപ്പറേറ്റ് ഓഫീസിലെ 04935 – 246929, 04935 – 241091 എന്നീ ഫോൺ നമ്പറുകളിൽ മുൻകൂട്ടി വിളിച്ച് സമയം ക്രമീകരിച്ച ശേഷം വരേണ്ടതാണ്.

## Online Education

വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഓൺലൈൻ ക്ലാസുകളുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലും ധാരാളം തുടർ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. ഓരോ വിദ്യാർത്ഥിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർ അവർക്ക് വേണ്ട പഠനപ്രവർത്തനങ്ങൾ കൊടുക്കുകയും, ഓൺലൈൻ പരീക്ഷകൾ നടത്തുകയും ചെയ്തു, ഇതിന് നേതൃത്വം നൽകിയ പ്രധാനാധ്യാപകർക്കും, അധ്യാപകർക്കും, അനധ്യാപകർക്കും അഭിനന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ